കേരള സർക്കാർ

# ബജറ്റ് പ്രസംഗം
# 2003-2004

കെ.ശങ്കരനാരായണൻ

ധനകാര്യ മന്ത്രി

2003 മാർച്ച് 14

# ഉള്ളടക്കം


പാർട്ട് എ ........ 4

സാമ്പത്തിക സ്ഥിതി ........ 4

ഡെറ്റ് മാനേജ്മെൻറിനുള്ള സിങ്കിങ്ങ് ഫണ്ട് ........ 6

സംസ്ഥാന സമ്പദ് വ്യവസ്ഥയുടെ വളർച്ച ........ 6

2003–04 ലെ വാർഷിക പദ്ധതി ........ 7

വികസനത്തിനുവേണ്ടിയുള്ള വിദേശ സഹായം ........ 8

പ്രാദേശിക സർക്കാരുകൾക്കുള്ള ഫണ്ടുവിതരണം ........ 9

കൃഷി ........ 10

കാർഷിക വില സ്ഥിരതാ ഫണ്ട് ........ 11

(Agricultural Price Stabilisation Fund) ........ 11

വ്യവസായം ........ 11

പരമ്പരാഗത വ്യവസായങ്ങൾ ........ 12

പരമ്പരാഗത വ്യവസായ സഹായനിധി ........ 12

(Traditional Industries Support Fund) ........ 12

ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങൾക്ക് വേണ്ടിയുള്ള പ്രത്യേക പദ്ധതികൾ ........ 14

സാമൂഹ്യ സുരക്ഷാ പദ്ധതി ........ 14

പാവങ്ങൾക്ക് സേവനം ലഭ്യമാക്കൽ ........ 14

ലക്ഷം വീട് കോളനികൾക്ക് പ്രത്യേക പദ്ധതി ........ 15

ക്ഷേമപദ്ധതികളുടെ കുടിശ്ശിക ........ 15

വിവരസാങ്കേതികവിദ്യ ........ 15

വിനോദസഞ്ചാരം ........ 16

മൃഗസംരക്ഷണം ........ 17

ജൈവ സാങ്കേതിക വിദ്യ ........ 18

മൽസ്യബന്ധനം ........ 18

വിദ്യാഭ്യാസം ........ 18

ആരോഗ്യം ........ 20

പ്രാദേശികസർക്കാരുകൾ ........ 21

തലസ്ഥാന നഗര വികസന പദ്ധതി ........ 23

പട്ടിക ജാതി വികസനം ........ 23

പട്ടിക വർഗ്ഗ വികസനം ........ 24

ആദിവാസികൾക്കായി അടിസ്ഥാനാവശ്യ നിർവ്വഹണ പദ്ധതി ........ 24

ഭൂരഹിത ആദിവാസികളുടെ പുനരധിവാസം ........ 25

മറ്റുപിന്നോക്ക വിഭാഗം ........ 25

പൊതുമരാമത്ത് ........ 26

ഗതാഗതം ........ 26

ജലസേചനം ........ 27

ശുദ്ധജലവിതരണവും ശുചീകരണവും ........ 28

വൈദ്യുതി മേഖല ........ 29

സിവിൽ സപ്ലൈസ് ........ 29

വനം ........ 30

സഹകരണം ........ 30

ശാസ്ത്ര–സാങ്കേതികവിദ്യ ........ 30

സാമൂഹ്യ ക്ഷേമം ........ 31
തൊഴിലും തൊഴിൽ പരിശീലനവും ........ 32
റവന്യൂ ........ 32
ഭവനനിർമ്മാണം ........ 33
സർക്കാർ ഓഫീസുകളുടെ നവീകരണം ........ 33
നിയമം ........ 34
സാംസ്കാരികം ........ 34
സ്പോർട്ട്സും യുവജനകാര്യങ്ങളും ........ 35
മലയോര തീരദേശ വികസന അതോറിറ്റികൾ ........ 35
ഇൻഫർമേഷനും പബ്ലിക് റിലേഷൻസും ........ 35
നോർക്ക ........ 36
ലോട്ടറി ........ 36
രജിസ്ട്രേഷൻ ........ 36
ട്രഷറികൾ ........ 36
വാണിജ്യ നികുതി ........ 37
എക്സൈസ് ........ 37
പോലീസും വിജിലൻസും ........ 38
പൊതുവായ നടപടികൾ ........ 39
- സർക്കാരുദ്യോഗസ്ഥർക്കായി പുതിയ ഭവന നിർമ്മാണ വായ്പാ പദ്ധതി ........ 39
- ജീവനക്കാർക്കുള്ള മെച്ചപ്പെട്ട മെഡിക്കൽ റീ ഇംപേഴ്സ്മെൻറ് സ്കീം ........ 39
- പെൻഷൻകാർക്കുള്ള പുതിയ മെഡിക്കൽ ഇൻഷ്വറൻസ് പദ്ധതി ........ 40
- വികലാംഗർക്കായുള്ള പുതിയ ഇൻഷ്വറൻസ് പദ്ധതി ........ 40
- അങ്കണവാടി വർക്കർമാർക്കും ഹെൽപ്പർമാർക്കും മെച്ചപ്പെട്ട പരിഗണന ........ 40

നിയമസഭാ സാമാജികരുടെ പ്രാദേശിക വികസന ഫണ്ട് ........ 40
പാർട്ട് ബി ........ 41
നികുതി നിർദ്ദേശങ്ങൾ ........ 41
പാർട്ട് സി ........ 46
ബജറ്റ് നിർദ്ദേശങ്ങളുടെ സംഗ്രഹം ........ 46
- 2002- 03ലെ പുതുക്കിയ എസ്റ്റിമേറ്റ് ........ 46
- 2003-2004ലെ ബജറ്റ് എസ്റ്റിമേറ്റുകൾ ........ 47

ഉപസംഹാരം ........ 48
- വികസന വർഷം 2003-2004 ........ 48

സർ,

അളവറ്റ ആത്മസംതൃപ്തിയും തികഞ്ഞ ആത്മ വിശ്വാസവുമായി 2003–04ലെ ബജറ്റ് ഞാൻ അവതരിപ്പിക്കുന്നു.

2. ഈയടുത്ത കാലത്ത് സംസ്ഥാനങ്ങളിൽ നടന്ന തെരഞ്ഞെടുപ്പിലൂടെ മഹത്തായ ഈ രാജ്യത്തിലെ ജനത വീണ്ടുമൊരിക്കൽ കൂടി ജനാധിപത്യത്തിന്റെ നെറുകയിൽ അഭിമാനത്തിന്റെ പൊൻതൂവലണിയിച്ചിരിക്കുന്നു. നമ്മുടെ രാഷ്ട്രത്തിന്റെ അസ്തിത്വത്തോട് അനാദരവ് കാട്ടാനുള്ള ഏതൊരു ശ്രമവും – അത് ദുഷ്ടലാക്കോടെ വർഗ്ഗീയ വാദം കെട്ടഴിച്ച് വിട്ടുകൊണ്ടോ മറ്റു ഛിദ്ര വാസനകൾ ഇളക്കി വിട്ടുകൊണ്ടോ ആവട്ടെ – ഫലപ്രാപ്തിയിലെത്തില്ലെന്ന് ഈ മഹാരാജ്യം ഒരിക്കൽകൂടി ഉറക്കെ പ്രഖ്യാപിച്ചിരിക്കുന്നു. ഇന്ത്യയുടെ ഏകാത്മകതയ്ക്കും ഐക്യത്തിനുമെതിരെയുള്ള ഏതൊരു കടന്നാക്രമണത്തെയും എതിർത്ത് തോൽപ്പിക്കത്തക്ക മെയ്‌വഴക്കമുള്ളതും ഛിദ്രശക്തികളുടെ ഗൂഢപദ്ധതികൾ തിരിച്ചറിഞ്ഞ് രാജ്യ താൽപര്യത്തിനെതിരെ നിൽക്കുന്ന എന്തിനെയും ചെറുത്ത് തോൽപ്പിക്കാൻ കെൽപ്പുള്ളതും പരിപക്വവും വിവേകപൂർവ്വവുമായ ജനാധിപത്യമാണ് ഇന്ത്യയിലേതെന്ന സന്ദേശം ഈ തെരഞ്ഞെടുപ്പ് ഫലം രാജ്യത്തിന്റെ മുക്കിലും മൂലയിലും മാറ്റൊലി കൊള്ളിച്ചിരിക്കുന്നു

3. ഇവിടെ, നമ്മുടെ സംസ്ഥാനത്ത്, യാഥാർത്ഥ്യബോധത്തോടെ ബദൽ പരിപാടികളൊന്നും നിർദ്ദേശിക്കാതെ എന്തിനെയും ഏതിനെയും എതിർക്കുന്നതിൽ ആനന്ദം കണ്ടെത്തുന്ന, തച്ചുടയ്ക്കാനല്ലാതെ കെട്ടിപ്പടുക്കാൻ തുനിയാത്ത, മുന്നോട്ട് കുതിക്കാൻ പ്രേരിപ്പിച്ചുകൊണ്ട് എമ്പാടും ചൊരിയുന്ന പ്രത്യാശയുടെ കിരണങ്ങൾ കാണാൻ കൂട്ടാക്കാതെ ദോഷൈകദൃക്കുകളായി പരാജയഭീതി പരത്തുന്ന ചിലരുടെ അപശബ്ദം ഉയർന്നു കേൾക്കുന്നുണ്ട്. ഇതിൽ ഏറ്റവും അവസാനത്തേത്, വളർച്ചയും വികസനവും സംബന്ധിച്ച അടിസ്ഥാന കാര്യങ്ങളിൽ പ്രതികരിക്കാൻ പരാജയപ്പെട്ടവർ അതിൽ നിന്ന് ജന ശ്രദ്ധതിരിച്ചു വിടാനായി ആദിവാസികളുടെ പ്രശ്നങ്ങൾ ഉയർത്തിക്കാട്ടാനെന്ന നാട്യത്തിൽ, ജനങ്ങളിൽ വിഭാഗീയത വളർത്താൻ നടത്തുന്ന ശ്രമങ്ങളാണ്. വിരോധാഭാസമെന്ന് പറയട്ടെ. സഹായിക്കാൻ കഴിയുമായിരുന്ന കാലത്ത് ആദിവാസികൾക്കു വേണ്ടി ചെറുവിരലനക്കാത്തവർ ഇപ്പോഴാടുന്ന നാടകം വിദൂഷക ഭാവം കൈവരിച്ചു കഴിഞ്ഞിരിക്കുന്നു.

# പാർട്ട് എ

## സാമ്പത്തിക സ്ഥിതി

4. സർ, 2001 മേയിൽ നാം അഭിമുഖീകരിച്ച സാമ്പത്തിക പ്രതിസന്ധിയിൽ നിന്ന് കരകയറുമെന്ന് 2001 ജൂലായിലെ ബജറ്റവതരണവേളയിൽ ഞാൻ ഈ മഹനീയ സഭയ്ക്ക് വാഗ്ദാനം ചെയ്തത് തെല്ല് ഭയത്തോടെയും, തട്ടിക്കൂട്ടി സംഭരിച്ച ധൈര്യത്തോടെയുമായിരുന്നു. സർ, അങ്ങയുടെ പിൻതുണയോടെയും ഈ മഹനീയ സഭയുടെ സഹകരണത്തോടെയും ആ വാഗ്ദാനം പാലിക്കാൻ നിരവധി കാര്യങ്ങൾ നാമൊരുമിച്ച് ചെയ്തു കഴിഞ്ഞു. തിരിഞ്ഞ് നോക്കുമ്പോൾ, സാമ്പത്തിക പ്രതിസന്ധി തരണം ചെയ്യാനുള്ള പാതയിൽ കഴിഞ്ഞ രണ്ട് വർഷക്കാലം കൊണ്ട് നാം ഏറെ മുന്നേറി കഴിഞ്ഞെന്ന് എളിമയോടെ ഞാൻ മനസ്സിലാക്കുന്നു. ഇരുപത്തിരണ്ട് മാസം മുമ്പ് സംസ്ഥാനം ഗുരുതരമായ ധനകമ്മിയുടെയും, സാമ്പത്തിക ഞെരുക്കത്തിന്റെയും പിടിയിലായിരുന്നു. റവന്യൂ വർദ്ധനയുടെ തോതിനെ ഏറെയേറെ പിന്നിലാക്കി കൊണ്ട് ഓരോ വർഷവും ചെലവ് കൂടികൊണ്ടിരുന്നത് മൂലം സൃഷ്ടിക്കപ്പെട്ട കമ്മിയും, കടബാദ്ധ്യതയും എളുപ്പം തരണം ചെയ്യാവുന്ന തോതിലുള്ളതായിരുന്നില്ല. മുൻപിൻനോട്ടമില്ലാതെ, കൈവിട്ട് ചെലവഴിക്കുന്ന ശീലം തുടർന്നുകൊണ്ടിരുന്നതിനാൽ സംസ്ഥാന പദ്ധതികളുടെ സാംഗത്യം തന്നെ അട്ടിമറിക്കപ്പെട്ടിരുന്നു. സർവ്വോപരി, ഇതുമൂലം ജനങ്ങൾക്കാവശ്യമുള്ള അത്യാവശ്യസേവനങ്ങൾ നൽകാനുള്ള കഴിവ് മാത്രമല്ല, വരും കാലങ്ങളിലെ വികസനത്തിനായി ദീർഘവീക്ഷണത്തോടെ കാമ്പുള്ള പദ്ധതികളാസൂത്രണം ചെയ്യാനുള്ള കഴിവ് പോലും ചോർന്നു പോയിരുന്നു.

5. സർ, എന്റെ ആദ്യത്തെ ബജറ്റ്, തെറ്റ് മുൻകൊല്ലങ്ങളിൽ ചെയ്തു കൂട്ടിയ കെടുതികൾ ഇല്ലായ്മ ചെയ്യാനുള്ള ഒരു തിരുത്തൽ ബജറ്റായിരുന്നു. എന്റെ രണ്ടാമത്തെ ബജറ്റ് നമ്മുടെ സാമ്പത്തിക സംവിധാനത്തിന്റെ നെടുംതൂണുകളുറപ്പിച്ചു നിർത്തുന്നതിന് പ്രാധാന്യം കൊടുത്തുകൊണ്ടുള്ളതായിരുന്നു. ഞാനിന്നിസഭയിലവതരിപ്പിക്കുന്ന ബജറ്റാവട്ടെ കാര്യക്ഷമത, ആധുനികവൽക്കരണം എന്നിവയ്ക്ക് സവിശേഷ പ്രാധാന്യം നൽകികൊണ്ട് ശീഘ്രഗതിയിലുള്ള സാമൂഹ്യ വികസനവും ദരിദ്രജനവിഭാഗങ്ങളുടെ സാമ്പത്തിക വികസനവും കൈവരിക്കുന്നത് സംബന്ധിച്ചുള്ളതാണ്. സാമ്പത്തിക നയപരിപാടികളെ സംബന്ധിച്ച വ്യക്തമായ കാഴ്ചപ്പാടോടെ സുചിന്തിതമായ വികസന പാതയിലൂടെ നാം മുന്നേറിക്കൊണ്ടിരിക്കുകയാണെന്ന് ബഹുമാനപ്പെട്ട അംഗങ്ങൾ മനസ്സിലാക്കുമെന്നെനിക്കുറപ്പുണ്ട്. കാര്യക്ഷമമായ സാമ്പത്തിക മാനേജ്മെന്റ് പുന:സ്ഥാപിക്കുന്നതിന് അത്യാവശ്യം വേണ്ട കാര്യങ്ങൾ നാം ചെയ്തു കഴിഞ്ഞു. സാമ്പത്തിക ഞെരുക്കം സർക്കാരിന്റെ നയങ്ങൾ നടപ്പാക്കുന്നതിനൊരു തടസ്സമാവില്ലെന്ന് നാമുറപ്പാക്കിയിട്ടുണ്ട്. സർ, നമ്മുടെ കടുത്ത തീരുമാനങ്ങൾക്കും അപ്രിയ നടപടികൾക്കും സദ്ഫലങ്ങൾ കണ്ടു തുടങ്ങിയിട്ടുണ്ടെന്ന് ബോധിപ്പിക്കാൻ എനിക്കതിയായ സന്തോഷമുണ്ട്. ഇക്കഴിഞ്ഞ രണ്ട് വർഷക്കാലം ഞാൻ നടപ്പാക്കികൊണ്ടിരുന്ന സാമ്പത്തിക നയത്തിന് രണ്ട് മാനങ്ങളുണ്ട്. ഒന്ന്, വികസന ലക്ഷ്യം കൈവരിക്കാനുതകുന്ന സക്രിയ സാമ്പത്തിക മാനേജ്മെന്റിലൂടെ പദ്ധതികൾ വിജയകരമായി നടപ്പാക്കുകയും അതുവഴി സമ്പദ്‌വ്യവസ്ഥയുടെ വിപുലീകരണത്തെ പ്രോൽസാഹിപ്പിക്കുകയും ചെയ്യുക. രണ്ടാമതായി, തിരിമറിക്കും ദുർവ്യയ ത്തിനും ഒരു പഴുതും കൊടുക്കാതെ ജനങ്ങളുടെ പണം

ചെലവാക്കുമ്പോൾ ധാരാളിത്തവും ധൂർത്തും അനുവദിക്കില്ലെന്ന ദൃഢനിശ്ചയത്തോടെയുള്ള ചെലവ് നിയന്ത്രണ സംവിധാനം.

6. നമ്മുടെ ഖജനാവിൽ ജനങ്ങൾക്കുള്ള വിശ്വാസം വീണ്ടെടുക്കുമെന്ന് ഈ സർക്കാർ വാഗ്ദാനം നൽകിയിരുന്നു. ഇന്നിപ്പോൾ ബില്ലുകളും ചെക്കുകളും മാറിക്കൊടുക്കുന്ന കാര്യത്തിൽ സംസ്ഥാനത്തെ ട്രഷറികൾ ഏറെ മെച്ചപ്പെട്ട സ്ഥിതിയിലാണ്. ട്രഷറിയിൽ നിന്ന് പണം കിട്ടാൻ ഇപ്പോൾ ജനങ്ങൾ ആശങ്കയോടെ നീണ്ട മാസങ്ങൾ കാത്തിരിക്കേണ്ടതില്ല. പ്രാദേശിക സർക്കാരുകളുടെ പദ്ധതികൾ നടപ്പാക്കാൻ എപ്പോൾ പണം കിട്ടുമെന്നോർത്ത് നട്ടംതിരിയേണ്ട ഗതികേട് ഇന്നവർക്കില്ല. വികസന ചെലവ് സംബന്ധിച്ച ഭയാനകമായ അനിശ്ചിതത്വവും അരാജകത്വവും മെച്ചപ്പെട്ട ധനകാര്യ മാനേജ്മെൻറ് വഴി ചിട്ടയായ പ്രവർത്തനത്തിന് വഴി മാറിക്കൊടുത്തിരിക്കുന്നു 2000–01 മുതൽ 2001–02വരെ ഓരോ വർഷവും 210 ദിവസത്തിൽ കൂടുതൽ റിസർവ്വ് ബാങ്കിൽ ഓവർ ഡ്രാഫ്റ്റായിരുന്ന സംസ്ഥാനത്ത്, 2002–03 അവസാനത്തോടെ ഇത് കാര്യമായി കുറയ്ക്കുവാൻ നമുക്ക് സാധിക്കും.

7. സർക്കാർ ചെലവുകൾ നിയന്ത്രിക്കുമെന്നും വരുമാനം വർദ്ധിപ്പിക്കുമെന്നും നമ്മുടെ ധനകാര്യസ്ഥിതി ചിട്ടപ്പെടുത്തുമെന്നും ഈ സർക്കാർ ഉറപ്പു നൽകിയിരുന്നു. ഇന്ന്, പുതിയ ചെലവുകൾ സംബന്ധിച്ച ഓരോ തീരുമാനവും സൂക്ഷിച്ചും അവധാനതയോടുകൂടിയും ലാഘവത്തോടെ ഒരിക്കലും എടുക്കാറില്ല. വികസന ചെലവിൽ വർദ്ധനയുണ്ടായിട്ടുപോലും റവന്യു കമ്മി ഗണ്യമായി കുറച്ച് കഴിഞ്ഞ വർഷത്തേക്കാൾ താഴ്ന്ന തോതിൽ 1898.67 കോടി രൂപയിൽ പരിമിതപ്പെടുത്തുവാൻ കഴിഞ്ഞു. കഴിഞ്ഞ രണ്ടു വർഷമായി കമ്മി കുറയ്ക്കുന്നതിലും കട ബാദ്ധ്യത നിയന്ത്രണ വിധേയമാക്കുന്നതിലും വിജയം കൈവരിച്ചുവെന്നത് എനിക്ക് അഭിമാനത്തോടുകൂടി പറയാൻ കഴിയും. 2001–02 ൽ ധനകമ്മി 16 ശതമാനം കുറഞ്ഞു. മൊത്തം കടബാദ്ധ്യത 1999–2000ൽ 28.51 ശതമാനവും 2000–01ൽ 18.55 ശതമാനവും വർദ്ധിച്ചപ്പോൾ 2001–02ൽ വളർച്ചാ നിരക്ക് 12.68 ശതമാനം ആയി പിടിച്ചു നിർത്തുവാൻ കഴിഞ്ഞു ഏറ്റവും ഒടുവിലത്തെ സൂചനകളനുസരിച്ച് 2003 മാർച്ച് അവസാനത്തോടു കൂടി വിൽപന നികുതിയിൽ നിന്നുള്ള വരുമാനത്തിൽ മാത്രം 20 ശതമാനം വർദ്ധനയുണ്ടാകും. മറ്റു സംസ്ഥാനങ്ങളിൽ 5 മുതൽ 14 ശതമാനം വരെ മാത്രം വർദ്ധന രേഖപ്പെടുത്തുമ്പോഴാണ് നാം ഈ നേട്ടം കൈവരിച്ചതെന്നത് ശ്രദ്ധേയമാണെന്ന് ഞാൻ ഓർമ്മിപ്പിക്കട്ടെ. കഴിഞ്ഞ വർഷത്തെ ബജറ്റിൽ എടുത്തു പറയത്തക്ക നികുതി വർദ്ധനയില്ലാതെ തന്നെ ഈ നേട്ടം കൈവരിക്കാനായി എന്നത് എനിക്ക് കൂടുതൽ ചാരിതാർത്ഥ്യത്തിന് വക നൽകുന്നു. നമ്മുടെ നികുതിദായകരുടെ പിൻതുണയോടെയുള്ള നല്ല നികുതി ഭരണത്തിലൂടെ ധനകാര്യ മാനേജ്മെൻറ് മെച്ചപ്പെടുത്തുവാനുള്ള ഈ ഗവൺമെൻറിൻെറ പ്രതിബദ്ധത തെളിയിക്കുന്ന ഇതിനേക്കാൾ ഉത്തമമായ ദൃഷ്ടാന്തമെന്തുണ്ട്

8. ഈ മഹനീയ സഭയിൽ ചർച്ചചെയ്ത് അംഗീകരിക്കുന്ന ബജറ്റ് നിർദ്ദേശങ്ങൾ വർഷം മുഴുവൻ പാലിക്കപ്പെടുമെന്ന് ഉറപ്പു വരുത്തുകയും, അങ്ങനെ ബജറ്റിൻെറ പവിത്രത വീണ്ടെടുക്കുമെന്നും അക്കൗണ്ടബിലിറ്റി വർദ്ധിപ്പിക്കുമെന്നും ഈ ഗവൺമെൻറ് വാഗ്ദാനം ചെയ്തിരുന്നു. ഇതിലേക്കായി നിരവധി സുപ്രധാന പരിഷ്ക്കരണ നടപടികളും എടുത്തുകഴിഞ്ഞിട്ടുണ്ട്. ഒരു പ്രശസ്ത "പബ്ളിക് ഫിനാൻസ്" വിദഗ്ദ്ധൻ പറഞ്ഞതുപോലെ, "ഒരു കാലഘട്ടത്തിൻെറ പരിഹാര മാർഗ്ഗങ്ങൾ മറ്റൊരു കാലഘട്ടത്തിൻെറ പ്രശ്നങ്ങളായി പരിണമിക്കുന്നു." അതുകൊണ്ടുതന്നെയാണ് സ്റ്റേറ്റ് ഫിസ്ക്കൽ റെസ്പോൺസബിലിറ്റി ബിൽ ഈ സഭയിൽ അവതരിപ്പിക്കാനുള്ള നടപടികളുമായി ഗവൺമെൻറ് മുന്നോട്ടു പോകുന്നത്. ഈ നിയമ നിർമ്മാണം നമ്മെ യുക്തിസഹമായ ധനകാര്യ മാനേജ്മെൻറിന് പരമപ്രധാന്യം നൽകുന്ന ഒരു പുതിയ പെരുമാറ്റചട്ടവുമായിബന്ധിതമാക്കുകയും എല്ലാ തെരഞ്ഞെടു ക്കപ്പെട്ട ഗവൺമെൻറുകൾക്കും അത് പിൻ

തുടരേണ്ടത് നിയമപരമായ ബാദ്ധ്യത ആക്കുകയും ചെയ്യും. സംസ്ഥാന സാമ്പത്തികചരിത്രത്തിലെ ഏറ്റവും നിർണ്ണായകമായ നമ്മുടെ ഈ കാൽവയ്പിലൂടെ ഭാവി തലമുറയ്ക്ക് അവരുടെ നിയമാനുസൃത അവകാശങ്ങൾ ഉത്തരവാദിത്വബോധമില്ലാത്ത സർക്കാരുകൾ പണയപ്പെടുത്തുമെന്ന ഭീഷണി നേരിടേണ്ടിവരികയില്ല. ബജറ്റ് വിഹിതം ട്രഷറി പബ്ളിക് അക്കൗണ്ടിലേക്ക് മാറ്റിക്കൊണ്ട് യഥാർത്ഥമായി ചെലവുകൾ നടത്താതെ, സാങ്കൽപികമായി ചെലവുകൾ രേഖപ്പെടുത്തി കണക്കുകളിൽ വെള്ളപൂശുന്ന രീതി ഈ സർക്കാരിൻെറ ഭാഗത്ത് നിന്നും ഉണ്ടാവുകയില്ല. മറിച്ച്, ഈ സഭ മുമ്പാകെ അവതരിപ്പിക്കുന്നത് യഥാർത്ഥത്തിൽ ചെലവഴിച്ച തുകകളുടെ കണക്കുകൾ മാത്രമായിരിക്കും. സർക്കാർ വകുപ്പുകൾ ബജറ്റ് വിഹിതം ട്രഷറി പബ്ളിക് അക്കൗണ്ടിലേക്ക് മാറ്റുന്ന പതിവ് ഈ സർക്കാർ പൂർണ്ണമായും നിർത്തി. വേണ്ടതിലധികം കടം വാങ്ങുന്ന ദുഷ്പ്രവണത ഒഴിവാക്കുന്നതിലേക്കായി ഗവൺമെൻറ് ഗ്യാരണ്ടി നിൽക്കുന്ന സംഖ്യയ്ക്ക് പരിധി നിർണ്ണയിക്കുന്ന ബിൽ ഈ സഭയുടെ മുമ്പാകെയുണ്ട്. ഉയർന്ന പലിശയ്ക്കെടുത്ത കടങ്ങൾ ഘട്ടംഘട്ടമായി കുറച്ചുകൊണ്ടുവരുന്നതിന് കേന്ദ്രസർക്കാർ പ്രഖ്യാപിച്ച ഡെറ്റ് സ്വാപ് പദ്ധതിയിൽ നാം പങ്കെടുക്കുകയാണ്. ഇതിനകം തന്നെ 258 കോടി രൂപയുടെ ഉയർന്ന പലിശയ്ക്കെടുത്ത കടം വീട്ടിക്കഴിഞ്ഞു.

## ഡെറ്റ് മാനേജ്മെൻറിനുള്ള സിങ്കിങ് ഫണ്ട്

9 സംസ്ഥാനത്തിൻെറ വർദ്ധിച്ചു വരുന്ന കടബാദ്ധ്യത ഭാവിയിൽ സംസ്ഥാനത്തിൻെറ ധനകാര്യ സംവിധാനത്തെ സ്തംഭിപ്പിക്കുന്ന അവസ്ഥ സംജാതമാകില്ലെന്ന് ഉറപ്പാക്കാൻ പൊതു വിപണിയിൽ നിന്ന് സ്വരൂപിക്കുന്ന കടം തിരികെ കൊടുക്കുവാനായി ഒരു സിങ്കിങ് ഫണ്ട് സൃഷ്ടിക്കുവാൻ ഉദ്ദേശിക്കുന്ന വിവരം പ്രഖ്യാപിക്കുവാൻ എനിക്ക് അതിയായ സന്തോഷമുണ്ട്. ഈ ഫണ്ടിലേക്ക് ഓരോ വർഷവും തൊട്ടുമുൻവർഷം മാർക്കറ്റ് ലോൺസിൽ ബാക്കി നിൽക്കുന്ന തുകയുടെ 1.5 ശതമാനത്തിന് തുല്യമായ തുക സർക്കാർ മാറ്റിവയ്ക്കും. അടുത്ത മൂന്നു മാസത്തോടെ ഈ ഫണ്ട് പ്രവർത്തനക്ഷമമാകുന്നതാണ്.

10 ഇതൊക്കെയാണെങ്കിലും നമ്മുടെ ധനസ്ഥിതിയെ സംബന്ധിച്ചിടത്തോളം അലസതയ്ക്കിടമില്ല. വർഷങ്ങളായി കുമിഞ്ഞുകൂടിയ സംസ്ഥാനത്തിൻെറ കടബാദ്ധ്യത ഏറ്റവും കൂടുതലുള്ള സംസ്ഥാനങ്ങളിലൊന്നായി തുടർന്നുകൊണ്ടിരിക്കുന്നു. ധനകമ്മിയുടെ അനുപാതത്തിൽ നോക്കിയാൽ നമ്മുടെ റവന്യൂ കമ്മിയും രാജ്യത്ത് ഏറ്റവും കൂടുതൽ നിലനിൽക്കുന്ന സംസ്ഥാനങ്ങളോടൊപ്പമാണെന്നതും നേരാണ്. എന്നാൽ ഏറ്റവും ദുർഘടാവസ്ഥ പിന്നിട്ട് ശരിയായ ദിശയിലേക്കുള്ള പ്രയാണം നാം തുടങ്ങിക്കഴിഞ്ഞു.

## സംസ്ഥാന സമ്പദ് വ്യവസ്ഥയുടെ വളർച്ച

11. 2002-03ൽ കേന്ദ്ര സർക്കാർ പ്രതീക്ഷിച്ച സാമ്പത്തിക വളർച്ചാ നിരക്ക് സാമ്പത്തിക സർവ്വേയിൽ 4.4 ശതമാനമായി കുത്തനെ കുറയ്ക്കേണ്ടി വന്നത് ഈ മഹനീയ സഭാംഗങ്ങൾ അൽപം ആശങ്കയോടെ മനസ്സിലാക്കിയിരിക്കുമല്ലോ. ദേശീയ സമ്പദ് വ്യവസ്ഥയ്ക്ക് മാന്ദ്യം ബാധിച്ചുവെങ്കിലും ഭാഗ്യവശാൽ ദേശീയ വളർച്ചാ നിരക്കിനെക്കാളും ഉയർന്ന 4.82ശതമാനം യഥാർത്ഥ വളർച്ചാ നിരക്ക് നമുക്ക് കൈവരിക്കാൻ കഴിഞ്ഞു. ഇക്കാരണത്താലാണ് നമ്മുടെ ധനകാര്യ നയത്തിലെ ക്രിയാത്മക സമീപനത്തിന് നല്ല ഫലപ്രാപ്തിയുണ്ടായെന്ന് ഞാൻ വിശ്വസിക്കുന്നത്. ഇത്, കാർഷിക രംഗത്തെ, പ്രത്യേകിച്ചും നമ്മുടെ പ്രധാന വിളകൾ ഇപ്പോഴും നേരിട്ടുകൊണ്ടിരിക്കുന്ന പ്രതിസന്ധിയുടെ ആഘാതം കുറയ്ക്കുന്നതിൽ പ്രധാന പങ്കു വഹിച്ചു. ദേശീയ സമ്പദ്

വ്യവസ്ഥയുടെ മന്ദഗതിയിലുള്ള വളർച്ചയുടെ പ്രതികൂല സ്വാധീനത്തിൽ നിന്നും നമ്മെ രക്ഷിക്കുവാനും ഇത് സഹായിച്ചു.

12. നമ്മുടെ വിമർശകർ ദുഷ്പ്രവചനങ്ങൾ വേണ്ടുവോളം നടത്തിയെങ്കിലും ആഗോള നിക്ഷേപക സംഗമം വളരെ വിജയകരമായി നടത്തുവാൻ നമുക്കു കഴിഞ്ഞു. പക്ഷേ ഇതിനേക്കാളും പ്രാധാന്യമർഹിക്കുന്ന കാര്യം ഇത് നമ്മുടെ കണ്ണ് തുറപ്പിച്ചു എന്നുള്ളതാണ്. നാം ഈ സംഗമത്തിലൂടെ കടന്നുപോയപ്പോൾ കേരളത്തിലെ ഭൂരിപക്ഷം ജനങ്ങളുടെയും സിരകളിൽ ത്രസിച്ച ആവേശം, ഇത് സാദ്ധ്യതകളുടെ നാടാണ് എന്ന നമ്മുടെ ശുഭപ്രതീക്ഷയെ ശരിവയ്ക്കുന്നതാണ്. നമ്മുടെ നാട്ടിൽ നിന്നും നിക്ഷേപകർ സ്ഥാപനങ്ങൾ അടച്ചു പൂട്ടി സംസ്ഥാനത്തിനു പുറത്തേക്ക് ഒഴിഞ്ഞു പോകുന്നതും നമ്മുടെ യുവജനങ്ങൾ നാടും വീടും ഉപേക്ഷിച്ച് അന്യദേശങ്ങളിൽ ഭാവി കരുപ്പിടിപ്പിക്കാൻ നിർബന്ധിതരാവുകയും ചെയ്യുന്ന അവസ്ഥ എക്കാലവും പിൻതുടരാൻ കഴിയുകയില്ലാ എന്ന് കേരള ജനത സുദൃഢമായി തീരുമാനിച്ചു കഴിഞ്ഞു. ജനങ്ങൾ ശുഭാപ്തി വിശ്വാസവും ആത്മവിശ്വാസവും പ്രദർശിപ്പിച്ച ഈ അവസരത്തിൽ ഞാൻ അവതരിപ്പിക്കുന്ന ഈ ബഡ്ജറ്റ് കേരളത്തിന്റെ സമ്പദ്‌വ്യവസ്ഥയെ കൂടുതൽ ശക്തിപ്പെടുത്തി ഊർജ്ജസ്വലമാക്കുമെന്ന് ഞാൻ ആത്മാർത്ഥമായി വിശ്വസിക്കുന്നു. വർത്തമാനകാലം നിരന്തരമുയർത്തുന്ന വെല്ലുവിളികളെ നേരിടുന്നതോടൊപ്പം ഭാവിയിലെ വെല്ലുവിളികളെ ഫലപ്രദമായി നേരിടുന്നതിനുള്ള പാതയൊരുക്കുന്നതിനും കൂടി ഉദ്ദേശിച്ചാണ് ഞാനിന്നവതരിപ്പിക്കുന്ന ബഡ്ജറ്റിന് രൂപം നൽകിയിട്ടുള്ളത്.

## 2003–04 ലെ വാർഷിക പദ്ധതി

13. പത്താം പഞ്ചവത്സര പദ്ധതിക്ക് പ്ലാനിംഗ് കമ്മീഷൻ അംഗീകരിച്ച സ്ഥിര വില നിലവാരത്തിലുള്ള ആകർഷകമായ 24,000 കോടി രൂപയുടെ പദ്ധതി നടപ്പിലാക്കാനുള്ള പാതയിലൂടെ ഈ ഗവൺമെന്റ് മുന്നേറിക്കൊണ്ടിരിക്കുകയാണ് 2003–04ൽ നമുക്ക് 4350 കോടി രൂപയുടെ മതിപ്പുളവാക്കുന്ന വാർഷിക പദ്ധതി ആവിഷ്ക്കരിക്കുവാൻ കഴിഞ്ഞു. ഇതിൽ വിവിധ മേഖലകളിലായി ഭരണ നവീകരണ പദ്ധതിയ്ക്ക് 513.35 കോടി രൂപ ലഭ്യമാണ്. പ്രാദേശിക സർക്കാരുകളുടെ പദ്ധതികൾക്കു വേണ്ടി എന്റെ ബഡ്ജറ്റിൽ 1317 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഭരണ നവീകരണ പദ്ധതിക്കുവേണ്ടി വകയിരുത്തിയിട്ടുള്ള വിഹിതത്തിൽ നല്ലൊരു പങ്ക് പ്രാദേശിക സർക്കാരുകൾ വഴി ചെലവാക്കുവാനുള്ളതാണ്. യഥാർത്ഥത്തിൽ പ്രാദേശിക സർക്കാരുകൾക്ക് പതിവായി നൽകുന്ന വാർഷിക പദ്ധതി അടങ്കലിന്റെ മൂന്നിലൊന്ന് ഈ നടപടിയിലൂടെ അധികരിക്കുമെന്ന് ഈ മഹനീയ സഭയ്ക്ക് ഉറപ്പു നൽകുവാൻ എനിക്ക് സന്തോഷമുണ്ട്. പ്രത്യേക ഘടക പദ്ധതിക്കും ഗിരിവർഗ്ഗ ഉപപദ്ധതിക്കും വേണ്ടി, ഭരണനവീകരണ പദ്ധതിയിൽ വകയിരുത്തിയ തുക ഉൾപ്പെടാതെ തന്നെ, 12.25 ശതമാനത്തിൽ അധികം തുക വകയിരുത്തിയിട്ടുണ്ട് എന്ന് ഞാൻ പ്രത്യേകം എടുത്തു പറയട്ടെ. ഭരണ നവീകരണ പദ്ധതിയിൽ പട്ടികജാതി / പട്ടിക വർഗ്ഗ വിഭാഗങ്ങൾക്ക് പ്രയോജനപ്പെടുന്ന പദ്ധതികൾക്ക് പ്രാമുഖ്യം നൽകുന്നതിനാൽ ഈ വിഭാഗങ്ങൾക്കുള്ള അടങ്കൽ ഇനിയും വർദ്ധിക്കുമെന്ന വസ്തുത ഈ സഭയെ അറിയിക്കുവാൻ എനിക്ക് സന്തോഷമുണ്ട്. വിവിധ മേഖലകളിലെ പുതിയ പദ്ധതികൾക്കു പുറമേ ഇപ്പോൾ ആകർഷകമായ പലിശക്ക് ലഭിക്കുന്ന നബാർഡിന്റെ ഗ്രാമീണ അടിസ്ഥാന സൗകര്യ വികസന ഫണ്ടിൽ നിന്നു കൂടുതൽ തുക നേടിയെടുക്കുക എന്നുള്ളതാണ് 2003–04 വാർഷിക പദ്ധതിയുടെ ഒരു പ്രത്യേകത. ഈ ഫണ്ടിൽ നിന്നും 400 കോടി രൂപ ലഭ്യമാക്കുകയും മുൻഗണനാടിസ്ഥാനത്തിൽ ഗ്രാമീണ മേഖലയിലെ അടിസ്ഥാന സൗകര്യ വികസന പദ്ധതികൾക്കുവേണ്ടി പ്രത്യേകിച്ച് ദാരിദ്ര്യരേഖക്ക് താഴെയുള്ളവർക്ക് പ്രയോജനപ്പെടുന്നവയിൽ, വിനിയോഗിക്കുവാനുമാണ് ഉദ്ദേശിക്കുന്നത്.

14. പത്താം പദ്ധതിയിൽ ദാരിദ്ര്യ നിർമ്മാർജ്ജനത്തിനും, തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും വരുമാനം വർദ്ധിപ്പിക്കുന്നതിനുമായി പ്രാദേശിക സാമ്പത്തിക വികസനത്തിന് മുൻഗണന നൽകിയിട്ടുണ്ട്. ദാരിദ്ര്യനിർമ്മാർജ്ജനത്തിനായി ഒരു ഉപ പദ്ധതി തയ്യാറാക്കിയ ആദ്യ സംസ്ഥാനമാണ് കേരളം. കേരള വികസന പദ്ധതിയുടെ കുടക്കീഴിൽ ഇതിലേക്കായി വിവിധ പരിപാടികൾ ആരംഭിച്ചിട്ടുണ്ട്. കാര്യക്ഷമമായ ഭരണസംവിധാനങ്ങൾ സൃഷ്ടിക്കുക, കാര്യശേഷി വർദ്ധിപ്പിക്കുക, ഉത്തരവാദിത്വം ഉറപ്പുവരുത്തുക പ്രാദേശിക സർക്കാരുകളെ വികസന പാതയിൽ വേഗതയോടും കാര്യക്ഷമതയോടും കൂടിയും നയിക്കുക എന്നീ കാര്യങ്ങൾക്കാണ് ഊന്നൽ നൽകിയിട്ടുള്ളത്.

## വികസനത്തിനുവേണ്ടിയുള്ള വിദേശ സഹായം

15. എ.ഡി.ബി.യും ഡച്ച് സർക്കാരും ധനസഹായം നൽകുന്ന ഭരണ നവീകരണത്തിനും സാമ്പത്തിക പരിഷ്ക്കരണത്തിനും വേണ്ടി, കേന്ദ്ര സർക്കാരിൽ നിന്ന് 601.30 കോടി രൂപ ആദ്യ ഗഡുവായി ലഭിച്ചിട്ടുണ്ട്. എ.ഡി.ബി. വായ്പ സംബന്ധിച്ച രേഖകൾ ഈ സഭയിലെ ബഹുമാനപ്പെട്ട അംഗങ്ങൾക്ക് ലഭ്യമാക്കിയിട്ടുണ്ട്. ചർച്ചകളുടെ ഒരു ഘട്ടത്തിലും സംസ്ഥാനത്തിന്റെ പൊതു താൽപര്യത്തിന് ഹാനികരമായ യാതൊന്നും സർക്കാർ അംഗീകരിച്ചിട്ടില്ല എന്ന് ഇപ്പോൾ എല്ലാവരും മനസ്സിലാക്കിയിരിക്കും. ധനസഹായത്തിന്റെ ഒരു ഭാഗം സംസ്ഥാന ഖജനാവിന് സാമ്പത്തിക സമാശ്വാസമേകാനുള്ളതാണ്. എ.ഡി.ബി. - ഡച്ച് സർക്കാരിൽ നിന്നുമുള്ള ഈ വായ്പ കൊണ്ട് ആർക്കാണ് പ്രയോജനം എന്ന് ചിലർ ചോദിക്കുന്നുണ്ട്. അധഃസ്ഥിതരും അടിച്ചമർത്തപ്പെട്ടവരുമായ ജനവിഭാഗത്തിന് പ്രയോജനകരമായ പദ്ധതികൾ നടപ്പാക്കുന്നതിൽ ഈ സർക്കാർ കൂടുതൽ പ്രതിബദ്ധത പ്രകടിപ്പിച്ചിട്ടുണ്ടെന്ന് സംശയലേശമന്യേ പറയാൻ കഴിയും. നമ്മുടെ ഈ ദീർഘകാല നയം തന്നെയാണ് ഭരണ നവീകരണ പരിപാടിയിലും പ്രതിഫലിക്കുന്നത്. വിവിധ വകുപ്പുകളുമായി ബന്ധപ്പെട്ട ഭംഗിയായി രൂപകൽപന ചെയ്ത 100ൽപ്പരം പരിപാടികളുടെ ഒരു സമാഹാരമാണ് ഭരണ നവീകരണ പരിപാടി. ഇതിലെ ഓരോ നടപടിയും ഭരണ സംവിധാനത്തിൽ ദശകങ്ങളായി കടന്നു കൂടിയ നിർണ്ണായകമായ പോരായ്മകളെയാണ് ലക്ഷ്യം വയ്ക്കുന്നത്. ഇത് സംബന്ധിച്ച് സർക്കാർ അന്തിമ തീരുമാനമെടുക്കുന്നതിന് മുമ്പ് അടുത്ത മൂന്ന് മാസക്കാലത്ത് ഈ പരിപാടികളെപ്പറ്റി പൊതു വേദികളിലും സെമിനാറുകളിലും വർക്ക് ഷോപ്പുകളിലും മറ്റും വിശദമായ ചർച്ചകൾ നടക്കുന്നതാണ്. ഈ മഹനീയ സഭക്ക് ഞാൻ ഉറപ്പ് നൽകട്ടെ – ഈ പ്രക്രിയയുടെ അവസാനം ഒരൊറ്റ ഉദ്ദേശ്യ ലക്ഷ്യമേ ഉണ്ടാകൂ- സംസ്ഥാന ജനതയ്ക്ക് മെച്ചപ്പെട്ട സേവനം ലഭ്യമാക്കുക. ഈ പ്രക്രിയ പുരോഗമിക്കുമ്പോൾ തന്നെ, സംസ്ഥാന സർക്കാരിന് ഭരണ നവീകരണ പദ്ധതിയെ സംബന്ധിച്ച് വ്യക്തമായ ചില പ്രതീക്ഷകളുണ്ടെന്നും വിവിധ പരിപാടികളെക്കുറിച്ച് എന്റെ ഇപ്പോഴത്തെ പ്രഖ്യാപനത്തോടെ ഇത് സകലർക്കും ബോദ്ധ്യമാകുമെന്നും കരുതുന്നു.

16. ഒൻപതാം പഞ്ചവത്സരപദ്ധതിക്കാലത്ത് വിദേശസഹായ പദ്ധതിയിൻ കീഴിൽ രാജ്യത്തിന് മൊത്തം ലഭിച്ച 36,159 കോടി രൂപയിൽ കേരളത്തിന്റെ വിഹിതം വെറും 295 കോടി രൂപ മാത്രമാണെന്നുള്ള വസ്തുത ഈ മഹനീയ സഭയിലെ പല അംഗങ്ങളും അറിഞ്ഞിരിക്കില്ല. ഈ രാജ്യത്ത് ലഭിച്ച മൊത്തം ധനസഹായത്തിന്റെ വെറും 0.8 ശതമാനം മാത്രമാണിത്. ജനസംഖ്യയിൽ 3 ശതമാനം വരുന്ന കേരളത്തിന് അങ്ങനെ ലഭിച്ചത് 1ശതമാനത്തിൽ താഴെ മാത്രം. ആളോഹരിക്കണക്കെടുത്താൽ ദേശീയ ശരാശരിയായ 70.42 രൂപയുടെ സ്ഥാനത്ത് കേരളത്തിന്റെ ശരാശരി വെറും 18.55 രൂപ മാത്രം.

ആന്ധ്രപ്രദേശിനും പശ്ചിമബംഗാളിനും ലഭിച്ചത് യഥാക്രമം 221 രൂപയും 89 രൂപയും ആണ്. സർ, ഈ സ്ഥിതി വിശേഷം മാറണമെന്ന കാര്യത്തിൽ ഈ സഭയിലെ അംഗങ്ങൾ യോജിക്കുമെന്ന് എനിക്ക് ഉറപ്പുണ്ട്. ലോകബാങ്ക്, എ.ഡി.ബി എന്നീബഹുരാഷ്ട്ര ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും മറ്റു രാജ്യങ്ങളിൽ നിന്നും ഉഭയകക്ഷി ധാരണയിലൂടെ ലഭിക്കാവുന്ന ധനസഹായവും സ്വീകരിച്ച് ഈ സ്ഥിതിക്ക് പരിഹാരം ഉണ്ടാക്കാം എന്ന് സർക്കാർ കരുതുന്നു. ഭരണനവീകരണത്തിനും സാമ്പത്തിക പരിഷ്ക്കരണത്തിനും വേണ്ടി ഇനിയുള്ള ഗഡുക്കൾക്കു പുറമെ ഊർജ്ജ മേഖലയ്ക്കും നഗര വികസനത്തിനും വേണ്ടിയുള്ള 450 ദശലക്ഷം അമേരിക്കൻ ഡോളറിന്റെ (ഏകദേശം 2250 കോടിരൂപ) എ.ഡി.ബി. ധനസഹായം പരിഗണനയിലാണ്. ജപ്പാൻ സഹായത്തോടെയുള്ള കുടിവെള്ള പദ്ധതി പുനരുജ്ജീവിപ്പിച്ചിട്ടുണ്ട്. അടിസ്ഥാന സൗകര്യ മേഖലയിലും കാര്യശേഷിയുടെ കാര്യത്തിലും പ്രാദേശിക സർക്കാരുകൾ തമ്മിലുള്ള അന്തരം നികത്തുന്നതിനായി ലോകബാങ്ക് സഹായം തേടുവാൻ ഉദ്ദേശിക്കുന്നു. കേരള ട്രാൻസ്പോർട്ട് പ്രോജക്ടിനും കേരള ഗ്രാമീണ കുടിവെള്ള പദ്ധതിക്കും വേണ്ടിയുള്ള ലോകബാങ്ക് സഹായം തുടരും. ഡച്ച് സർക്കാരിന്റെ സഹായത്തോടു കൂടിയുള്ള 222 കോടി രൂപയുടെ കുടിവെള്ള പദ്ധതി 2003-04ൽ ആരംഭിക്കും. അടുത്ത സാമ്പത്തിക വർഷത്തിൽ ഡച്ച് സഹായത്തോടെയുള്ള അധികാര വികേന്ദ്രീകരണ സഹായ പദ്ധതി പ്രവർത്തനസജ്ജമാകും. സ്വിസ്സ് സഹായത്തോടെയുള്ള പ്രാദേശിക സർക്കാരുകളെ സഹായിക്കുവാനുള്ള പദ്ധതിയും അടുത്ത വർഷം ആരംഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു. ആരോഗ്യമേഖലയിൽ നമ്മുടെ മെഡിക്കൽ കോളേജുകൾ മെച്ചപ്പെടുത്തുന്നതിനുള്ള 127 കോടി രൂപ അടങ്കൽ വരുന്ന ഒരു പദ്ധതിയും, മദ്ധ്യതല ആശുപത്രികളുടെ വികസനത്തിനുള്ള 814 കോടി രൂപയുടെ മറ്റൊരു പദ്ധതിയുമടക്കം രണ്ടു സുപ്രധാന പദ്ധതികളുടെ പ്രോജക്റ്റ് റിപ്പോർട്ടുകൾ സംസ്ഥാന സർക്കാർ ലോകബാങ്കിന്റെ പരിഗണനയ്ക്കായി സമർപ്പിച്ചിട്ടുണ്ട്.

## പ്രാദേശിക സർക്കാരുകൾക്കുള്ള ഫണ്ടുവിതരണം

17. സംസ്ഥാനത്തിന്റെ ഖജനാവ് കൈകാര്യം ചെയ്യുന്ന അവസരത്തിൽ പ്രാദേശിക സർക്കാരുകൾക്കുവേണ്ടി ബജറ്റിൽ വകയിരുത്തിയ തുകകൾ കൃത്യമായി അവർക്ക് തന്നെ ലഭിക്കുന്നു എന്ന് ശ്രദ്ധയോടെ ഞാൻ ഉറപ്പു വരുത്തിയിട്ടുണ്ട്. നേരത്തെ പരാമർശിച്ചതുപോലെ പ്രാദേശിക സർക്കാരുകൾക്ക് പതിവായി നൽകുന്ന പദ്ധതി വിഹിതത്തിന്റെ മൂന്നിലൊന്ന് പരിധി ഈ വർഷം അധികരിച്ചിരിക്കുകയാണ്. വികേന്ദ്രീകൃത ആസൂത്രണം ആരംഭിച്ചതിനുശേഷം ആദ്യമായി പ്രാദേശിക സർക്കാരുകൾ സാമ്പത്തിക വർഷം തുടങ്ങുന്നതിനു മുമ്പു തന്നെ 2003-04ലെ അവരുടെ വാർഷിക പദ്ധതികൾ തയ്യാറാക്കിക്കഴിഞ്ഞു. ഇത്മൂലം പദ്ധതി നടത്തിപ്പിന് 12 മാസങ്ങൾ പൂർണ്ണമായും ലഭിക്കും.

18. പ്രാദേശിക സർക്കാരുകൾക്ക് അവരുടെ ആസ്തികൾ നിലനിർത്തുന്നതിനും ഭരണ ചെലവുകൾ നടത്തുന്നതിനും ബുദ്ധിമുട്ടുകൾ ഉണ്ട് എന്ന് ഞാൻ മനസ്സിലാക്കുന്നു. ഈ പ്രശ്നങ്ങൾ പരിഹരിക്കുന്നതിലേക്കായി രണ്ടാം സംസ്ഥാന ധനകാര്യ കമ്മീഷന്റെ ഒന്നാം റിപ്പോർട്ടിൽമേലുള്ള തീരുമാനം ത്വരിതപ്പെടുത്തുന്നതാണ്. അടുത്ത സാമ്പത്തിക വർഷം മുതൽ പ്രാദേശിക സർക്കാരുകൾക്ക് ലഭിക്കേണ്ട ഗ്രാന്റുകൾ മാസാമാസം നൽകുന്നതിനുള്ള ഒരു പുതിയ സമ്പ്രദായം ഏർപ്പെടുത്തുന്നതാണെന്ന കാര്യം ഈ സഭയെ അറിയിക്കുവാൻ എനിക്ക് അതിയായ സന്തോഷമുണ്ട്. ഇപ്പോൾ ഇത് ത്രൈമാസ ഗഡുക്കളായാണ് നൽകി വരുന്നത്.

19. ബജറ്റ് മിക്കവാറും എല്ലായ്പോഴും അക്കങ്ങളെ സംബന്ധിച്ചതാണ്. എന്നാൽ ഇവിടെ എന്റെ ഉദ്യമം ആകർഷകമായ കുറെ അക്കങ്ങൾ നിരത്തുന്നതിനല്ല, മറിച്ച് പരമാവധി ജനങ്ങൾക്ക് കൂടുതൽ മെച്ചപ്പെട്ട ജീവിതസാഹചര്യങ്ങൾക്ക്

അവസരമൊരുക്കുന്നതിനാണ്. സാമ്പത്തിക വളർച്ചയുടെ കാര്യത്തിൽ ആർജ്ജിച്ച കരുത്ത് സംബന്ധിച്ച ഒരു വിഹഗവീക്ഷണം നൽകി കഴിഞ്ഞു. ഇനി 2003-04 സാമ്പത്തിക വർഷത്തെ വിവിധ മേഖലകളിലെ പ്രധാന പദ്ധതികളെ സംബന്ധിച്ച സംക്ഷിപ്ത വിവരണം നൽകട്ടെ.

## കൃഷി

20. കാർഷിക മേഖല കേരളത്തിന്റെ സമ്പദ്ഘടനയുടെ 20.13 ശതമാനം ആണ്. ഗ്രാമീണ സമ്പദ്‌വ്യവസ്ഥയുടെ പ്രത്യേകിച്ച് ഗ്രാമീണ ജനതയുടെ ക്ഷേമം കാർഷിക മേഖലയുടെ ഊർജ്ജസ്വലതയെ ആശ്രയിച്ചിരിക്കുന്നു. രണ്ടു വർഷത്തെ വിലനിലവാരത്തിലെ അസ്ഥിരതയ്ക്കും ഉൽപാദന നഷ്ടത്തിനും ശേഷം സർക്കാരിന്റെ സമയോചിത ഇടപെടലിന്റെയും കാർഷിക വിഭവങ്ങളുടെ വിലയിൽ വന്ന വർദ്ധനയുടേയും ഫലമായി കാർഷിക മേഖല കരകയറിയിരിക്കുന്നു. കാർഷിക മേഖലയ്ക്ക് കൂടുതൽ ഊന്നൽ നൽകിക്കൊണ്ട് ഈ മേഖലയുടെ ഉൽപാദന ക്ഷമതയും മത്സരക്ഷമതയും മെച്ചപ്പെടുത്തുന്നതിലൂടെ കൃഷി ലാഭകരമാക്കുന്നതിനും ഈ അവസരം ഉപയോഗപ്പെടുത്തുന്നതാണ്. ഡോക്ടർ സ്വാമിനാഥന്റെ നേതൃത്വത്തിലുള്ള സമിതി വിവിധ ശുപാർശകൾ നടത്തിയിട്ടുണ്ട്. ലോക വ്യാപാര സംഘടനയുടെ നയപരിപാടികളുടെ ദുഷ്ഫലങ്ങൾ മുൻകൂട്ടികണ്ടുകൊണ്ട് ചെറുക്കുന്നതിനോടൊപ്പം ഇത് നൽകുന്ന പുതിയ അവസരങ്ങൾ പരമാവധി പ്രയോജനപ്പെടുത്തുന്നതിനു വേണ്ടി ഈ ശുപാർശകൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.

21. പച്ചക്കറിയുടേയും പഴവർഗ്ഗങ്ങളുടേയും കയറ്റുമതി സാദ്ധ്യതകൾ പൂർണ്ണമായി മുതലെടുക്കുന്നതിലേക്കായി 9 ജില്ലകളെ ഉൾപ്പെടുത്തിക്കൊണ്ട് ഒരു കാർഷിക കയറ്റുമതി മേഖല സൃഷ്ടിക്കുന്നതിനുള്ള നിർദ്ദേശം അംഗീകരിച്ചു കഴിഞ്ഞു. കൂടുതലായി രണ്ടു മേഖലകൾ കൂടി അംഗീകാരത്തിനായി കേന്ദ്രസർക്കാരിന് സമർപ്പിക്കുന്നുണ്ട്. ഇതിലേക്കായി 2.87 കോടി രൂപ ഞാൻ വകയിരുത്തിയിട്ടുണ്ട്. ഈ തുക കേന്ദ്ര ഹോർട്ടികൾച്ചർ ബോർഡ്, APEDA, കേന്ദ്ര ഭക്ഷ്യസംസ്കരണ മന്ത്രാലയം, നബാർഡിനെ പോലെയുള്ള ധനകാര്യ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്ന് സാമ്പത്തിക സഹായം നേടുന്നതിനുള്ള ഒരു ന്യൂക്ളിയസ് ഫണ്ട് ആയി വർത്തിക്കും എന്ന് ഞാൻ പ്രതീക്ഷിക്കുന്നു.

22. കേരളത്തിന്റെ ഔഷധ വിഭവങ്ങൾ പരിരക്ഷിക്കുന്നതിനും വികസിപ്പിക്കുന്നതിനും വേണ്ടി പശ്ചിമഘട്ടത്തിലെ അഗസ്ത്യകൂടം, വയനാടുവരെയുള്ള സൈലന്റ്‌വാലി ബയോസ്ഫിയർ എന്നീ മേഖലകൾ ലോകത്തിലെ ആദ്യത്തെ ഔഷധ ജൈവ താഴ്‌വരയായി വികസിപ്പിക്കുന്നതാണ്. ഇതിന്റെ പ്രാരംഭ പ്രവർത്തനങ്ങൾക്കായി നാമമാത്ര തുകയായി 10 ലക്ഷം രൂപ വകയിരുത്തുന്നു.

23. വിവരാധിഷ്ഠിത സമൂഹത്തിൽ കർഷകന് ഏറ്റവും പുതിയ വിവരം, പ്രത്യേകിച്ച് കാർഷിക വ്യാപാരത്തെക്കുറിച്ച് നൽകേണ്ടതുണ്ട്. ഈ ലക്ഷ്യം നേടേണ്ടതിനായി വിവിധ ടെലിവിഷൻ ചാനലുകളെയും റേഡിയോ നിലയങ്ങളെയും ബന്ധിപ്പിച്ചുകൊണ്ട് ഒരു വെർച്ച്വൽ യൂണിവേഴ്സിറ്റി രൂപീകരിക്കാൻ ഉദ്ദേശിക്കുന്നു. ഇതിനുവേണ്ടി ഒരു കോടി രൂപ ഞാൻ നീക്കി വയ്ക്കുന്നു.

24. സംയോജിത നാളികേര വികസനത്തിനുവേണ്ടി 10.5 കോടി രൂപ നീക്കിവയ്ക്കുന്നു. സംസ്ഥാനത്തിലെ തെങ്ങിൻ തോട്ടങ്ങളെ പുനരുജ്ജീവിപ്പിക്കുന്ന പദ്ധതികൾ നടപ്പിലാക്കുന്നതിനുവേണ്ടി കേന്ദ്രസർക്കാരിൽ നിന്ന് കാര്യമായ ധനസഹായം നേടുന്നതിന് ഈ തുക വിനിയോഗിക്കുവാൻ ഉദ്ദേശിക്കുന്നു. പത്തനംതിട്ടയിലേയും വയനാട്ടിലേയും പിന്നോക്ക പ്രദേശങ്ങളിൽ പച്ചക്കറി, പഴവർഗ്ഗകൃഷിക്കായി ജനപങ്കാളിത്തത്തോടെ വികസന

പദ്ധതി നടപ്പാക്കും. ഇതിലേക്കായി 2 കോടി രൂപ എന്റെ ബജറ്റിൽ വകയിരുത്തുന്നു.

25. വിളമേഖലക്കുവേണ്ടി 93.75 കോടി രൂപ ഞാൻ നീക്കിവയ്ക്കുന്നു. ഇതിന്റെ കാര്യമായ ഭാഗം പ്രാദേശിക സർക്കാരുകൾക്ക് കൈമാറി കഴിഞ്ഞതിനാൽ പ്രാദേശിക സർക്കാരുകളുടെ വിഹിതം ഉൾപ്പെടെ ഏകദേശം 150 കോടി രൂപ ഈ മേഖലയിൽ ലഭ്യമാകും എന്ന് ഞാൻ കരുതുന്നു. ഒൻപതാം പഞ്ചവൽസര പദ്ധതിയിൽ നിന്നും വ്യത്യസ്തമായി കാർഷിക വകുപ്പും പ്രാദേശിക സർക്കാരുകളും തമ്മിൽ ദൃഢമായ ഒരു പങ്കാളിത്തം ഉടലെടുത്തിട്ടുണ്ട്.

### കാർഷിക വില സ്ഥിരതാ ഫണ്ട്
### (Agricultural Price Stabilisation Fund)

26. തെങ്ങ്, തേയില, കാപ്പി, അടയ്ക്കാ, റബ്ബർ, കുരുമുളക്, ഇഞ്ചി, ഏലം മറ്റ് സുഗന്ധ വ്യഞ്ജനങ്ങൾ എന്നിവയുടെ കൃഷിയിൽ ഏർപ്പെട്ടിരിക്കുന്ന നമ്മുടെ കർഷകരുടെ വരുമാന സ്ഥിരതയ്ക്ക് 2003-04 മുതൽ ഒരു വില സ്ഥിരതാ ഫണ്ട് രൂപീകരിക്കുവാൻ 50 കോടി രൂപ പ്രഖ്യാപിക്കുവാൻ എനിക്ക് വളരെ സന്തോഷമുണ്ട്. കേന്ദ്രബജറ്റിൽ നിർദ്ദേശിച്ചിരിക്കുന്ന ഫണ്ടിന് സമാനമായതാണ് ഇത്. അതാത് വർഷം വീണ്ടെടുക്കുന്ന ഒരു റിവോൾവിംഗ് ഫണ്ടിന്റെ മാതൃകയിലായിരിക്കും ഇത്. ഈ വിളകളുടെ വില വിവരപ്പട്ടികയുമായും ഉൽപാദനച്ചെലവുമായും ബന്ധപ്പെടുത്തി പ്രസ്തുത ഫണ്ടിന്റെ സഹായം ലഭിക്കാനുള്ള മാനദണ്ഡങ്ങളും ചട്ടങ്ങളും തയ്യാറാക്കുന്നതാണ്. ദുരിതത്തിലാകുന്ന നമ്മുടെ കർഷകർക്ക് ആശ്വാസമെത്തിക്കുന്ന സർക്കാരിന്റെ ധീരമായ മറ്റൊരു കാൽവയ്പായിരിക്കുമിത്. മാത്രവുമല്ല കാർഷിക വിളകൾക്ക് സാരമായ വിലയിടിവിന്റെ ഭീഷണി നേരിടുമ്പോൾ നമ്മുടെ ഗ്രാമീണ കാർഷിക സമ്പദ് വ്യവസ്ഥയെ താങ്ങി നിർത്തുകയും ചെയ്യും.

## വ്യവസായം

27. സംസ്ഥാനത്തെ വ്യാവസായിക-നിക്ഷേപ അന്തരീക്ഷം മെച്ചപ്പെടുത്തുന്നതിൽ സംസ്ഥാന സർക്കാർ കാര്യമായ പുരോഗതി കൈവരിച്ചിട്ടുണ്ട്. സംസ്ഥാനത്തെ വ്യാവസായിക- വികസന ചരിത്രത്തിൽ ആഗോള നിക്ഷേപക സംഗമം ഒരു നാഴിക കല്ലാണ്. ജിം കേരളത്തെ ഈ രാജ്യത്തിന്റെ വികസന ഭൂപടത്തിൽ എത്തിച്ചു എന്നത് അവിതർക്കിതമാണ് തൽഫലമായി ഇവിടേക്ക് ഒഴുകുന്ന നിക്ഷേപങ്ങൾ സംസ്ഥാനത്ത് സാമ്പത്തിക വികസനം ത്വരിതപ്പെടുത്തുകയും തൊഴിൽ സാദ്ധ്യതകൾ വർദ്ധിപ്പിക്കുകയും തദ്വാരാ 2002 ഡിസംബറിൽ പ്രഖ്യാപിച്ച വ്യവസായ നയത്തിൽ വിഭാവനം ചെയ്ത ലക്ഷ്യം കൈവരിക്കാൻ സഹായകരമാകും എന്ന് പ്രതീക്ഷിക്കുന്നു. വിവിധ നിക്ഷേപ നിർദ്ദേശങ്ങളിൻമേൽ സർക്കാർ തലത്തിൽ ത്വരിതഗതിയിൽ തീരുമാനമെടുക്കുന്നതിനായി ഒരു ഫാസ്റ്റ് ട്രാക്ക് സംവിധാനം ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ വ്യവസായ പ്രോൽസാഹന ബോർഡ് ഇതിനകം തന്നെ രൂപീകരിച്ചു കഴിഞ്ഞു. ജിം പ്രോജക്ടുകളിൽ സർക്കാർ പങ്കാളിത്തത്തിനാവശ്യമായ മുതൽ മുടക്കുന്നതിലേക്കായി കിൻഫ്രയ്ക്ക് 100 കോടി രൂപ അധികമായി വകയിരുത്തുന്നതായി പ്രഖ്യാപിക്കുന്നതിൽ എനിയ്ക്ക് അതിയായ സന്തോഷമുണ്ട്. കിൻഫ്രയ്ക്ക് ബജറ്റിൽ വകയിരുത്തിയിട്ടുള്ള 13 കോടി രൂപയ്ക്ക് പുറമെയാണിത്. കെ.എസ്.ഐ.ഡി.സിയ്ക്ക് 25 കോടി രൂപ സർക്കാർ സഹായമായി വകയിരുത്തിയിട്ടുണ്ട്

28. ഭക്ഷ്യസംസ്കരണ മേഖലയിൽ കേരളത്തിന്റെ പ്രാമുഖ്യം കണക്കിലെടുത്ത് രാജ്യത്തെ പ്രമുഖ ഭക്ഷ്യസംസ്കരണ ലക്ഷ്യസ്ഥാനമായി സംസ്ഥാനത്തെ

മാറ്റുവാൻ ചിട്ടയോടു കൂടിയ പ്രചരണങ്ങൾ സംഘടിപ്പിക്കുന്നതാണ്. കൂടാതെ, മധ്യ പൂർവ്വ ദേശങ്ങളിലേക്കും മറ്റു രാജ്യങ്ങളിലേക്കും കയറ്റി അയക്കേണ്ട പച്ചക്കറിയുടെയും പഴവർഗ്ഗങ്ങളുടെയും സംസ്കരിച്ച ഭക്ഷ്യവസ്തുക്കളുടെയും ട്രാൻഷിപ്പ്മെൻറ് കേന്ദ്രമാക്കുന്നതിനുള്ള ശ്രമങ്ങൾ നടത്തി വരികയാണ്. അടുത്തിൽ ഒരു ഭക്ഷ്യപാർക്ക്, ആറളത്തും വയനാട്ടിലും ഔഷധ പാർക്കുകൾ, ശീതികരണ ശൃംഖല, സംഭരണ ശാലാ സംവിധാനം, ഗുണനിലവാര പരിശോധനാ ലാബുകൾ എച്ച്.എ.സി.സി.പി സർട്ടിഫിക്കേഷന് ആവശ്യമായ നടപടികൾ ശക്തിപ്പെടുത്തുക എന്നിവയാണ് സർക്കാർ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന സൗകര്യദായക പദ്ധതികൾ. കേന്ദ്ര ഭക്ഷ്യ സംസ്കരണ വ്യവസായ മന്ത്രാലയത്തിൽ നിന്ന് പരമാവധി സഹായം ഇതിനുവേണ്ടി നേടുന്നതാണ്. ഇതിലേക്കായി 2 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

29. എൻറർപ്രൈസസ് റിഫോംസ് കമ്മിറ്റി തയ്യാറാക്കിയതും സർക്കാർ അംഗീകരിച്ചതുമായ പൊതുമേഖലാസ്ഥാപനങ്ങളുടെ പുന:സംഘടനയ്ക്കുവേണ്ടി 84 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. പുനരുദ്ധാരണയോഗ്യമായ പീഡിത വ്യവസായ യൂണിറ്റുകൾക്ക് പ്രോജക്റ്റുകൾ തയ്യാറാക്കുന്നതിനുവേണ്ടി പ്രൊഫഷണൽ ഏജൻസികളുടെ സേവനം പ്രയോജനപ്പെടുത്തുവാനാവശ്യമായ സഹായം നൽകുന്നതിനായി 10 ലക്ഷം രൂപ വകയിരുത്തുന്നു. വ്യവസായ വകുപ്പിലെ ഉദ്യോഗസ്ഥർക്ക് നവീന സാങ്കേതിക വിദ്യകളിലും ആധുനിക മാനേജ്മെൻറിലും പരിശീലനവും റീ-ഓറിയന്റേഷനും നൽകുന്നതിനായി ഒരു പ്രൊഫിഷ്യൻസി ഇൻറർഫേസ് സെൽ രൂപീകരിക്കുന്നതിനായി 5 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. പുതിയ വ്യാപാര പദ്ധതി ആശയങ്ങൾ, വിഭവ-ലഭ്യത, ഉൽപന്ന സാങ്കേതിക വിദ്യ എന്നിവ സംബന്ധിച്ച ഏറ്റവും പുതിയ വിവരങ്ങൾ സംബന്ധിച്ച് വ്യവസായ വകുപ്പിനെ സജ്ജമാക്കുന്നതിലേക്കായി, വകുപ്പിൽ ഒരു ഇൻഡസ്ട്രീസ് റിസോഴ്സസ് ലൊക്കേറ്റർ സ്കീം നടപ്പിലാക്കുന്നതിനുവേണ്ടി. 5 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

## പരമ്പരാഗത വ്യവസായങ്ങൾ

### പരമ്പരാഗത വ്യവസായ സഹായനിധി
(Traditional Industries Support Fund)

30 ആഗോളവൽക്കരണ പ്രക്രിയയിൽ പലപ്പോഴും പരമ്പരാഗത മേഖലയ്ക്ക് അർഹമായ പരിഗണന ലഭിക്കാറില്ല എന്നത് ഈ സർക്കാരിന് ബോദ്ധ്യമുണ്ട്. കഴിഞ്ഞ കുറെ ദശകങ്ങളായി സമന്വയപ്പെടുത്താത്ത, ചെറിയ തോതിലുള്ള നടപടികൾ പരമ്പരാഗത മേഖലയിൽ ദുരിതം അനുഭവിക്കുന്നവർക്ക് ആശ്വാസം ഏകിയിട്ടില്ലെന്നത് വ്യക്തമാണ്. ഒരു പരമ്പരാഗത വ്യവസായ സഹായ നിധി രൂപീകരിക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നു എന്ന് പ്രഖ്യാപിക്കുന്നതിൽ എനിക്ക് സന്തോഷമുണ്ട്. പരമ്പരാഗത വ്യവസായങ്ങളുടെ സമഗ്രമായ പുനരുജ്ജീവന പദ്ധതിയ്ക്കുവേണ്ടി ഈ ഫണ്ട് വിനിയോഗിക്കുന്നതാണ്. വ്യവസായം, കൃഷി, മത്സ്യബന്ധനം, കയർ, മൃഗസംരക്ഷണം, ശാസ്ത്ര സാങ്കേതികം എന്നീ വകുപ്പുകൾ സംയുക്തമായി വികസിപ്പിക്കുന്ന പ്രസ്തുത പദ്ധതി പ്രാദേശിക സർക്കാരുകളുടേയും അയൽക്കൂട്ടങ്ങളുടേയും പങ്കാളിത്തത്തോടെ സർക്കാർ നടപ്പിലാക്കുന്നതാണ്. കയർ, കൈത്തറി, കശുവണ്ടി, മത്സ്യബന്ധനം, കരകൗശലം, ഖാദി ഗ്രാമീണ വ്യവസായങ്ങൾ എന്നീ മേഖലകളിലെ ബന്ധപ്പെട്ടവരുമായി ചർച്ചയിലൂടെ ലഭിക്കുന്ന വിലയേറിയ വിവരങ്ങളുടെ അടിസ്ഥാനത്തിൽ മറ്റു പ്രശ്നങ്ങൾ വിലയിരുത്തുകയും അവരുടെ ആവശ്യങ്ങൾ സംയോജിപ്പിക്കുകയും ചെയ്യും. പരമ്പരാഗത വ്യവസായങ്ങൾ പ്രദാനം ചെയ്യുന്ന ഉൽപന്നങ്ങളുടെ പ്രശസ്തിയേയും ഉൽപാദന ചെലവ് കുറയ്ക്കുന്ന സാങ്കേതികവിദ്യകളെയും അടിസ്ഥാനമാക്കി ഈ മേഖലയിൽ

പണിയെടുക്കുന്നവരുടെ ക്ഷേമം, പുതിയ സാങ്കേതികവിദ്യ പ്രദാനം ചെയ്യൽ, നിലവാരം ഉയർത്തൽ എന്നിവ ഇതിൽ ഉൾപ്പെടുന്നതാണ്. 2003 സെപ്റ്റംബർ മാസത്തിൽ നടപ്പിലാക്കാൻ സാധിക്കും വിധം ഈ പദ്ധതി 2003 ആഗസ്റ്റിന് മുമ്പ് തയ്യാറാക്കുന്നതാണ്. അടുത്ത 3 വർഷം നീണ്ടു നിൽക്കുന്ന ഈ നൂതന പദ്ധതിയ്ക്ക് 500 കോടിയിൽപ്പരം രൂപ ആവശ്യമായി വരുമെന്ന് കണക്കാക്കപ്പെടുന്നു. ദേശീയ അന്തർദേശീയ ഏജൻസികളിൽ നിന്ന് ഈ തുക സ്വരൂപിക്കുന്നതാണ് ഈ ഫണ്ടിന്റെ കോർപ്പസ് ചുരുങ്ങിയത് 50 കോടി രൂപയായിരിക്കും. ഇതിന്റെ 2003–04ലെ ആദ്യവർഷസഹായധനമായി 50 കോടി രൂപ വകയിരുത്താൻ ഞാൻ ഉദ്ദേശിക്കുന്നു. ഭരണ നവീകരണ പദ്ധതിയ്ക്കുവേണ്ടി വകയിരുത്തിയ 100 കോടി രൂപയിൽ നിന്ന് പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ വേണ്ടിയുള്ള തെരഞ്ഞെടുത്ത പരിപാടികൾക്ക് 2003–04ൽ ആവശ്യമായ ഫണ്ട് അനുവദിക്കുന്നതാണ്.

31. പരമ്പരാഗത വ്യവസായ മേഖലയിൽ നാം അടുത്ത വർഷം നടപ്പാക്കാനുദ്ദേശിക്കുന്ന മറ്റു ചില പരിപാടികളെക്കുറിച്ച് ഞാൻ ഹ്രസ്വമായി പരാമർശിക്കട്ടെ. കയർമേഖലയിൽ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനും പുതിയ ഉൽപന്നങ്ങൾക്ക് രൂപകൽപന തയ്യാറാക്കുന്നതിനും വിദഗ്ദ്ധസ്ഥാപനങ്ങൾ മുഖേന പ്രത്യേക പഠനങ്ങൾ നടത്തുന്നതാണ്. കയർ മേഖലയ്ക്ക് 2003–04ലേക്ക് മൊത്തം 12.10 കോടി രൂപ ഞാൻ നീക്കിവയ്ക്കുന്നു. ഗവേഷണം ശക്തിപ്പെടുത്തൽ, സാങ്കേതിക വിദ്യ മെച്ചപ്പെടുത്തൽ, യന്ത്രവൽക്കരണം, വിപണന പ്രോത്സാഹനം, ഈ മേഖലയിൽ പണിയെടുത്ത് നിത്യവൃത്തി കഴിക്കുന്ന നമ്മുടെ സമൂഹത്തിലെ ദുർബലവിഭാഗങ്ങളുടെ ക്ഷേമ പദ്ധതികൾ എന്നിവയ്ക്കാണ് പ്രാമുഖ്യം നൽകുന്നത്.

32. കാപ്പക്സിന്റെ കീഴിലുള്ള കശുവണ്ടി ഫാക്ടറികൾ വീണ്ടും തുറന്നു പ്രവർത്തിക്കുവാനുള്ള അനുകൂല സാഹചര്യങ്ങൾ സൃഷ്ടിച്ചതിൽ നിന്ന് ഈ സർക്കാരിന്റെ പരമ്പരാഗത മേഖലയോടുള്ള പ്രതിബദ്ധത വ്യക്തമാകുന്നു. താമസിയാതെ ബാങ്കുകളുടെ കൺസോർഷ്യവുമായി ചർച്ച ചെയ്ത് കശുവണ്ടി വികസന കോർപ്പറേഷന്റെ കീഴിലുള്ള ഫാക്ടറികൾ കൂടി തുറന്നു പ്രവർത്തിക്കാൻ ആവശ്യമായ ധനസഹായം നേടുന്നതാണ്. കശുവണ്ടി വ്യവസായത്തിന് ഞാൻ രണ്ടു കോടി രൂപ വകയിരുത്തിയിട്ടുണ്ട്. നിയമ പരിഷ്ക്കാര കമ്മറ്റി കശുവണ്ടി കൃഷിക്ക് തോട്ടകൃഷിയുടെ പദവി അനുവദിക്കുവാൻ ശുപാർശ ചെയ്തിട്ടുണ്ട്. ഈ സുപ്രധാന നടപടി സംസ്ഥാനത്തെ ആഭ്യന്തര കശുവണ്ടി ഉൽപാദനത്തിന് ഉത്തേജനം നൽകുകയും കശുവണ്ടി തൊഴിലാളികൾക്ക് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്യും.

33. നമ്മുടെ രണ്ടര ലക്ഷത്തോളം വരുന്ന കൈത്തറി തൊഴിലാളികളുടെ ഉൽപന്നങ്ങൾ, വിപണികളിൽ നിറഞ്ഞൊഴുകുന്ന ഇറക്കുമതി ചെയ്ത തുണിത്തരങ്ങളിൽ നിന്നും മില്ലുകളുടെ ഉൽപന്നങ്ങളിൽ നിന്നും ശക്തമായ ഭീഷണി നേരിട്ടുകൊണ്ടിരിക്കുന്നു എന്ന വസ്തുത സർക്കാർ മനസ്സിലാക്കുന്നു. പുതിയ ഡിസൈനുകൾ വികസിപ്പിക്കുക, കൈത്തറി നെയ്ത്തിലെ നൂതന സങ്കേതങ്ങളിൽ നെയ്ത്തുകാർക്ക് പരിശീലനം നൽകുക, ആധുനിക തറികളും അനുബന്ധ സാമഗ്രികളും പ്രയോഗത്തിൽ കൊണ്ടുവരുക കൈത്തറി ഉൽപന്നങ്ങളുടെ മൂല്യവർദ്ധനവിനെ പ്രോത്സാഹിപ്പിക്കുക എന്നിവയാണ് ഈ മേഖലയിലെ ഊന്നൽ നൽകുന്ന പദ്ധതികൾ. കൈത്തറി രംഗത്തെ വിപണന – കയറ്റുമതി പ്രോത്സാഹന പദ്ധതി അന്താരാഷ്ട്ര വിപണിയിൽ നമ്മുടെ ഉൽപന്നങ്ങൾക്കുള്ള മതിപ്പ് വർദ്ധിപ്പിക്കുവാൻ സഹായകരമാകും. കൈത്തറി-യന്ത്രത്തറി മേഖലയ്ക്ക് കേന്ദ്രാവിഷ്കൃത പദ്ധതി വിഹിതമായ 12.77 ലക്ഷം രൂപ ഉൾപ്പെടെ 24.97 കോടി രൂപ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

34 യന്ത്രത്തറി മേഖലയിൽ ആയിരക്കണക്കിന് ആളുകൾക്ക് തൊഴിലവസരം ലഭ്യമാക്കുന്ന ടെക്സ്ഫെഡിന്റെ കീഴിലുള്ള സഹകരണ സ്പിന്നിംഗ് മില്ലുകൾ ഇന്ന് ഗുരുതരമായ പ്രശ്നങ്ങൾ നേരിടുകയാണ്. സംസ്ഥാന സർക്കാർ രൂപീകരിച്ച 'എൻറർപ്രൈസസ് റിഫോംസ് കമ്മറ്റി 'യുടെ പാക്കേജ് ലഭിക്കുന്ന മുറയ്ക്ക് ഈ സ്ഥാപനങ്ങൾക്ക് ആവശ്യമായ തുക അനുവദിക്കുന്നതാണ്.

35. കോട്ടയം പ്രിയദർശിനി സഹകരണ സ്പിന്നിംഗ് മില്ലിന്റെ ശേഷി 6000 സ്പിൻറിലിൽ നിന്നും 25000 ആക്കി വർദ്ധിപ്പിക്കുന്നതിന് എൻ.സി.ഡി.സിയുടെ സാമ്പത്തിക സഹായം ഉറപ്പാക്കിയിട്ടുണ്ട് ഈ സാഹചര്യത്തിൽ സർക്കാർ ഓഹരി മൂലധനം നൽകുന്നതിലേക്കായി 1 കോടി രൂപ അധികമായി വകയിരുത്തുന്നതിൽ എനിക്ക് സന്തോഷമുണ്ട്.

36. വ്യവസായ മേഖലയ്ക്ക് 260.08 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. പരമ്പരാഗത മേഖലയായ കൈത്തറിയുടെയും കയറിന്റെയും വിഹിതത്തിൽ യഥാക്രമം 52 ശതമാനം 20 ശതമാനം എന്നീ നിരക്കിൽ വർദ്ധനവ് അനുവദിച്ചിട്ടുണ്ട് എന്ന വസ്തുത ഈ മഹനീയ സഭയെ അറിയിക്കുന്നതിൽ എനിക്ക് അതിയായ സന്തോഷമുണ്ട്.

## ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങൾക്ക് വേണ്ടിയുള്ള പ്രത്യേക പദ്ധതികൾ

### സാമൂഹ്യ സുരക്ഷാ പദ്ധതി

37. നമ്മുടെ സംസ്ഥാനത്തെ നിരാലംബരായ ജനവിഭാഗത്തിനുവേണ്ടി ഒരു പുതിയ സാമൂഹ്യ സുരക്ഷാ പദ്ധതി പ്രഖ്യാപിക്കുവാൻ എനിക്ക് സന്തോഷമുണ്ട്. സമൂഹത്തിലെ ഓരോ നിരാലംബ വ്യക്തിക്കും സമഗ്രമായ ഒരു പരിരക്ഷ പാക്കേജ് ഉൾപ്പെടുന്നതാണ് അനന്യമായ ഈ പദ്ധതി. സൂക്ഷ്മമായി ആവിഷ്ക്കരിച്ച സാമൂഹ്യ-പരിരക്ഷാ സംവിധാനത്തിലൂടെ, ആവശ്യമായ പരിരക്ഷ ഓരോ നിരാശ്രയ വ്യക്തിക്കും ഉറപ്പുവരുത്തുന്നതാണ്. അഗതികൾക്കായുള്ള സംസ്ഥാനതല പദ്ധതികളുടെ ആധാരശിലയായിരിക്കും ഈ പരിപാടി. ദാരിദ്ര്യത്തിൽ പെട്ടുഴലുന്ന തിരിഞ്ഞുനോക്കാനാളില്ലാത്ത സംസ്ഥാനത്തെ ഒരാൾ പോലും പരിരക്ഷ കിട്ടാതെ വലയുകയില്ല. എന്നുറപ്പാക്കിക്കൊണ്ട് ഈ രംഗത്ത് നമ്മുടെ സംസ്ഥാനം ഒരു വഴികാട്ടിയാകും. ജീവകാരുണ്യ പ്രവർത്തനങ്ങളെ കൂടുതൽ മഹത്തായ ഔന്നത്യങ്ങളിലേക്ക് ഉയർത്തുന്നതിനായിരിക്കും നമ്മുടെ പരിശ്രമം. ഈ പദ്ധതി 2003 ജൂലായ് ഒന്നാം തീയതി സമാരംഭിക്കുന്നതാണ്. ഇതിനായുള്ള ഒരു പൈലറ്റ് പദ്ധതിക്ക് വേണ്ടി ഭരണ നവീകരണ പദ്ധതിയിൻ കീഴിൽ 48 കോടി രൂപ ഞാൻ വകയിരുത്തിയിട്ടുണ്ട്.

### പാവങ്ങൾക്ക് സേവനം ലഭ്യമാക്കൽ

38. ഞാൻ ഈ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള മറ്റൊരു പുതിയ പദ്ധതി തെരഞ്ഞെടുക്കപ്പെട്ട ചില സ്ഥാപനങ്ങളിൽ മെച്ചപ്പെട്ട സേവന ലഭ്യത ഉറപ്പുവരുത്തുകയാണ്. ഓരോ ജില്ലയിലും ഏറ്റവും അധികം നിർദ്ധനരും നിസ്സഹായരും ആശ്രയിക്കുന്ന വിദ്യാഭ്യാസ, ആരോഗ്യ സാമൂഹ്യ സേവന സ്ഥാപനങ്ങളുടെ ഒരു പട്ടിക സർക്കാർ തയ്യാറാക്കുന്നതാണ് ഈ സ്ഥാപനങ്ങളിൽ ചെല്ലുന്ന ഓരോ വ്യക്തിക്കും വിശിഷ്യാ, ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള കുടുംബാംഗങ്ങൾക്ക് ഏതു വിധത്തിലുള്ള സേവനത്തിന് അവകാശമുണ്ടെന്ന് വ്യക്തമാക്കുന്ന ഒരു സേവന ലഭ്യതാ നയം രൂപീകരിക്കുന്നതാണ്. ഈ സ്ഥാപനങ്ങളുടെ അറ്റകുറ്റ പണികൾ ഏറ്റെടുക്കുകയും അവയുടെ നിലവാരം മെച്ചപ്പെടുത്തുകയും ചെയ്യും. ഈ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ സഹകരണത്തോടെ സേവന ലഭ്യത മെച്ചപ്പെടുത്തും. 2003 ജൂൺ മാസത്തിൽ പ്രാവർത്തികമാക്കാൻ തരത്തിൽ ഈ പദ്ധതി തയ്യാറാക്കും. ഇതിലേക്കായി ഭരണനവീകരണ പദ്ധതിയിൽ ആരോഗ്യം

വിദ്യാഭ്യാസം, പ്രാദേശിക സർക്കാർ എന്നീ മേഖലകളിലെ നാല് കണക്കിനങ്ങളിലായി 83.25 കോടി രൂപ ഞാൻ വകയിരുത്തിയിട്ടുണ്ട്.

### ലക്ഷം വീട് കോളനികൾക്ക് പ്രത്യേക പദ്ധതി

39. ഭവന രഹിതരുടെയും ദരിദ്രരുടേയും ക്ഷേമത്തിന് നമ്മുടെ ജനങ്ങൾക്കുള്ള പ്രതിബദ്ധത പ്രതിഫലിപ്പിക്കുന്നതാണ് എഴുപതുകളിലെ ലക്ഷം വീട് പദ്ധതി. മാറിമാറി വന്ന സർക്കാരുകൾക്ക് സാമ്പത്തിക പരിമിതികൾ മൂലം പാവപ്പെട്ട ഇവരുടെ ആസ്തികൾ പുതുക്കുന്നതിന് ആവശ്യമായ തുക നീക്കിവയ്ക്കുന്നതിന് സാധിച്ചിരുന്നില്ല. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങൾ താമസിക്കുന്ന ലക്ഷം വീട് കോളനികളിലെ വീടുകളുടെ അറ്റകുറ്റപണികൾ നടത്തുന്നതിനായി ഒരു പുതിയ പദ്ധതി പ്രഖ്യാപിക്കുവാൻ എനിക്ക് സന്തോഷമുണ്ട്. ഇതിനുവേണ്ടി 10 കോടി രൂപ ഞാൻ വകയിരുത്തുന്നു. ഈ പദ്ധതിയിലുൾപ്പെടുന്ന എല്ലാ വീടുകളുടേയും അറ്റകുറ്റപണികൾ അടുത്ത രണ്ടു വർഷത്തിനുള്ളിൽ പൂർത്തീകരിക്കണമെന്നാണ് ഉദ്ദേശിക്കുന്നത്.

### ക്ഷേമപദ്ധതികളുടെ കുടിശ്ശിക

40. സർ, വികസനപ്രവർത്തനങ്ങൾക്കായുള്ള ചെലവ് വർദ്ധിപ്പിക്കുകയെന്ന ലക്ഷ്യം ബദ്ധശ്രദ്ധയോടെ പിൻതുടരുമ്പോഴും, സമൂഹത്തിലെ ഏറ്റവും താഴെ തട്ടിലുള്ളവരുടെ ആവശ്യങ്ങൾ പരിഗണിക്കുന്നതിൽ തെല്ലും വീഴ്ച വരുത്താത്ത ഏക സർക്കാരാണിത്. വിധവകൾ, അശരണർ, വികലാംഗർ, ബുദ്ധിമാന്ദ്യം സംഭവിച്ചവർ, പെൻഷനർഹരായ പ്രായം ചെന്ന കയർ–മൽസ്യതൊഴിലാളികൾ, എന്നീ വിഭാഗങ്ങൾക്ക് 2003 ഏപ്രിൽ ഒന്നു മുതൽ കാലതാമസമില്ലാതെ മാസാമാസം പെൻഷൻ ലഭ്യമാക്കുന്നതിലേക്കായി ഈ വിഭാഗങ്ങളുടെ 31.3.03വരെയുള്ള മുഴുവൻ പെൻഷൻ കുടിശ്ശികയും കൊടുത്തു തീർക്കുകയാണ്. കർഷകത്തൊഴിലാളി പെൻഷനും തൊഴിലില്ലായ്മ വേതനവും 16 മാസത്തെ കുടിശ്ശിക കൊടുത്തു തീർക്കാനുണ്ട്. ഈ കുടിശ്ശിക തീർക്കുന്നതിനായി 150 കോടി രൂപ അധികമായി ഈ ബജറ്റിൽ ഉൾപ്പെടുത്തുന്ന വിവരം പ്രഖ്യാപിക്കുവാൻ എനിക്ക് അതിയായ സന്തോഷമുണ്ട്.

## വിവരസാങ്കേതികവിദ്യ

41. വിവരസാങ്കേതികവിദ്യാ മേഖലയിലെ ഈ സർക്കാരിന്റെ പരിപാടികൾ നമ്മുടെ ഭാവി തലമുറയ്ക്ക് അനന്ത സാധ്യതകൾ തുറന്നു കൊടുക്കുന്ന നിലയിൽ മികച്ച ഫലം കണ്ടു തുടങ്ങിയിരിക്കുന്നു. ഊർജ്ജിത ശ്രമത്തിലൂടെ വിവരസാങ്കേതിക വിദ്യാമേഖലയിൽ സമഗ്രവികസനം കൈവരിക്കാൻ ഈ സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. സംസ്ഥാനത്തെ, ആകർഷകമായ ഒരു വിവര സാങ്കേതിക വിദ്യാ വ്യവസായ ലക്ഷ്യസ്ഥാനമായി അവതരിപ്പിച്ചു കൊണ്ടുള്ള ഒരു കേന്ദ്രീകൃത വിപണന പ്രചരണ പരിപാടി ആരംഭിക്കുവാൻ കഴിഞ്ഞതാണ് ഐ.റ്റി. നയത്തിന്റെ ഒരു സുപ്രധാന ചുവടുവയ്പ്. നമ്മുടെ സംസ്ഥാനത്ത് പുതിയ സംരംഭങ്ങൾ താമസംവിനാ തുടങ്ങുവാനുള്ള താൽപര്യം പ്രധാന ഐ.റ്റി. കമ്പനികൾ പ്രകടിപ്പിച്ചിട്ടുണ്ട്. സംസ്ഥാനത്തിന്റെ ഐ.റ്റി.മേഖല അത്ഭുതപൂർവ്വമായ ഒരു കുതിച്ചുചാട്ടത്തിന് തയ്യാറായിരിക്കുകയാണ്. ഐ.റ്റി. വ്യവസായ വികസനത്തിനായി 2003–04ൽ 31.60 കോടി രൂപ പദ്ധതിയിനത്തിൽ വകയിരുത്തിയിട്ടുണ്ട്.

42. സംസ്ഥാനത്ത് നില നിൽക്കുന്ന ഡിജിറ്റൽ വേർതിരിവ് ഇല്ലാതാക്കുന്നതിന് "അക്ഷയ" എന്ന പേരിൽ അതിനൂതനമായ ഒരു പദ്ധതി സംസ്ഥാന സർക്കാർ

നടപ്പിൽ വരുത്തിത്തുടങ്ങി. ആദ്യ ഘട്ടമായി ഈ പദ്ധതി തിരുവനന്തപുരം മലപ്പുറം ജില്ലകളിൽ നടപ്പിലാക്കുന്നതാണ്. കേരള ജനതയ്ക്ക് ഇപ്പോൾ സാംഗത്യമുള്ളതും പ്രയോജനകരവുമായ അനേകം വിഷയങ്ങളിൽ ഡിജിറ്റൽ കണ്ടന്റ് വികസിപ്പിക്കുന്നതിലായിരിക്കും ഊന്നൽ നൽകുന്നത്. വിവര സാങ്കേതിക വിദ്യാ മേഖലയിൽ വിവര സാങ്കേതികവിദ്യാധിഷ്ടിത സേവനങ്ങൾ അതിവേഗം വളർച്ച കൈവരിക്കുന്നു എന്ന പരമാർത്ഥം ഉൾക്കൊണ്ടുകൊണ്ട് ഈ ബജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുള്ള തുകയിൽ ഒരു ഭാഗം ഈ രംഗത്ത് ഉയർന്നുവരുന്ന അവസരങ്ങൾ ഉപയോഗപ്പെടുത്തുന്നതിനാവശ്യമായ പരിശീലന പരിപാടികൾ തുടങ്ങുവാനുപയോഗിക്കുന്നു. സർക്കാർ വകുപ്പുകളിലെയും സ്ഥാപനങ്ങളിലെയും സുപ്രധാനങ്ങളായ നിരവധി ഇ-ഗവേർണൻസ് സംരംഭങ്ങൾ ഈ വർഷത്തോടെ പൂർത്തീകരിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

43. തിരുവനന്തപുരം ടെക്നോപാർക്ക് ഇന്ന് അംഗീകരിക്കപ്പെട്ട ഒരു ഐ.ടി. ഹബ്ബും തദ്ദേശ വികസനത്തെ ത്വരിതപ്പെടുത്തുന്ന ഘടകവുമാണ്. സംസ്ഥാനത്തെ വിജ്ഞാനാധിഷ്ഠിത വ്യവസായങ്ങൾക്കും വിവര സാങ്കേതിക വിദ്യയ്ക്കും അനുകൂലമായ അനന്യമായ ഒരു അന്തരീക്ഷം കൈവരുത്തുന്നതിനുള്ള ഒരു യഥാർത്ഥ വൈജ്ഞാനിക മേഖലയായി ടെക്നോ പാർക്കിനെയും സമീപപ്രദേശങ്ങളെയും വികസിപ്പിക്കുന്നതാണ്. ഇതിനായി 2 കോടി രൂപ പദ്ധതിയിനത്തിൽ നീക്കിവയ്ക്കുന്നു.

## വിനോദസഞ്ചാരം

44. നമ്മുടെ സംസ്ഥാനത്ത് ഒരു സുപ്രധാന മികവിന്റെ മേഖലയായി മാറിക്കഴിഞ്ഞ വിനോദ സഞ്ചാര മേഖലയ്ക്ക് ഈ സർക്കാർ ഏറ്റവും മുന്തിയ പരിഗണനയാണ് നൽകുന്നത് വിനോദ സഞ്ചാര വ്യവസായ രംഗത്തെ സംരംഭകരുടെ ആവേശവും നൂതന ആശയങ്ങളും ഈ മേഖലയുടെ തൊഴിലവസരവും വരുമാനവും സൃഷ്ടിക്കുന്നതിനുള്ള സാദ്ധ്യതകളും ഇതിനെ വികസന പ്രക്രിയയിൽ പ്രാധാന്യമർഹിക്കുന്ന മേഖലയാക്കിയിരിക്കുന്നു. ഒരു മുൻനിര അന്താരാഷ്ട്ര വിനോദ സഞ്ചാര കേന്ദ്രമായി കേരളം ഇന്ന് പരക്കെ അംഗീകരിക്കപ്പെട്ടു കഴിഞ്ഞിരിക്കുന്നു. കേരളത്തിന്റെ വിനോദ സഞ്ചാര രംഗം 2012 ആകുമ്പോൾ ഇന്നുള്ളതിന്റെ മൂന്നിരട്ടിയായി വികസിക്കുമെന്ന് വേൾഡ് ട്രാവൽ ആന്റ് ടൂറിസം കൗൺസിലിന്റെയും (WTTC) ഓക്സ്ഫോർഡ് ഇക്കണോമിക് ഫോർകാസ്റ്റിന്റെയും (OEF) ഒരു സംയുക്ത പഠനം ചൂണ്ടിക്കാണിക്കുന്നു. സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം ഏറെ പ്രാധാന്യമുള്ള ഒന്നാണ് ഈ പഠനം. സംസ്ഥാനത്ത് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിൽ വിനോദസഞ്ചാരത്തിന് ഒരു മുഖ്യപങ്ക് വഹിക്കാനുണ്ട്. അതിനാൽ, തൊഴിലില്ലായ്മക്കെതിരായ പോരാട്ടത്തിൽ വിനോദസഞ്ചാരം ഈ സർക്കാരിന്റെ ഒരു മുഖ്യായുധം ആയിരിക്കും. വിനോദ സഞ്ചാര വികസനത്തിന്റെ വളർച്ച നമ്മുടെ സാമ്പത്തിക രംഗത്തിന് നിരവധി അനുബന്ധ പ്രയോജനങ്ങൾ നൽകും. ഈ വർഷത്തെ വാർഷിക പദ്ധതിയിൽ ടൂറിസം മേഖലയ്ക്ക് 74.25 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

45. കേരളത്തിന്റെ തനത് പാരമ്പര്യവും പരിസ്ഥിതിയും സംരക്ഷിച്ച് കൊണ്ട് ലഭ്യമായ വിഭവങ്ങൾ കാര്യക്ഷമമായി വിനിയോഗിച്ച് കേരളത്തെ ഉന്നത നിലവാരമുള്ള ടൂറിസ്റ്റ് ലക്ഷ്യസ്ഥാനമാക്കി മാറ്റാൻ ടൂറിസം വിഷൻ 2025 എന്ന ടൂറിസം നയരേഖ വിഭാവന ചെയ്യുന്നു.

46. പ്രധാനപ്പെട്ട വിനോദ സഞ്ചാര കേന്ദ്രങ്ങളിലെ അടിസ്ഥാന സൗകര്യ വികസനത്തിനായി റോഡുകളുടേയും ശുദ്ധജലവിതരണ പദ്ധതികളുടേയും വികസനവും തോടുകൾ വൃത്തിയാക്കലും ഖര-ദ്രവ മാലിന്യനിർമ്മാർജ്ജന

പരിപാടികളും മറ്റും ഈ വർഷം സർക്കാർ ഏറ്റെടുക്കുന്നതാണ്. ഇതിനായി ബജറ്റിൽ 22.55 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

47. ഡി.റ്റി.പി.സി.കളുടെ പ്രവർത്തനം കൂടുതൽ ഊർജ്ജിതപ്പെടുത്തുന്നതും അവയുടെ പ്രവർത്തനം, വിനോദ സഞ്ചാര ബോധവൽക്കരണം, ഇതുമായി ബന്ധപ്പെട്ട വിവരങ്ങൾ ലഭ്യമാക്കുക, സൈൻബോർഡുകൾ സ്ഥാപിക്കുക, പണം നൽകി ഉപയോഗിക്കാവുന്ന ടോയ്‌ലറ്റുകൾ, ബോട്ട്ജെട്ടികൾ മുതലായ വിനോദ സഞ്ചാരം പ്രോൽസാഹിപ്പിക്കുന്ന പ്രത്യേക പരിപാടികളിലേക്ക് ശ്രദ്ധ പതിപ്പിക്കുന്ന രീതിയിലാക്കുന്നതുമാണ്. വിനോദ സഞ്ചാരം പ്രോൽസാഹിപ്പിക്കുന്നതിനുവേണ്ടി അഞ്ചു മുൻസിപ്പൽ കോർപ്പറേഷൻ പ്രദേശങ്ങളിലും സമ്മേളന–സന്ദർശക പ്രോൽസാഹന സൊസൈറ്റികൾ 2003–04ൽ പ്രവർത്തനം ആരംഭിക്കുന്നതാണ്. എന്റെ ബജറ്റിൽ പദ്ധതിയിനത്തിൽ ഇതിനുവേണ്ടി 1.50 കോടി രൂപ വകയിരുത്തിയിരിക്കുന്നു.

48 നല്ല രീതിയിൽ രൂപകൽപന ചെയ്ത ഒരു വിപണന തന്ത്രത്തിലൂടെ കേരളത്തെ രാജ്യത്തെ ഏറ്റവും പ്രമുഖ വിനോദസഞ്ചാര കേന്ദ്രമായി മാറ്റുന്നതിനുള്ള പരിശ്രമങ്ങൾ വിനോദ സഞ്ചാര വകുപ്പ് ഊർജ്ജിതപ്പെടുത്തുന്നതാണ്. ഇതിനായി 10 കോടി രൂപ നീക്കി വച്ചിരിക്കുന്നു.

49. പരിസ്ഥിതി സന്തുലിതാവസ്ഥയെ പ്രതികൂലമായി ബാധിക്കാതെ വികസനത്തിനോടുള്ള സംസ്ഥാന സർക്കാരിന്റെ പ്രതിബദ്ധതയ്ക്കനുയോജ്യമായി ഇക്കോ ടൂറിസത്തിനും പരിസ്ഥിതി സൗഹൃദ സമ്പ്രദായത്തിനും ഊന്നൽ നൽകുന്നതാണ്. വന്യമൃഗ സംരക്ഷണ കേന്ദ്രങ്ങളിലെയും വനപ്രദേശങ്ങളിലെയും ഇക്കോ ടൂറിസം വികസിപ്പിക്കുന്നതിനുള്ള മാസ്റ്റർ പ്ലാൻ ഈ വർഷം തന്നെ തയ്യാറാക്കുന്നതും ഇതനുസരിച്ചുള്ള പുതിയ ഇക്കോ ടൂറിസം പദ്ധതികൾ വികസിപ്പിക്കുന്നതുമായിരിക്കും. ഇതിനായി 1 കോടിരൂപ വകയിരുത്തിയിട്ടുണ്ട്.

## മൃഗസംരക്ഷണം

50. കേരളത്തിൽ ആയിരക്കണക്കിന് നാമമാത്ര കർഷകരും അവരുടെ കുടുംബാംഗങ്ങളും തങ്ങളുടെ ജീവിതമാർഗ്ഗത്തിന് മൃഗസംരക്ഷണ പ്രവർത്തനങ്ങളെയാണ് ആശ്രയിക്കുന്നത്. നിലവിലുള്ള സ്ഥാപനങ്ങളുടെ നിലവാരം ഉയർത്തിയും സേവന ലഭ്യത മെച്ചപ്പെടുത്തിയും ഏറ്റവും പുതിയ ഉപകരണങ്ങൾ ലഭ്യമാക്കിയും ലാബറട്ടറി സൗകര്യങ്ങൾ വർദ്ധിപ്പിച്ചും മൃഗസംരക്ഷണത്തിന്റെ ഗുണമേൻമ മെച്ചപ്പെടുത്തുന്നതിന് ഞാൻ 17.55 കോടി രൂപ നീക്കി വയ്ക്കുന്നു. വളരെ വിജയകരമായ പ്രത്യേക കന്നുകാലി വികസന പരിപാടി, ഈ വർഷം 17,000 കന്നുകുട്ടികൾക്ക് പ്രയോജനപ്പെടുംവിധം തുടരുന്നതിന് 7.39 കോടി രൂപ അനുവദിച്ചിട്ടുണ്ട്. സ്ത്രീകൾക്ക് സ്വയം തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്ന നമ്മുടെ പരിശ്രമങ്ങളുടെ ഭാഗമായി ക്ഷീരോൽപന്നങ്ങളുടെ നിർമ്മാണത്തിനും വിപണനത്തിനും സഹായം നൽകുന്നതാണ്. ഇതിനായി 28 ലക്ഷം രൂപ ഞാൻ വകയിരുത്തുന്നു. ഇതിനുപുറമെ ബാങ്കുകളിൽ നിന്നും ഈ ആവശ്യത്തിന് ധനസഹായം ലഭിക്കുന്നതാണ്.

51. മൃഗസംരക്ഷണത്തിനും ക്ഷീര വികസന മേഖലയ്ക്കുമായി 46.32 കോടി രൂപ ഞാൻ നീക്കിവച്ചിട്ടുണ്ട്. ഇവിടെയും പ്രാദേശിക സർക്കാരുകളുടെ ഭാഗത്തു നിന്നും ഗണ്യമായ ഒരു വിഹിതം, ചുരുങ്ങിയത് 50 കോടി രൂപയെങ്കിലും ഞാൻ പ്രതീക്ഷിക്കുന്നു.

## ജൈവ സാങ്കേതിക വിദ്യ

52. നമ്മുടെ സംസ്ഥാനത്തെ ജൈവസാങ്കേതികവിദ്യയുടെ കാര്യത്തിൽ മുൻപന്തിയിൽ എത്തിക്കുന്നതിനായി ഈ സർക്കാർ ആത്മാർത്ഥമായി പരിശ്രമിക്കുന്നതാണ്. ഇതിന്റെ ഭാഗമായി സംസ്ഥാനത്ത് ഒരു ജൈവസാങ്കേതിക നയം താമസിയാതെ പ്രഖ്യാപിക്കുന്നതാണ്. തിരുവനന്തപുരത്ത് ഒരു ബയോ ടെക്നോളജി പാർക്ക് സ്ഥാപിക്കാനുള്ള പണി 2003–04ൽ പൂർത്തിയാകും. ഇവിടെ സാങ്കേതിക വിദ്യാ വികസന കേന്ദ്രം, പൈലറ്റ് പ്ളാൻറുകൾ, സംരംഭങ്ങളുമായി വരുന്നവർക്ക് വന്നാൽ ഉടൻ ഉൽപാദനം ആരംഭിക്കത്തക്ക വിധത്തിലുള്ള സൗകര്യങ്ങളോടുകൂടിയ കേന്ദ്രങ്ങൾ മുതലായവ ഉണ്ടായിരിക്കും. ഈ കേന്ദ്രം ജൈവ സാങ്കേതിക വിദ്യാധിഷ്ഠിത വ്യവസായങ്ങളുടെ വളർച്ചയ്ക്ക് ആക്കം കൂട്ടുന്നതാണ്. സംസ്ഥാനത്തെ ജൈവസാങ്കേതികവ്യവസായത്തിന് ഒരു 'മിഷൻ ബെയ്സ്ഡ് സമീപനം സ്വീകരിക്കും. വികസനം ഔത്യാധിഷ്ഠിത സമീപനത്തിലായിരിക്കും. ഒരു ജൈവ – വിഭവബാങ്ക്, ജൈവ–വിവര കേന്ദ്രങ്ങൾ, ഗവേഷണ സ്ഥാപനങ്ങൾക്കുവേണ്ടി വൈഡ് ഏരിയ നെറ്റ്വർക്ക് എന്നിവയാണ് ആലോചനയിലുള്ള ചില പദ്ധതികൾ. ഇതിന്റെ ആദ്യഘട്ട ചെലവിലേക്കായി ബജറ്റിൽ 1.50 കോടി രൂപ വകയിരുത്തുന്നു.

## മൽസ്യബന്ധനം

53. നമ്മുടെ സംസ്ഥാനത്ത് കുറഞ്ഞത് 10 ലക്ഷം ജനങ്ങൾക്കെങ്കിലും മൽസ്യബന്ധന മേഖല ജീവിതമാർഗ്ഗം തുറന്നുകൊടുത്തിട്ടുണ്ട്. ഏകദേശം 1000 കോടി രൂപയ്ക്കുള്ള കയറ്റുമതി ഇത് പ്രദാനം ചെയ്യുന്നു. മൽസ്യബന്ധന മേഖലയിലെ ഈ വർഷത്തെ വികസനത്തിന് പ്രാമുഖ്യം നൽകിയിരിക്കുന്നത് തീരപ്രദേശങ്ങളിലെ ഭവന നിർമ്മാണം, ശുചീകരണം, കുടിവെള്ളം, റോഡുകൾ എന്നീ സാമൂഹ്യ അടിസ്ഥാന സൗകര്യങ്ങളുടെ നിലവാരം ഉയർത്തുന്നതിനാണ്. ഇതിനുവേണ്ടി 505 കോടി രൂപയുടെ നിക്ഷേപമുള്ള ഒരു വൻപദ്ധതി തയ്യാറാക്കിയിട്ടുണ്ട്. ഇൻഡ്യ ഗവൺമെൻറ് ഉൾപ്പെടെ വിവിധ ധനകാര്യ ഏജൻസികളിൽ നിന്നും ധനസഹായം ലഭിക്കുന്ന വിധത്തിൽ ഇതിന്റെ പ്രവർത്തനങ്ങൾക്കായി 2.28 കോടി രൂപ ഞാൻ വകയിരുത്തുന്നു. കൂടാതെ, ഇതിലെ സംസ്ഥാന വിഹിതത്തിന്റെ ഭാഗമായി മൽസ്യബന്ധന തുറമുഖങ്ങളിൽ തുടർന്നുകൊണ്ടിരിക്കുന്ന ജോലികൾക്കായി 4 കോടി രൂപ അധികമായി ഞാൻ വകയിരുത്തുന്നു. ഒരു കോടി രൂപ ചെലവിൽ സ്വയം സഹായ സംഘങ്ങൾ മുഖേന നടപ്പാക്കുന്ന പാവപ്പെട്ട മൽസ്യത്തൊഴിലാളി സ്ത്രീകൾക്കുവേണ്ടിയുള്ള ഒരു പ്രത്യേക പദ്ധതി നിലവിൽ വരുന്നതാണ്.

54. മൽസ്യബന്ധന മേഖലയ്ക്ക് മൊത്തത്തിൽ എന്റെ ബജറ്റിൽ 21 കോടി രൂപ നീക്കിവച്ചിട്ടുണ്ട്.

## വിദ്യാഭ്യാസം

55. എക്കാലവും വിദ്യാർത്ഥികളുടെ ഉത്തമ താൽപര്യമാണ് ഈ സർക്കാരിന്റെ വിദ്യാഭ്യാസത്തിന്റെ കാതൽ. സമ്പൂർണ്ണ സാക്ഷരതയും സാർവ്വത്രിക സ്കൂൾ പ്രവേശനവും നേടിക്കഴിഞ്ഞ ഇന്നത്തെ സാഹചര്യത്തിൽ വിദ്യാഭ്യാസത്തിന്റെ

ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിലും ഉന്നത വിദ്യാഭ്യാസ സൗകര്യങ്ങൾ വിപുലീകരിക്കുന്നതിലും ശ്രദ്ധപതിപ്പിക്കുന്നത് ഉചിതമായിരിക്കും. നാം മുൻകൈയ്യെടുത്ത് ചെയ്യുന്ന ഇത്തരം കാര്യങ്ങൾ നമ്മുടെ സംസ്ഥാനത്തെ വിദ്യാർത്ഥികൾക്ക് ഉന്നത വിദ്യാഭ്യാസത്തിനുള്ള കൂടുതൽ അവസരങ്ങൾ ലഭിക്കുന്നതിന് സഹായകരമാവുന്നതാണ്. കൂടാതെ കേരളത്തിന്റെ സമ്പദ്ഘടനയെ കൂടുതൽ ശക്തിപ്പെടുത്തുന്നതിനാവശ്യമായ വൈദഗ്ദ്ധ്യമുള്ള മനുഷ്യവിഭവശേഷി ഉറപ്പുവരുത്തുകയും നമ്മുടെ ജനങ്ങൾക്ക് മെച്ചപ്പെട്ട ജീവിത സൗകര്യം ഉറപ്പുവരുത്തുകയും ചെയ്യുന്നു. സാങ്കേതിക വിദ്യാഭ്യാസത്തിന് 52.30 കോടി രൂപയും ഉന്നത വിദ്യാഭ്യാസത്തിന് 31.65 കോടി രൂപയും സ്കൂൾ വിദ്യാഭ്യാസത്തിന് 46.26 കോടി രൂപയും ഉൾപ്പെടെ വിദ്യാഭ്യാസ മേഖലയ്ക്കു ഞാൻ 105.25 കോടി രൂപ വകയിരുത്തുന്നു. പൊതു വിദ്യാഭ്യാസമേഖലയിൽ, കേന്ദ്രാവിഷ്കൃത പദ്ധതിയായ സർവ്വശിക്ഷാ അഭിയാൻ പദ്ധതിയിലൂടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും നിലവാരമുയർത്തുന്നതിനുമായിരിക്കും പ്രാമുഖ്യം നൽകുന്നത്. ഇതിന് വേണ്ടി 4.30 കോടി രൂപ ഞാൻ വകയിരുത്തുന്നു. സ്കൂളുകൾ പ്രാദേശിക സർക്കാരുകൾക്ക് കൈമാറ്റം ചെയ്തതിനാൽ പ്രാദേശിക സർക്കാരുകളിൽ നിന്നും ഇതിലേക്കായി കൂടുതൽ തുക ലഭ്യമാക്കുന്നതാണ്.

56. അഭിമാനകരമായ ഐ.റ്റി @ സ്കൂൾ പദ്ധതി തുടരുന്നതാണ്. ഇതിനുവേണ്ടി 4.20 കോടി രൂപ ഞാൻ വകയിരുത്തുന്നു.

57. ഉന്നത വിദ്യാഭ്യാസ മേഖലയിൽ സർവ്വകലാശാലകളിലെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനായി കേരള സർവ്വകലാശാലയ്ക്ക് 4.50 കോടി രൂപയും കാലിക്കറ്റ് സർവ്വകലാശാലയ്ക്ക് 3.50 കോടി രൂപയും, മഹാത്മാഗാന്ധി സർവ്വകലാശാലയ്ക്ക് 5.50 കോടി രൂപയും സംസ്കൃത സർവ്വകലാശാലയ്ക്ക് 1.50 കോടി രൂപയും കണ്ണൂർ സർവ്വകലാശാലയ്ക്ക് 8 കോടി രൂപയും ഞാൻ വകയിരുത്തുന്നു. മുൻകാലങ്ങളിൽ നിന്നും വ്യത്യസ്തമായി, സർവ്വകലാശാലകൾ സ്വയം തയ്യാറാക്കുന്ന പദ്ധതികൾക്ക് അവർ നിശ്ചയിക്കുന്ന മുൻഗണനാ ക്രമത്തിൽ തുക നൽകുന്നതാണ്.

58 കോളേജുകളേയും ഗവേഷണ സ്ഥാപനങ്ങളേയും ബന്ധിപ്പിച്ചുകൊണ്ടുള്ള ഒരു വിദ്യാഭ്യാസഗ്രിഡ് സ്ഥാപിക്കുവാനുദ്ദേശിക്കുന്നു. ഈ വർഷത്തെ പ്രവർത്തനങ്ങൾക്കായി 3 കോടി രൂപ വകയിരുത്തുന്നു

59 സാങ്കേതിക വിദ്യാഭ്യാസ മേഖലയിൽ കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയെ കൂടുതൽ വികസിപ്പിച്ച് ഒരു പ്രമുഖ സെന്റർ ഓഫ് ടെക്നിക്കൽ എക്സലൻസ് കേന്ദ്രം ആക്കി മാറ്റാൻ ഉദ്ദേശിക്കുന്നു. ഇതിലേക്കായി 4 കോടി രൂപ വകയിരുത്തുന്നതിൽ എനിക്ക് സന്തോഷമുണ്ട്. കേരളത്തിലെ എഞ്ചിനീയറിംഗ് കോളേജുകളെ ഉന്നത നിലവാരമുള്ള സാങ്കേതിക സ്ഥാപനങ്ങളാക്കി വികസിപ്പിക്കുതിന് വേണ്ടവിധം സജ്ജമാക്കേണ്ടതുണ്ട്. എഞ്ചിനീയറിംഗ് കോളേജുകളുടെ വികസനത്തിനായി 18.25 കോടി രൂപ ഞാൻ വകയിരുത്തുന്നു. അതിൽ 13.50 കോടി രൂപ ഒൻപതാം പദ്ധതി കാലത്തു ആരംഭിച്ച് 5 എഞ്ചിനീയറിംഗ് കോളേജുകൾക്കായി മാറ്റി വയ്ക്കുന്നു. ഇതിനു പുറമേ, ലോകബാങ്കു സഹായത്തോടെയുള്ള സാങ്കേതിക വിദ്യാഭ്യാസത്തിന്റെ ക്വാളിറ്റി ഇംപ്രൂവ്മെന്റ് പ്രോഗ്രാം നടപ്പാക്കുന്നതിന് 10 കോടി രൂപ വകയിരുത്തുന്നു. ആറ് സംസ്ഥാനങ്ങൾക്ക് ലഭിച്ച ഈ പദ്ധതി അന്താരാഷ്ട്ര നിലവാരമുള്ള എൻജിനീയറിംഗ് വിദഗ്ദ്ധർക്ക് പരിശീലനം നൽകുവാൻ തക്കവണ്ണം നിലവിലുള്ള സൗകര്യങ്ങൾ മെച്ചപ്പെടുത്തുവാനുദ്ദേശിച്ചുള്ളതാണ്.

## ആരോഗ്യം

60. നമ്മുടെ പൊതുസേവനത്തിൽ പരമപ്രധാനമായ സേവന മേഖലയാണ് ആരോഗ്യപരിപാലനം. അതുകൊണ്ടുതന്നെ സേവന രംഗത്ത് ഏതുസർക്കാരിനും വെല്ലുവിളിയാണ് ഈ മേഖല. ഈ വർഷം സംസ്ഥാന സർക്കാരിന്റെ കീഴിലുള്ള ഉന്നതതല ആരോഗ്യപരിപാലന സ്ഥാപനങ്ങളുടെ നിലവാരം ഉയർത്തുന്നതിലും പ്രാദേശികസർക്കാരുകൾക്കു കൈമാറ്റം ചെയ്യപ്പെട്ട മൂന്നു വൈദ്യസമ്പ്രദായങ്ങളിലുൾപ്പെട്ട പ്രൈമറി, സെക്കൻററി ആരോഗ്യ സംരക്ഷണ കേന്ദ്രങ്ങൾക്ക് മിനിമം നിലവാരത്തിലുള്ള അടിസ്ഥാന സൗകര്യങ്ങളും സേവന ഗുണമേൻമയും ലഭ്യമാക്കാൻ പ്രാദേശിക സർക്കാരുകളെ പ്രാപ്തമാക്കുന്നതിലുമാണ് ഊന്നൽ നൽകുന്നത്. കേരളത്തിലെ പാവപ്പെട്ടവർ തങ്ങളുടെ വരുമാനത്തിന്റെ ഗണ്യമായ ഒരു ഭാഗം ആരോഗ്യ രക്ഷയ്ക്കു വേണ്ടി ചെലവഴിക്കുന്നതായി പഠനങ്ങൾ വെളിപ്പെടുത്തുന്നു. ദാരിദ്ര്യ രേഖയ്ക്കു താഴെയുള്ളവരെ സഹായിക്കുവാൻ വേണ്ടി സർക്കാർ പ്രാദേശിക സർക്കാരുകളുടെ പങ്കാളിത്തത്തോടുകൂടി ഒരു ' ആരോഗ്യ സുരക്ഷാ പദ്ധതി ' ആവിഷ്ക്കരിക്കുവാൻ ഉദ്ദേശിക്കുന്നു. ഇതിനായി ഒരു കോടി രൂപ നീക്കി വയ്ക്കുവാൻ എനിക്ക് സന്തോഷമുണ്ട്.

61. ആരോഗ്യ സംരക്ഷണത്തിനും ചികിൽസയ്ക്കും സഹായം ആവശ്യമുള്ള നമ്മുടെ ജനതയിലെ ദരിദ്രരിൽ ദരിദ്ര്യരായവരെ സഹായിക്കുവാനായി ഒരു നിധി രൂപീകരിച്ചിട്ടുണ്ട്. ഈ നിധിയിലേക്കുള്ള സംസ്ഥാന വിഹിതമായി 25 ലക്ഷം രൂപ ഞാൻ നീക്കി വയ്ക്കുന്നു.

62. നിർമ്മാർജ്ജനം ചെയ്ത പല രോഗങ്ങളും ഈയിടെ വീണ്ടും പ്രത്യക്ഷപ്പെടുന്നതായുള്ള ഭീഷണിയുണ്ട്. സാംക്രമിക രോഗങ്ങൾ പൊട്ടിപ്പുറപ്പെടുന്നതിനെതിരെ അങ്ങേയറ്റം ജാഗ്രത പുലർത്തേണ്ടതാവശ്യമാണ്. ഇതിലേക്കായുള്ള നമ്മുടെ ശ്രമത്തിന്റെ ഭാഗമായി 'സർവയിലൻസ് ആൻറ് കൺട്രോൾ ഓഫ് കമ്മ്യൂണിക്കബിൾ ഡിസീസസ് " എന്ന ഒരു പുതിയ പദ്ധതി തുടങ്ങുന്നതിൽ എനിക്ക് സന്തോഷമുണ്ട് ഇതിലേക്കായി 1 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഇത് നിലവിലുള്ള കേന്ദ്രാവിഷ്കൃത പദ്ധതികൾക്കു പുറമെയാണ്.

63. മെഡിക്കൽ,ഡെൻറൽ, നേഴ്സിംഗ് കോളേജുകളുൾപ്പെടെയുള്ള പ്രൊഫഷണൽ കോളേജുകളുടെ വികസനത്തിന് പത്താം പദ്ധതി മുതൽ ഒരു പുതിയ രീതി ആവിഷ്ക്കരിച്ചിട്ടുണ്ട്. നമ്മുടെ പ്രധാനപ്പെട്ട ആരോഗ്യ സംരക്ഷണ സ്ഥാപനങ്ങൾക്ക് ഏറ്റവും ആവശ്യമായ സ്വയംഭരണാവകാശവും പ്രവർത്തന സ്വാതന്ത്ര്യവും നൽകുന്നതിനായി ഓരോ സ്ഥാപനത്തിനുമുള്ള വിഹിതം മൊത്തമായി അനുവദിക്കുകയും ആയതിലേക്ക് അവരുടെ ആവശ്യങ്ങളും മുൻഗണനാക്രമവുംഅനുസരിച്ചുള്ള ആക്ഷൻ പ്ലാൻ അവർ തന്നെ തയ്യാറാക്കേണ്ടതുമാണ് ഇതിലേക്കായി ഞാൻ തിരുവനന്തപുരം, കോഴിക്കോട്, കോട്ടയം, ആലപ്പുഴ, തൃശ്ശൂർ മെഡിക്കൽ കോളേജുകൾക്ക് യഥാക്രമം 4.70 കോടി രൂപ, 4.9 കോടി രൂപ, 5.5 കോടി രൂപ, 5.7 കോടി രൂപ, 5.5 കോടി രൂപ എന്നി ക്രമത്തിൽ 26.30 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. മൂന്നു ഡെൻറൽ കോളേജുകൾക്കുവേണ്ടി 2.4 കോടി രൂപയും നഴ്സിംഗ് കോളേജുകൾക്ക് വേണ്ടി 1.05 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്.

64. ഇതുപോലെ തിരുവനന്തപുരം ആയുർവേദകോളേജിന് 2.25 കോടി രൂപയും തൃപ്പൂണിത്തുറ ആയുർവേദ കോളേജിന് 2.5 കോടി രൂപയും കണ്ണൂർ ആയുർവേദ കോളേജിന് 3.3 കോടി രൂപയും തിരുവനന്തപുരം ഹോമിയോ

മെഡിക്കൽ കോളേജിൽ 2കോടി രൂപയും കോഴിക്കോട് ഹോമിയോ മെഡിക്കൽ കോളേജിന് 1 കോടി രൂപയും എൻെറ ബജറ്റിൽ വകയിരുത്തിയിരിക്കുന്നു.

65. മലബാർ ക്യാൻസർ സെൻററിന് സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് 1 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

66. കേരളത്തിൽ പ്രത്യേകിച്ച് മുൻ ദശകത്തിൽവർദ്ധിച്ചുവന്ന ആത്മഹത്യാ നിരക്ക് നമ്മെ ആശങ്കാകുലരാക്കുന്നു. ആത്മഹത്യ തടയാനുള്ള പ്രവർത്തനങ്ങളെ സഹായിക്കുവാനായി ഒരു പൈലറ്റ് പദ്ധതി ഞാൻ സസന്തോഷം പ്രഖ്യാപിക്കുന്നു. ഇതിലേക്കായി 5 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

## പ്രാദേശികസർക്കാരുകൾ

67. ആദ്യമേ ഞാൻ സൂചിപ്പിച്ചിരുന്നതുപോലെ പ്രാദേശികസർക്കാരുകൾക്ക് അവരുടെ വികേന്ദ്രീകൃത പദ്ധതി തയ്യാറാക്കുന്നതിന് 1317 കോടി രൂപ ലഭിക്കുന്നതാണ്. ഇതിനു പുറമേ ഭരണ നവീകരണ പദ്ധതിയിൽ നിന്നും 200 കോടിയിൽപരം രൂപയുടെ നേരിട്ടുള്ള പ്രയോജനവും അവർക്ക് ലഭിക്കും. ഈ വികസന വർഷത്തിൽ ഉയർന്ന നിലവാരമുള്ള പദ്ധതികൾ തയ്യാറാക്കുന്നതിനും നടപ്പിലാക്കുന്നതിനും പ്രാദേശിക സർക്കാരുകളെ സഹായിക്കുന്നതാണ്. ദാരിദ്ര്യ നിർമ്മാർജ്ജനത്തിനായുള്ള പ്രാദേശിക സാമ്പത്തിക വികസനം, സേവനങ്ങളുടെ നിലവാരം മെച്ചപ്പെടുത്തൽ, നീർത്തടങ്ങളുടെ അടിസ്ഥാനത്തിൽ പ്രകൃതി വിഭവങ്ങളുടെ വികസനം, ദാരിദ്ര്യ നിർമ്മാർജ്ജന ഉപപദ്ധതി മെച്ചപ്പെടുത്തൽ എന്നിവയ്ക്കാണ് പ്രാമുഖ്യം നൽകുക. പത്താം പഞ്ചവൽസര പദ്ധതി മുതൽ തങ്ങളുടെ പദ്ധതി തുകയുടെ 5 ശതമാനം തുക കുട്ടികൾക്കും അംഗവൈകല്യമുള്ളവർക്കും പ്രായമായവർക്കും പ്രയോജനം ലഭിക്കുന്നതിനു വേണ്ടി നീക്കി വയ്ക്കേണ്ടതാണ്. കേരള വികസനപദ്ധതിയിൻ കീഴിൽ സ്ഥാപനവൽക്കരണ പ്രക്രിയയുടെ ഭാഗമാണ് ഇത്.

68. ട്രൈബൽ ഉപപദ്ധതികളിലുള്ള തുകകൾ പ്രാദേശിക സർക്കാരുകൾക്ക് തിരിച്ചേൽപ്പിക്കുന്നു എന്ന കാര്യം അറിയിക്കുന്നതിൽ എനിക്ക് സന്തോഷമുണ്ട്. 50 ശതമാനം ടി.എസ്.പി. പ്രാദേശിക സർക്കാരുകളാവും നടപ്പിലാക്കുന്നത്.

69. പ്രാദേശിക സർക്കാരുകൾക്ക് കൈമാറ്റം ചെയ്യപ്പെട്ടതും പാവപ്പെട്ടവർക്ക് നേരിട്ട് പ്രയോജനം ലഭിക്കുന്നതുമായ പല വസ്തുവകകളും ഇന്ന് പരിതാപകരമായ അവസ്ഥയിലാണ്. അസറ്റ് റിന്യൂവൽ ഫണ്ടിൻെറ നല്ലൊരു പങ്ക് ഈ വസ്തുവകകളുടെ പുനരുദ്ധാരണത്തിനായി വിനിയോഗിക്കുന്നതാണ്. ഫണ്ടിൻെറ മൂന്നിലൊന്ന് വിഹിതം പട്ടികജാതി പട്ടികവർഗ്ഗ ജനവിഭാഗത്തിനു നേരിട്ട് പ്രയോജനം ലഭിക്കുന്ന ആസ്തികൾക്കായി വിനിയോഗിക്കുന്നതാണ്.

70. നിലവാരമുള്ള സേവന സംസ്ക്കാരം കൊണ്ടുവരുന്നതിനായി പ്രാദേശിക സർക്കാരുകൾക്കും, അവർക്ക് കൈമാറ്റം ചെയ്യപ്പെട്ട പ്രാഥമിക ആരോഗ്യകേന്ദ്രങ്ങൾക്കും സ്കൂളുകൾക്കുമായി ഒരു സിറ്റിസൺസ് ചാർട്ടർ തയ്യാറാക്കുവാൻ ഉദ്ദേശിക്കുന്നു. ഇതിലേക്കായി 3.25 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. പ്രാദേശിക സർക്കാർ സ്ഥാപനങ്ങളിൽ സേവന ലഭ്യത മെച്ചപ്പെടുത്തുന്നിലേക്കായി ഒരു സേവന ലഭ്യതാ നയം പ്രാവർത്തികമാക്കുന്നതാണ്. ഇതിനു വേണ്ടി 5 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

71. കേരള വികസന പദ്ധതിയുടെ ഭാഗമായി പ്രാദേശിക സർക്കാരുകളെ ശക്തിപ്പെടുത്തുന്നതിനു വേണ്ടി ഒരു ആക്ഷൻ പ്ലാൻ തയ്യാറാക്കിയിട്ടുണ്ട്. കണക്കുകളും രജിസ്റ്ററുകളും പൂർത്തീകരിക്കുക പുതിയ അക്കൗണ്ടിംഗ് ബജറ്റ്

സമ്പ്രദായങ്ങൾ, ഇ-ഗവേർണൻസ് എന്നിവ നടപ്പിലാക്കുക മുതലായ പരിപാടികൾ ഇതിൽ ഉൾപ്പെടുന്നു. സംസ്ഥാനത്ത് അധികാര വികേന്ദ്രീകരണം ശക്തിപ്പെടുത്തുവാനും യഥാർത്ഥ പ്രാദേശിക സർക്കാർ സ്ഥാപനങ്ങൾ ഉരുത്തിരിഞ്ഞുവരുന്നതിനും ഉതകുന്ന ഈ സുപ്രധാന പദ്ധതിക്കുവേണ്ടി 73 കോടി രൂപ ഞാൻ വകയിരുത്തിയിട്ടുണ്ട്.

72. നടപടിക്രമങ്ങളും ഭരണ സംവിധാനങ്ങളും വികസിപ്പിക്കുന്നതോടൊപ്പം പ്രാദേശിക സർക്കാരുകളിൽ തെരഞ്ഞെടുക്കപ്പെട്ട പ്രതിനിധികളുടേയും ജീവനക്കാരുടെയും കാര്യശേഷി വർദ്ധിപ്പിക്കുന്നത് ആവശ്യമാണ്. പ്രാദേശിക സർക്കാരുകളുടെ കാര്യശേഷി വർദ്ധിപ്പിക്കുന്നതിനു വേണ്ടി മാത്രമായി 4 കോടി രൂപ ഞാൻ വകയിരുത്തുന്നു. KILA യ്ക്കുള്ള 1 കോടി രൂപയ്ക്ക് പുറമെയാണിത്.

73. ദാരിദ്ര്യത്തിനെതിരെ പോരാടുന്നതോടൊപ്പം സാമ്പത്തിക വികസനവും സാമൂഹ്യ നീതിയും തമ്മിൽ പൊരുത്തപ്പെടുത്തേണ്ടത് പ്രാദേശിക സർക്കാരുകളുടെ അടിസ്ഥാനലക്ഷ്യമാണ്. അർത്ഥവത്തായ ദാരിദ്ര്യ നിർമ്മാർജ്ജന ഉപപദ്ധതികൾ വികസിപ്പിക്കുന്നതിന് പ്രാദേശിക സർക്കാരുകളെ പ്രാപ്തമാക്കുന്നതിലേക്കായി സംസ്ഥാന പ്ലാനിംഗ് ബോർഡിൽ ഒരു വിദഗ്ദ്ധ പോവർട്ടി കോ-ഓർഡിനേഷൻ യൂണിറ്റ് സ്ഥാപിക്കുകയും ഒരു ഡൈനാമിക് ഡാറ്റാബേസ് വികസിപ്പിക്കുകയും ചെയ്യും.

74. പൗര ശാക്തീകരണത്തിന്റെ അടിസ്ഥാനം സോഷ്യൽ ആഡിറ്റാണ്. സോഷ്യൽ ആഡിറ്റ് സുതാര്യത വർദ്ധിപ്പിക്കുകയും പൗരൻമാരുടെ പങ്കാളിത്തം വർദ്ധിപ്പിക്കുകയും കാര്യക്ഷമത വർദ്ധിപ്പിക്കുകയും ചെയ്യുന്നു. പ്രാദേശിക സർക്കാരുകളിലും അവയിലേക്കു മാറ്റപ്പെട്ട സ്കൂളുകളിലും പൊതുജനാരോഗ്യ കേന്ദ്രങ്ങളിലും ഫലപ്രദമായ സോഷ്യൽ ആഡിറ്റ് സമ്പ്രദായം നടപ്പാക്കുന്നതിനായി ഞാൻ 5.7 കോടി രൂപ വകയിരുത്തുന്നു.

75. ഖരമാലിന്യ നിർമ്മാർജ്ജന പ്രശ്നങ്ങൾ ഫലപ്രദമായി കൈകാര്യം ചെയ്യുന്നതിന് പ്രാരംഭത്തിൽ അഞ്ച് കോർപ്പറേഷനുകളിലൂടെയും 26 മുനിസിപ്പാലിറ്റികളിലൂടെയും ഒരു 'ക്ലീൻ കേരള പദ്ധതി' നടപ്പാക്കുന്നതാണ്. ഈ പദ്ധതികൾ തയ്യാറാക്കുന്നതിന് സാങ്കേതിക സഹായം നൽകുവാൻ 25 ലക്ഷം രൂപ ഞാൻ നീക്കിവയ്ക്കുന്നു.

76. പാവപ്പെട്ട ഗ്രാമീണർക്കു വേണ്ടിയുള്ള 'പ്രധാനമന്ത്രി ഗ്രാമ സഡക് യോജന(പി.എം.ജി.എസ്.വൈ), 'ഇന്ദിരാ ആവാസ് യോജന' (ഐ.എ.വൈ), സമ്പൂർണ്ണ ഗ്രാമീണ റോസ്ഗാർ യോജന (എസ്.ജി.ആർ.വൈ.) 'സ്വർണ്ണജയന്തി ഗ്രാമ സ്വരോദ്കർ യോജന' (എസ്.ജെ.ജി.എസ്.വൈ.) എന്നീ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ നടത്തിപ്പിന് ഗ്രാമ വികസന വകുപ്പിൻ കീഴിൽ ആവശ്യമായ കേന്ദ്രവിഹിതവും സംസ്ഥാന വിഹിതവും നാം വകയിരുത്തിയിട്ടുണ്ട്. നബാർഡ് ധനസഹായത്തോടെയുള്ള റോഡുകളുടെ ആർ.ഐ.ഡി.എഫ്. പദ്ധതിയ്ക്ക് 62.71 കോടി രൂപ ഞാൻ വകയിരുത്തുന്നു.

77. പാവപ്പെട്ടവരുടെ സേവനത്തിൽ പ്രതിജ്ഞാബദ്ധമായ, ഇതിനകം 22.25 ലക്ഷം ദരിദ്രകുടുംബങ്ങളെ അതിന്റെ കുടക്കീഴിൽ കൊണ്ടുവന്ന അനന്യമായ നമ്മുടെ ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതിയായ കുടുംബശ്രീ ഉൽകൃഷ്ടതയുടെ ഔന്നത്യത്തിലേക്ക് ചവിട്ടിക്കയറുകയാണ്. ഏറ്റവും മികച്ച 20 ഉത്തമ സംരംഭങ്ങളുടെ പട്ടികയിൽ UNDP കുടുംബശ്രീയെ തിരഞ്ഞെടുത്തിട്ടുണ്ട്. ഈ പദ്ധതിയിലെ വിവിധ പരിപാടികൾക്കായി 18.50 കോടി രൂപ ഞാൻ ഉൾപ്പെടുത്തിയിട്ടുണ്ട്.

78. പുനർനാമകരണം ചെയ്യപ്പെട്ട നഗരവികസന വകുപ്പ് ഈ മേഖലയിലെ കേന്ദ്ര സംസ്ഥാന വികസന പദ്ധതികൾ ഏകോപിപ്പിക്കുന്നതാണ്. കൊച്ചി നഗര ദാരിദ്ര്യ

നിർമ്മാർജ്ജന പദ്ധതിക്കുള്ള 10 കോടി രൂപ, 16 കോടി രൂപയുടെ സ്വർണ്ണ ജയന്തി ശഹരി റോസ്ഗാർ യോജനയുടെ സംസ്ഥാന വിഹിതമായ 4 കോടി രൂപ, 40 കോടി രൂപയുടെ വാൽമീകി അംബേദ്കർ ആവാസ് യോജനയുടെ സംസ്ഥാന വിഹിതമായ 20 കോടി രൂപ, കേന്ദ്ര ചേരി നിർമ്മാർജ്ജന പദ്ധതിക്കുവേണ്ടിയുള്ള 10.25 കോടി രൂപ എന്നിവയാണ് ഇതിനുവേണ്ടി നീക്കി വെച്ച പ്രധാന തുകകൾ.

79. ഹഡ്കോയുമായി സഹകരിച്ച്, ഡൽഹിയിലെ ഹാബിറ്റാറ്റ് കേന്ദ്ര മാതൃകയിൽ തിരുവനന്തപുരത്ത് 35 കോടി രൂപ ചെലവിൽ ഒരു ഹാബിറ്റാറ്റ് പ്ലാസാ നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നു.

## തലസ്ഥാന നഗര വികസന പദ്ധതി

80. തിരുവനന്തപുരത്തെ, അതിന്റെ സാമൂഹ്യ സാമ്പത്തിക മഹിമ പുനസ്ഥാപിച്ചുകൊണ്ട്, ഭാരതത്തിലെ വളർന്നു വരുന്ന നഗരങ്ങളുടെ ശ്രേണിയിൽ അർഹിക്കുന്ന സ്ഥാനം നേടുന്നതിനു വേണ്ടി ഒരുതലസ്ഥാന നഗര വികസന പദ്ധതി നടപ്പിലാക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നു. നഗര റോഡുകളുടെ വികസനം, കുടിവെള്ള പദ്ധതികളുടെ ത്വരിതപ്പെടുത്തൽ, സബ് ടെർമിനലുകൾ ഖരമാലിന്യ നിർമ്മാർജ്ജനം മലിനജല മാനേജ്മെന്റ്, തീരപഥം എന്നീ പദ്ധതികളും മറ്റു വിവിധ പുനരുദ്ധാരണ ഘടകങ്ങളും ഇതിൽ ഉൾപ്പെടുന്നു. 3 വർഷം നീണ്ടു നിൽകുന്ന ഈ പദ്ധതിക്ക് 250 കോടി രൂപ ചെലവ് കണക്കാക്കിയിട്ടുണ്ട്. നഗരവികസനം ഊർജ്ജം എന്നീ മേഖലകളിലെ പദ്ധതികൾക്ക് യഥാക്രമം 15 കോടി രൂപയും, 10 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്. ഈ സുപ്രധാന പദ്ധതിക്കുള്ള വിഹിതം 2003-04ൽ 75 കോടി രൂപയായി ഉയർത്തുവാൻ എനിക്ക് അതിയായ സന്തോഷമുണ്ട്. "ഭൂതകാലപ്രഭാവങ്ങൾ എന്തെന്തിനിവിന്ന് തകർന്നൊരിണ്ടൊരിമണ്ണിൽ നിത്യസൗന്ദര്യ സൗഭാഗ്യലക്ഷ്മി നൃത്തമാടാൻ തുടങ്ങുന്നു വീണ്ടും."

## പട്ടിക ജാതി വികസനം

81. ഇൻഡ്യയിലെ ഇതര സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിലെ പട്ടികജാതി വിഭാഗങ്ങളുടെ ജീവിത നിലവാരം മെച്ചപ്പെട്ടതാണെന്നു നാം ഊറ്റം കൊള്ളുമ്പോഴും ഇവർ താരതമ്യേന ദുർബലരും ആലംബഹീനരുമായി അവശേഷിക്കുന്നു എന്നതാണ് ശരിയായ വസ്തുത. ഇവർക്ക് സർക്കാരിന്റെ കർമ്മോൻമുഖ സഹായം ഒന്നു കൊണ്ടു മാത്രമേ പിടിച്ചു നിൽക്കാനാവൂ. പട്ടികജാതിക്കാരുടെ ഉയർച്ചയ്ക്കും ക്ഷേമത്തിനും സർക്കാർ മുൻഗണന നൽകുന്നുണ്ട്. 273.34 കോടി രൂപയുടെ പട്ടിക ജാതിക്കാർക്കായുള്ള പ്രത്യേക ഘടക പദ്ധതിയുടെ മൂന്നിൽ രണ്ടു ഭാഗവും പ്രാദേശികസർക്കാരുകൾ നടപ്പാക്കും. ബാക്കിവരുന്ന 136.67 കോടി രൂപയുടെ പദ്ധതികൾ സംസ്ഥാന സർക്കാർ നടപ്പിലാക്കും.

82. പട്ടികജാതി വിഭാഗങ്ങളുടെ വികസനത്തിനായുള്ള സർക്കാരിന്റെ ഈ വർഷത്തെ വികസന പ്രവർത്തനങ്ങളിൽ മാനവശേഷി വികസനത്തിനാണു പ്രധാനമായും ഊന്നൽ നൽകുന്നത്. പ്ലാനിൽ ഉൾപ്പെടുത്തിയ 43 പദ്ധതികളിൽ 23 എണ്ണവും പട്ടികജാതി വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുന്നത് ലക്ഷ്യം വച്ചുള്ളതാണ്. ഈ വർഷം ഹോസ്റ്റൽ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് പ്രത്യേകം പ്രാധാന്യം നൽകുന്നുണ്ട്. 5 പദ്ധതികളിലായി 15.35 കോടി രൂപ ഇതിനായി ഞാൻ വകയിരുത്തിയിട്ടുണ്ട്. മാതൃകാ റസിഡൻഷ്യൽ സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യുന്നതിനായി 8 കോടി രൂപ ഞാൻ

ഉൾക്കൊള്ളിക്കുന്നു. ലാഭകരമായി പ്രവർത്തിക്കുന്ന സ്വയം തൊഴിൽ പദ്ധതികളിൽ ഏർപ്പെടുന്ന ഓരോ ഗുണഭോക്താവിനും പരമാവധി ഒരു ലക്ഷം രൂപ സർക്കാർ സഹായവും സ്ഥാപനങ്ങളിൽ നിന്നും അധിക സാമ്പത്തിക സഹായവും ഉറപ്പാക്കുന്ന 3 കോടി രൂപയുടെ ഒരു സ്വയം തൊഴിൽ പദ്ധതി പ്രഖ്യാപിക്കുവാൻ എനിക്ക് അതിയായ സന്തോഷമുണ്ട്. പട്ടികജാതി വിഭാഗത്തിൽപ്പെട്ട തൊഴിൽ സംരംഭകരെ സഹായിക്കുന്നതിനും അവരുടെ ഉൽപന്നങ്ങൾ വിപണനം നടത്തുന്നതിനുമായി കണ്ണായ സ്ഥലങ്ങളിൽ മാർക്കറ്റ് കോംപ്ലക്സുകൾ സ്ഥാപിക്കുന്നതിന് ഞാൻ 5 കോടി രൂപ വകയിരുത്തുന്നു. ഭൂരഹിതരായ പട്ടികജാതി ജനവിഭാഗത്തിന്റെ പുനരധിവാസത്തിനായി 10 കോടി രൂപ ഞാൻ നീക്കിവയ്ക്കുന്നു.

83. മണ്ണന്തലയിൽ ഡോ. അംബേദ്കറുടെ പേരിൽ ഒരു ലൈബ്രറി, ദളിത് മ്യൂസിയം, ആർട്ട് ഗാലറി പരിശീലന കേന്ദ്രം എന്നിവ ഉൾപ്പെടുന്ന ഒരു വിവിധോദ്ദേശ കേന്ദ്രം സ്ഥാപിക്കുന്നതാണെന്നുള്ള വിവരം പ്രഖ്യാപിക്കുവാൻ എനിക്ക് അതിയായ സന്തോഷമുണ്ട്. ഇതിനായി ബജറ്റിൽ ഞാൻ 5 കോടി രൂപ വകയിരുത്തുന്നു.

## പട്ടിക വർഗ്ഗ വികസനം

84. കഴിഞ്ഞ കാലങ്ങളിൽ പരമാവധി ചൂഷണ വിധേയരായവരും വികസനപ്രക്രിയയുടെ മുഖ്യധാരയിൽ നിന്നും മാറ്റി നിർത്തപ്പെട്ടവരുമായ ഏറ്റവും ദുർബലമായ ജനവിഭാഗമാണ് പട്ടികവർഗ്ഗക്കാർ. അവരുടെ സാംസ്കാരിക തനിമയ്ക്കും പരമ്പരാഗത ശക്തിക്കും കഴിവുകൾക്കും കോട്ടം തട്ടാത്ത വിധത്തിൽ അവധാനപൂർവ്വം അവരെ മുഖ്യധാരയിൽ കൊണ്ടുവന്നെങ്കിൽ മാത്രമേ സംസ്ഥാനത്തിന്റെ വികസനപ്രക്രിയ പൂർണ്ണമാകുകയുള്ളൂ. അവരുടെ വിദ്യാഭ്യാസത്തിലും പരിശീലനത്തിലും ഊന്നൽ നൽകുന്ന ഒരു പട്ടിക വർഗ്ഗ വികസന രീതിയാണ് ഈ ബജറ്റിൽ അവലംബിക്കുന്നത്. നാലു പദ്ധതികളിലായി മാതൃകാ റസിഡൻഷ്യൽ സ്കൂളുകൾ സ്ഥാപിക്കുന്നതിന് 6 കോടി രൂപയും ട്രൈബൽ ഹോസ്റ്റലുകൾ സ്ഥാപിക്കുന്നതിന് 2.65 കോടി രൂപയും വകയിരുത്തുന്നു. സ്കൂൾ കുട്ടികൾക്ക് നൂതനമായ ഒരു ട്യൂട്ടോറിയൽ സമ്പ്രദായത്തിലൂടെ പരിശീലനം ലഭ്യമാക്കുന്ന സ്പെഷ്യൽ കോച്ചിംഗ് സ്കീമിനായി ഞാൻ ഒരു കോടി രൂപ വകയിരുത്തുന്നു. ആദിവാസികളിൽ നേതൃത്വ സ്വഭാവം വളർത്തുന്നതിനും വികസനം പ്രാപ്തമാക്കുന്നതിനുമുതകുന്ന തരത്തിലുള്ള സാമൂഹ്യ പങ്കാളിത്ത ഉദ്യമങ്ങൾ തുടരുന്നതിനും അനുയോജ്യമായ ട്രൈബൽ പ്രമോട്ടേഴ്സ് സ്കീം ഇപ്പോൾ നടപ്പാക്കിവരുന്നു. ഇക്കാര്യത്തിനായി 1000 ആദിവാസി യുവാക്കളുടെ സേവനം ഉപയോഗപ്പെടുത്തുവാൻ ഞാൻ 1.8 കോടി രൂപ വകയിരുത്തുന്നു. കൂടാതെ, വികസന കാര്യങ്ങളിൽ സാമൂഹ്യ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിനായി 'ഊരുകൂട്ടങ്ങളെ' ശക്തിപ്പെടുത്തേണ്ടതുണ്ട്. ഇതിലേക്കായി ഞാൻ 40 ലക്ഷം രൂപ വകയിരുത്തുന്നു.

### ആദിവാസികൾക്കായി അടിസ്ഥാനാവശ്യ നിർവ്വഹണ പദ്ധതി

85. ആദിവാസി വിഭാഗങ്ങൾക്കായി അടിസ്ഥാനാവശ്യ നിർവ്വഹണ പാക്കേജ് എന്ന പുതിയ പദ്ധതി ഈ ബജറ്റിൽ പ്രഖ്യാപിക്കാൻ എനിക്കതിയായ സന്തോഷമുണ്ട്. ഈ പാക്കേജിന് മൂന്ന് ഘടകങ്ങളുമുണ്ട്.

(എ) പാവപ്പെട്ട ആദിവാസികുടുംബങ്ങൾക്ക് വേണ്ടി, സാധാരണ രോഗങ്ങൾ, ഗുരുതരമായ രോഗങ്ങൾ, ഇപ്പോൾ തന്നെ പിടിപെട്ടിട്ടുള്ള രോഗങ്ങൾ, പ്രസവരക്ഷ അപകടങ്ങൾ എന്നിവയ്ക്ക് എല്ലാ സർക്കാരാശുപത്രികളിലും തെരഞ്ഞെടുക്കപ്പെട്ട സ്വകാര്യ ആശുപത്രികളിലും ചികിൽസ ലഭ്യമാക്കുന്നതിനുള്ള ഒരു ആരോഗ്യ ഇൻഷുറൻസ് പദ്ധതി. ഈ

പദ്ധതിയുടെ പ്രീമിയത്തിന്റെ ചെലവിനായി ഞാൻ 10 കോടി രൂപ വകയിരുത്തുന്നു.

(ബി) ഒന്ന് മുതൽ പന്ത്രണ്ടുവരെയുള്ള ക്ലാസുകളിൽ പഠിയ്ക്കുന്ന വിദ്യാർത്ഥികളുടെ പഠന പുരോഗതി സൂക്ഷ്മമായി നിരീക്ഷിച്ച് വിലയിരുത്തി ആവശ്യാനുസരണം നല്ല സ്കൂളുകളിൽ നിവാരണ വിദ്യാഭ്യാസം നൽകി ആദിവാസി വിദ്യാർത്ഥികൾക്ക് ഉന്നത നിലവാരമുള്ള വിദ്യാഭ്യാസം ഉറപ്പു വരുത്താനുള്ള ഒരു ബൃഹദ് പദ്ധതി. ഇതിനായി 5 കോടി രൂപ ഞാൻ വകയിരുത്തുന്നു.

(സി) അയ്യായിരത്തോളം വരുന്ന പ്രാചീന ആദിവാസി കുടുംബങ്ങൾക്കായി പരിസ്ഥിതിക്ക് കോട്ടം തട്ടാത്ത നിലയിൽ അവരുടെ ആവാസ സ്ഥലങ്ങളിൽ തന്നെ അതാത് ഊരുകൂട്ടങ്ങളുമായി കൂടിയാലോചിച്ച് അടുത്ത മൂന്ന് വർഷം കൊണ്ട് കുടിവെള്ളത്തിനും മാലിന്യ നിർമ്മാർജ്ജനത്തിനും സൗകര്യത്തോടു കൂടിയ വീടുകൾ നിർമ്മിച്ച് നൽകും. ഇതിനായി ആദ്യവർഷത്തേക്ക് ഞാൻ 10 കോടി രൂപ വകയിരുത്തുന്നു.

### ഭൂരഹിത ആദിവാസികളുടെ പുനരധിവാസം

86. സർ, സ്വന്തമായി ഭൂമിയില്ലാത്ത ആദിവാസികളെ പുനരധിവസിപ്പിക്കുകയെന്നത് സർക്കാരിന്റെ അജണ്ടയിൽ മുന്തിയ പരിഗണനയിലുള്ള കാര്യമാണെന്നു വ്യക്തമാക്കട്ടെ. സ്വാതന്ത്ര്യലബ്ധിക്കുശേഷം അഞ്ചു ദശാബ്ദങ്ങൾ കടന്നു പോയെങ്കിലും മാറിമാറി വന്ന സർക്കാരുകൾ ഈ ആവശ്യം നിറവേറ്റുന്നതിനായി അധരവ്യായാമത്തിനപ്പുറം ഒന്നും ചെയ്തിട്ടില്ല. ഭൂരഹിത ആദിവാസികളുടെ പുനരധിവാസമെന്ന ശ്രമകരമായ ലക്ഷ്യത്തോട് ആത്മാർത്ഥതയോടെ പ്രതിബദ്ധത കാണിച്ച രാജ്യത്തെ ഒരേ ഒരു സംസ്ഥാന സർക്കാരാണ് നമ്മുടേത് ഇതിലേക്കായി 4 കോടി രൂപ ഞാൻ വകയിരുത്തിയിട്ടുണ്ട്. ഇതിനുപുറമേ ഇതിലേക്കായി10 കോടി രൂപ ഞാൻ അധികമായി വകയിരുത്തുന്നതിൽ എനിക്ക് സന്തോഷമുണ്ട്. ഇതുകൂടാതെ ട്രൈബൽ ഉപപദ്ധതിയിൻ കീഴിലുള്ള 14.85 കോടി രൂപയുടെ കോർപ്പസ് ഫണ്ടിൽ നിന്നും അധികമായി ആവശ്യം വരുന്ന തുക കൂടി എടുക്കാവുന്നതാണ്. ഈ പാവനമായ പ്രതിജ്ഞ നിറവേറുന്ന കാര്യത്തിൽ സാമ്പത്തിക പരിമിതികൾ വിഘാതമാകില്ല എന്ന് ഈ മഹനീയ സഭയ്ക്ക് ഞാൻ ഉറപ്പു നൽകുന്നു. ഈ സർക്കാരിന്റെ കാലാവധിക്കുള്ളിൽതന്നെ എല്ലാ ഭൂരഹിത ആദിവാസി വിഭാഗങ്ങളുടെയും പുനരധിവാസം സംബന്ധിച്ച് നാം നൽകിയിരിക്കുന്ന വാഗ്ദാനം നിറവേറ്റുന്നതിനാവശ്യമായ തുകകൾ കണ്ടെത്തി വകയിരുത്തുന്നതായിരിക്കും.

## മറ്റുപിന്നോക്ക വിഭാഗം

87. മറ്റു പിന്നോക്ക വിഭാഗങ്ങളിൽപെട്ട ആളുകൾക്ക് സ്വയംതൊഴിൽ പദ്ധതികൾ ആരംഭിക്കുന്നതിലേക്ക് ധനസഹായം നൽകുന്നതിനായി കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷന് 4.09 കോടി രൂപയും ശുപാർശിത വിഭാഗങ്ങളിൽ നിന്നും പട്ടിക ജാതി വിഭാഗങ്ങളിൽ നിന്നും ക്രിസ്തുമതത്തിലേക്കു പരിവർത്തനം ചെയ്തവരുടെ ക്ഷേമത്തിനായുള്ള കേരള സംസ്ഥാന വികസന കോർപ്പറേഷനു 3 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്.

## പൊതുമരാമത്ത്

88. കേരളത്തിന്റെ സാമ്പത്തിക വികസനത്തിന് ഗതാഗതരംഗത്തെ അടിസ്ഥാന സൗകര്യ വികസനം അത്യന്താപേക്ഷിതമാണ്. എന്റെ ബജറ്റിലെ വാർഷിക പദ്ധതിയിൽ ഈ മേഖലയ്ക്കു ഞാൻ നീക്കിവച്ചിരിക്കുന്ന 273.87 കോടി രൂപയുടെ വിഹിതം ഇതിനു സർക്കാർ നൽകിയിരിക്കുന്ന പ്രാധാന്യം പ്രതിഫലിപ്പിക്കുന്നു. സംസ്ഥാന ബജറ്റിലൂടെയും ദേശീയപാത പദ്ധതികൾ മുഖേനയും ഏറ്റെടുത്തിരിക്കുന്ന റോഡ് പദ്ധതികൾ എത്രയുംവേഗം നടപ്പിലാക്കുന്നതാണ്. ഈ അവസരത്തിൽ പ്രത്യേകം എടുത്തു പറയേണ്ട ഒന്നാണ് ഈ സർക്കാർ ലോകബാങ്ക് സഹായത്തോടെ നടപ്പാക്കുന്ന അഭിമാനകരമായ കേരളസംസ്ഥാന ട്രാൻസ്പോർട്ട് പദ്ധതി. ഈ പദ്ധതിയുടെ നടത്തിപ്പിന് 2003-04ൽ കൂടുതൽ വേഗത കൈവരിക്കുമെന്ന് പ്രതീക്ഷിക്കുന്നു. വാർഷിക പദ്ധതിയിൽ 155 കോടി രൂപ ഇതിനുവേണ്ടി വകയിരുത്തിയിരിക്കുന്നു.

89. മലേഷ്യൻ ഗവൺമെന്റിന്റെ സാങ്കേതിക-സാമ്പത്തിക സഹായത്തോടെ 125 കോടി രൂപയുടെ അടങ്കൽ തുകയ്ക്ക് മണ്ണാറക്കുളഞ്ഞി മുതൽ പമ്പവരെയുള്ള 58 കിലോമീറ്റർ റോഡാണ് ഉടനെ ആരംഭിക്കുമെന്ന് നമുക്കുറപ്പുള്ള ഒരു പ്രധാന പദ്ധതി. റെയിൽവേ ബോർഡുമായുള്ള ധാരണയുടെ അടിസ്ഥാനത്തിൽ ഏറ്റെടുത്ത 23 റെയിൽവേ മേൽപ്പാലങ്ങൾ ഉൾപ്പെടെയുള്ള പദ്ധതികൾ റോഡ്സ് ആന്റ് ബ്രിഡ്ജസ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ തുടർന്നും അതിവേഗത്തിൽ നടപ്പാക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

90. കാസർഗോഡിനും പാലക്കാടിനുമിടയ്ക്കുള്ള മലയോര ഹൈവേയെ സംബന്ധിച്ച അന്തിമ റിപ്പോർട്ടിന്റെ ആദ്യഭാഗം നാറ്റ്പാക് (NATPAC) ഇതിനകം തയ്യാറാക്കിക്കഴിഞ്ഞു. ആദ്യഘട്ടത്തിന്റെ പ്രാരംഭ ചെലവുകൾക്കായി 1 കോടി രൂപ ഞാൻ വകയിരുത്തുന്നു.

91. എറണാകുളത്തെ ഹൈക്കോടതി സമുച്ചയത്തിന്റെയും കോഴിക്കോട് മെഡിക്കൽ കോളേജിലെ സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്കിന്റെയും ചാലക്കുടിയിലെ മാതൃകാ റസിഡൻഷ്യൽ സ്കൂളിന്റെയും നിർമ്മാണം പൊതുമരാമത്ത് വകുപ്പിലെ ബിൽഡിംഗ്സ് ഡിവിഷൻ പൂർത്തിയാക്കുന്നതാണ്. ഒരു കോമൺ പൂൾ ഓഫീസ് ബിൽഡിംഗ് നിർമ്മാണ പരിപാടിയിൻ കീഴിൽ ഓഫീസ് കെട്ടിടങ്ങളുടെ പൂർത്തീകരണത്തിന് 26.43 കോടി രൂപ ഞാൻ വകയിരുത്തിയിട്ടുണ്ട്. നീതിന്യായ ഉദ്യോഗസ്ഥരുടെ ഓഫീസ് കെട്ടിടങ്ങളും ക്വാർട്ടേഴ്സുകളും പൂർത്തീകരിക്കുന്നതിന് സംസ്ഥാന വിഹിതമായി എന്റെ ബജറ്റിൽ 5.40 കോടി രൂപ നീക്കിവച്ചിട്ടുണ്ട്.

## ഗതാഗതം

92. മെച്ചപ്പെട്ട സേവനം പ്രദാനം ചെയ്യുന്നതിനാവശ്യമായ കമ്പ്യൂട്ടർവൽക്കരണ നടപടികൾ മോട്ടോർവാഹന വകുപ്പ് പൂർത്തീകരിക്കുന്നതാണ്. ആന്ധ്രാപ്രദേശ് മാതൃകയിൽ മോട്ടോർവാഹന വകുപ്പിൽ FAST (ഫുള്ളി ആട്ടോമേറ്റഡ് സർവ്വീസ് ഓഫ് ട്രാൻസ്പോർട്ട് ഡിപ്പാർട്ട്മെന്റ്) നടപ്പാക്കുന്നതാണ്. ഇതിലേക്കായി 13 ലക്ഷം രൂപ ബഡ്ജറ്റിൽ ഞാൻ വക കൊള്ളിക്കുന്നു.

93. കേന്ദ്ര സർക്കാരുമായി ചേർന്ന് 50 ലക്ഷം രൂപ ചെലവിൽ ഡ്രൈവർമാർക്കു വേണ്ടി ഒരു പരിശീലന സ്ഥാപനം കോഴിക്കോട്ട് ആരംഭിക്കുന്നതാണ്. ഇതിന്റെ

സംസ്ഥാന വിഹിതമായ 15 ലക്ഷം രൂപ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ആറ് സ്ഥലങ്ങളിൽ BOT അടിസ്ഥാനത്തിൽ ട്രാൻസ്പോർട്ട് നഗറുകൾ സ്ഥാപിക്കുന്നതാണ് ഹഡ്കോയിൽ നിന്ന് 100 കോടി രൂപ വായ്പയെടുത്ത് കെ.എസ്.ആർ.ടി.സി. 700 ബസ്സുകൾ നിരത്തിലിറക്കുന്നതാണ്.

94. ജലഗതാഗത മേഖലയെ ദീർഘകാലം അവഗണിച്ചതിന്റെ ഫലമായി സംഭവിച്ച മുഹമ്മയിലെ ബോട്ട് ദുരന്തം നമ്മുടെ ഓർമ്മയിൽ ഇന്നും തങ്ങിനിൽക്കുന്നു. അതിനാൽ യാത്രക്കാരുടെ സുരക്ഷിതത്വവും സൗകര്യങ്ങളും വർദ്ധിപ്പിക്കുന്നതിന് പുതിയ ബോട്ടുകൾ വാങ്ങുന്നതിന് മാത്രമായി ജലഗതാഗത വകുപ്പിന് 6.25 കോടിരൂപ പ്രത്യേകമായി വകയിരുത്തുന്നു.

95. തീരദേശ ഉൾനാടൻ ജലഗതാഗത വകുപ്പിൽ, കോട്ടി വളപട്ടണം- പറശ്ശിനിക്കടവ് ജലപാതയ്ക്കായി 5 കോടി രൂപയും മറ്റു ഉൾനാടൻ ജലപാതകൾക്കായി 2.25 കോടി രൂപയും ഞാൻ ബജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ആലപ്പുഴ - കോട്ടയം, ആലപ്പുഴ-ചങ്ങനാശ്ശേരി, കോട്ടയം-വൈക്കം തോടുകൾ നവീകരിക്കുന്നതിനായി 55 കോടി രൂപയുടെ ഉൾനാടൻ ജലപാത നവീകരണപദ്ധതിക്കുവേണ്ടി നാമമാത്ര തുകയായി 5 ലക്ഷം രൂപ വകയിരുത്തുന്നു.

96. തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളത്തിലെ പാസഞ്ചർ ടെർമിനലിന്റെ നിർമ്മാണ ജോലികൾ തുടരുന്നതിനായി 10 കോടി രൂപ ബജറ്റിൽ ഞാൻ വകയിരുത്തിയിട്ടുണ്ട്.

97. ഗതാഗത മേഖലയിൽ - സ്വകാര്യപങ്കാളിത്ത അവസരങ്ങൾ പരമാവധി ഉപയോഗപ്പെടുത്തുവാൻ സർക്കാർ ഉദ്ദേശിക്കുന്നു. സാദ്ധ്യതാ പഠനങ്ങൾക്കായി 53 ലക്ഷം രൂപ ഞാൻ വകയിരുത്തുന്നു.

## ജലസേചനം

98. കേരളത്തിൽ 11 വൻകിട-ഇടത്തരം ജലസേചന പദ്ധതികൾ നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. ദീർഘകാലമായി മുടങ്ങിക്കിടക്കുന്ന അടിസ്ഥാന സൗകര്യപദ്ധതികൾ വേഗത്തിൽ പൂർത്തീകരിക്കാനുള്ള ഒരു നയം നേരത്തെ സർക്കാർ പ്രഖ്യാപിച്ചിരുന്നു. വളരെ മുമ്പ് 1974ൽ തുടങ്ങിവച്ച മൂവാറ്റുപുഴ വാലി ജലസേചന പദ്ധതിയുടെ പൂർത്തീകരണത്തിന് 48 കോടി രൂപ മാറ്റിവയ്ക്കുന്നു. 1975ൽ ആരംഭിച്ച കാരാപ്പുഴ പദ്ധതിക്ക് 8 കോടി രൂപ വകയിരുത്തുന്നു. ഇതിന്റെ മിക്കവാറും എല്ലാ പണികളും ഈ വർഷം തന്നെ പൂർത്തീകരിക്കാമെന്നാണ് എന്റെ പ്രതീക്ഷ. തൃത്താലയിലെ ബ്രിഡ്ജ് - കം-റെഗുലേറ്ററിന്റെ പണികൾ ഊർജ്ജിതപ്പെടുത്താൻ 10 കോടി രൂപ ഞാൻ വകയിരുത്തുന്നു. നമുക്ക് ലഭിച്ച എ.ഡി.ബി. വായ്പയിൽ നിന്നും ദീർഘകാലമായി ഇഴഞ്ഞുനീങ്ങുന്ന പദ്ധതികളുടെ അതിവേഗ പൂർത്തീകരണത്തിന് മാത്രമായി 20 കോടി രൂപ ഞാൻ നീക്കി വയ്ക്കുന്നു.

99. പഴയ പദ്ധതികളിലെ തോടുകളുടെ നിലവാരമുയർത്തുന്നതും സംരക്ഷിക്കുന്നതുമാണ് ജലസേചന മേഖലയിലെ ഒരു പ്രധാനപ്പെട്ട പ്രശ്നം. 1970ന് മുമ്പ് പൂർത്തീകരിച്ച പദ്ധതികളുടെ പുനരുദ്ധാരണ പരിപാടികൾക്ക് വേണ്ടി 4.75 കോടി രൂപ ഞാൻ മാറ്റിവയ്ക്കുന്നു.

100. നദികളുടെ മാനേജ്മെന്റ് സംസ്ഥാനത്തിന് വളരെ പ്രധാനപ്പെട്ട ഒരു വിഷയമാണ്. സംസ്ഥാനത്തെ ആദ്യത്തെ റിവർ ആക്ഷൻ പ്ലാൻ കേന്ദ്രസഹായത്തോടെ പമ്പാ നദിയിൽ തുടക്കം കുറിക്കുന്നതാണ്. ഇതിന് നാമമാത്ര തുകയായി ഞാൻ 5 ലക്ഷം രൂപ ഉൾക്കൊള്ളിച്ചിട്ടുണ്ട്. കേന്ദ്രസഹായം ലഭിക്കുന്നതിനനുസൃതമായി ഈ തുക വർദ്ധിപ്പിക്കുന്നതാണ്.

101. നമ്മുടെ സംസ്ഥാനത്തെ തീരദേശ മേഖലാ മാനേജ്മെന്റിന് നമുക്ക് താങ്ങാവുന്നതും അനുയോജ്യവുമായ സാങ്കേതിക വിദ്യ ആവശ്യമാണ്. തീരദേശ മേഖലാ മാനേജ്മെന്റ് പണികൾക്കായി ഞാൻ 7.65 കോടി രൂപ വകയിരുത്തുന്നു. തുടർന്നുകൊണ്ടിരിക്കുന്ന പണികൾ പൂർത്തീകരിക്കുന്നതിനു പുറമെ അനുയോജ്യമായ സാങ്കേതിക വിദ്യകളെപ്പറ്റി പഠനം നടത്തുന്നതിനുമായി ഈ തുക ഉപയോഗിക്കുന്നതാണ്. നമ്മുടെ സംസ്ഥാനത്ത് ധാരാളമുള്ള പ്രാദേശിക ജലവിഭവ സ്രോതസ്സുകൾ പരിഗണിക്കാതെയുള്ള ജലവിഭവമാനേജ്മെന്റ് ഫലപ്രദമായിരിക്കുകയില്ല. സി.ഡബ്ളിയു.ആർ.ഡി.എം. മുഖേന ഒരു പൈലറ്റ് പ്രോജക്റ്റ് ആരംഭിക്കുന്നതിന് 1.5 കോടി രൂപ ഞാൻ വകയിരുത്തുന്നു.

102. എന്റെ ബജറ്റിൽ ജലസേചന മേഖലക്ക് മൊത്തം 141 കോടി രൂപ ലഭിക്കുന്നതാണ്.

## ശുദ്ധജലവിതരണവും ശുചീകരണവും

103. കേരളത്തിൽ കുടിവെള്ളത്തിനുള്ള കിണറുകളുടെ നല്ലൊരു ശൃംഖലയുണ്ടെങ്കിലും സുരക്ഷിതമായ കുടിവെള്ളവിതരണം ഏറ്റവും കുറവാണ്. സാനിറ്ററി ടോയ്‌ലറ്റുകൾ സംസ്ഥാനത്ത് ഏറ്റവും കൂടുതലായുണ്ടെങ്കിലും മോശപ്പെട്ട ഖര മാലിന്യ മാനേജ്മെന്റ് മൂലം പുതിയ പ്രശ്നങ്ങൾ ഉയർന്ന് വരുന്നുണ്ട്. കേരളത്തിലെ ആരോഗ്യ മേഖലയിലെ നേട്ടങ്ങൾ നിലനിറുത്തുന്നതിന് ഈ മേഖലകൾക്ക് ഞാൻ പ്രത്യേകം മുൻഗണന നൽകിയിട്ടുണ്ട്. ശുദ്ധജല - ശുചീകരണ മേഖലയ്ക്ക് ഞാൻ 186.88 കോടി രൂപ വകയിരുത്തുന്നു.

104. ഈ വർഷം പ്രവർത്തനമാരംഭിക്കുമെന്ന് പ്രതീക്ഷിക്കുന്ന ജപ്പാൻ കുടിവെള്ള പദ്ധതിയ്ക്കായി 20 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഇടുക്കി, ആലപ്പുഴ, മുതലായ പിന്നോക്ക ജില്ലകളിൽ ഡച്ചു സർക്കാരിന്റെ സഹായത്തോടെ ജനപങ്കാളിത്തത്തോടുകൂടി ഒരു ഗ്രാമീണ ശുദ്ധജല വിതരണ-മാലിന്യ നിർമ്മാർജ്ജന പദ്ധതി നടപ്പാക്കുവാൻ ഞാൻ ഉദ്ദേശിക്കുന്നു. ഈ പദ്ധതിയുടെ നടത്തിപ്പിനായി തുടക്കത്തിൽ 2 കോടി രൂപ വകയിരുത്തുന്നു. പദ്ധതി നടത്തിപ്പിന്റെ പുരോഗതിയനുസരിച്ച് കൂടുതൽ തുക അനുവദിക്കുന്നതാണ്.

105. തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, എന്നീ ജില്ലകളിൽ ലോക ബാങ്ക് സഹായത്തോടുകൂടി നടപ്പിലാക്കുന്ന ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതി പുരോഗമിച്ചു വരികയാണ്. ഇതിലേക്കായി 40 കോടി രൂപ ഞാൻ നീക്കി വയ്ക്കുന്നു. ഈ പദ്ധതിയുടെ വിജയം കണക്കിലെടുത്ത് മറ്റു ജില്ലകളിലേക്കും ഈ പദ്ധതി വ്യാപിപ്പിക്കുന്നതിനായി ലോകബാങ്കിനെ സമീപിക്കുവാൻ ഉദ്ദേശിക്കുന്നു.

106. 1050 പഞ്ചായത്തുകളിലെ ശുദ്ധജലപദ്ധതികൾ ഗ്രാമ പഞ്ചായത്തുകൾക്ക് കൈമാറാൻ സർക്കാർ നയപരമായ തീരുമാനമെടുത്തിരുന്നെങ്കിലും മിക്ക ശുദ്ധജലപദ്ധതികൾക്കും അറ്റകുറ്റപണികൾ ആവശ്യമായിരുന്നതിനാൽ ആ തീരുമാനം നടപ്പിലാക്കുവാൻ കഴിഞ്ഞില്ല. സുഗമമായ കൈമാറ്റം ഉറപ്പുവരുത്തുന്നതിനായി പ്രാദേശികസർക്കാരുകളിലേക്കു മാറ്റുന്നതിനുമുമ്പായി ഈ പദ്ധതികൾ പുനരുദ്ധരിക്കേണ്ടതത്യാവശ്യമാണ്. ഈ ആവശ്യത്തിനായി 20 കോടി രൂപ ഈ വർഷത്തെ ബജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

107. കേരളത്തിലെ 8 ജില്ലകളിൽ സമ്പൂർണ്ണ ശുചിത്വ പദ്ധതികൾ നടപ്പാക്കിവരുന്നു. അവശേഷിക്കുന്ന 6 ജില്ലകളിൽ ഈ പദ്ധതി വ്യാപിപ്പിക്കുന്നതിനായി കേന്ദ്ര

സർക്കാരിന്റെ സഹകരണം തേടിയിട്ടുണ്ട്. ഘട്ടംഘട്ടമായി സംസ്ഥാനം മുഴുവൻ വ്യാപിപ്പിക്കുവാനുദ്ദേശിക്കുന്ന ഈ പദ്ധതിയുടെ സംസ്ഥാന വിഹിതമായി 5.35 കോടി രൂപ ഞാൻ വകയിരുത്തുന്നു.

## വൈദ്യുതി മേഖല

108. വാർഷിക പദ്ധതിയിൽ ഊർജ്ജ മേഖലയുടെ വിഹിതം 630 കോടിരൂപയായി നിശ്ചയിച്ചിരിക്കുന്നു. ചെറുകിട ജലവൈദ്യുത പദ്ധതികളിൽ നിന്നുള്ള ഊർജ്ജോൽപാദനം പരമാവധി വർദ്ധിപ്പിച്ചുകൊണ്ട് താപവൈദ്യുതിയുടെയും ജലവൈദ്യുതിയുടെയും അനുപാതം അഭിലഷണീയമായ വിധത്തിൽ നിശ്ചയിക്കുവാനാണ് പത്താം പദ്ധതിയിൽ നാം ലക്ഷ്യമിടുന്നത്. ഇപ്പോൾ പണി നടന്നുകൊണ്ടിരിക്കുന്നതും കഴിഞ്ഞ വർഷം പൂർത്തിയാകാത്തതുമായ പദ്ധതികൾ പൂർത്തിയാക്കുന്നതിനായിരിക്കും മുൻഗണന. ഊർജ്ജമേഖലയിലെ വർദ്ധിച്ച സ്ഥാപിത ശേഷിക്കനുസൃതമായി പ്രസരണ വിതരണ ശൃംഖല ശക്തിപ്പെടുത്തുന്നതിന് ഊന്നൽ നൽകുന്നതാണ്.

109 കഴിഞ്ഞ വർഷം സംസ്ഥാനത്തുടനീളം കാലവർഷം ചതിച്ചതുകൊണ്ട് നമ്മുടെ ജല സംഭരണികളിൽ കടുത്ത ജല ദൗർലഭ്യം നേരിട്ടതിനാൽ മറ്റു സ്രോതസ്സുകളിൽ നിന്നുള്ള വൈദ്യുതി വാങ്ങേണ്ടിവരികയും തൽഫലമായി വൈദ്യുതി ബോർഡിന്റെ സാമ്പത്തിക നില കൂടുതൽ വഷളാവുകയും ചെയ്തു. എല്ലാ വിഭാഗം ജനങ്ങൾക്കും ന്യായമായ നിരക്കിൽ വൈദ്യുതി വിതരണം നടത്തേണ്ടതുണ്ട്. അതേ സമയം ഇതു സാദ്ധ്യമാക്കാൻ വൈദ്യുതി ബോർഡിന്റെ സാമ്പത്തിക നില ഭദ്രമായിരിക്കുകയും വേണം. ഇതു രണ്ടും സന്തുലികരിക്കേണ്ടതാണെന്ന് സർക്കാരിന് ബോദ്ധ്യമുണ്ട്. ഗവൺമെന്റ് ഇപ്പോൾ രൂപീകരിച്ച വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ ഈ രണ്ട് ലക്ഷ്യങ്ങളും സമന്വയിപ്പിക്കുന്നതാണ്. 2002-03 ൽ സംസ്ഥാന വൈദ്യുതി ബോർഡിന്റെ റവന്യൂ കമ്മി കുറയ്ക്കുന്നതിനായി 200 കോടിരൂപ സർക്കാർ ഗ്രാന്റായി നൽകി. 2003-04ലും ഇതിലേക്കായി 175 കോടി രൂപ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ഊർജ്ജ വികസനത്തിനും നവീകരണത്തിനും വേണ്ടിയുള്ള ഊർജ്ജിത പരിപാടി പ്രകാരം പത്തനംതിട്ട, കാസർഗോഡ്, മലപ്പുറം ജില്ലകളിലെ വിതരണശൃംഖല ശക്തിപ്പെടുത്തുന്നതിനു വേണ്ടി കേന്ദ്രസർക്കാർ 181.58 കോടി രൂപ അടങ്കലുള്ള ഒരു പദ്ധതി അനുവദിച്ചിട്ടുണ്ട്.

## സിവിൽ സപ്ളൈസ്

110. ഭക്ഷ്യ സുരക്ഷിതത്വവും അവശ്യ വസ്തുക്കളുടെ വില നിയന്ത്രണവും ഉറപ്പു വരുത്തുന്ന കേരളത്തിന്റെ പൊതുവിതരണ സമ്പ്രദായത്തിൽ അഭിമാനം കൊള്ളുന്നവരാണ് നാം. ദേശീയ നയങ്ങളിലെ വ്യതിയാനങ്ങൾ മൂലമുള്ള ഭീഷണി നേരിടുന്നുണ്ടെങ്കിലും ഈ സംവിധാനം തുടരാൻ നാം പ്രതിജ്ഞാബദ്ധരാണ്. അന്നപൂർണ്ണ പദ്ധതിയ്ക്കായുള്ള മൊത്തം പദ്ധതിവിഹിതം 111 കോടി രൂപയാണ്. ദാരിദ്ര്യരേഖയ്ക്കു താഴെയുള്ളവർക്കായുള്ള അന്നപൂർണ്ണാപദ്ധതി കേന്ദ്രസർക്കാർ കേന്ദ്രാവിഷ്കൃത പദ്ധതിയിൽ നിന്നും പിൻവലിച്ച്, പകരം അധിക കേന്ദ്ര സഹായത്തിന്റെ ഭാഗമാക്കിയത്കൊണ്ട് ഇത് തുടർന്ന് കൊണ്ട് പോകുവാൻ വേണ്ട 54 ലക്ഷം രൂപ ഞാൻ വകയിരുത്തിയിട്ടുണ്ട്. സംസ്ഥാനത്തെ എല്ലാ കുടുംബങ്ങളുമായും നിരന്തര സമ്പർക്കം പുലർത്തുന്ന സിവിൽ സപ്ലൈസ് വകുപ്പിൽ കമ്പ്യൂട്ടർവൽക്കരണം പൂർത്തീകരിക്കുന്നതോടുകൂടി ജനങ്ങൾക്ക് മെച്ചപ്പെട്ട സേവനം ലഭ്യമാക്കുന്നതാണ്. ഇതിന് വേണ്ടി കഴിഞ്ഞ വർഷം 5 കോടി രൂപ ഞാൻ വകയിരുത്തിയിരുന്നു. ഇതിന്റെ പൂർത്തീകരണത്തിനായി 10 ലക്ഷം രൂപ ഞാൻ വകയിരുത്തുന്നു.

## വനം

111. നമ്മുടെ വനങ്ങളുടെ സമ്പന്നമായ ജൈവവൈവിദ്ധ്യവും പരിസ്ഥിതി സന്തുലനത്തിനും സംസ്ഥാനത്തിന്റെ സാമ്പത്തിക വികസനത്തിനും ഇത് നൽകുന്ന സംഭാവനകളും അംഗീകരിച്ചുകൊണ്ടുള്ളതാണ് വന-വന്യജീവിസംരക്ഷണം സംബന്ധിച്ച ഈ സർക്കാരിന്റെ നയം. സർക്കാരിതര സംഘടനകളും വനസംരക്ഷണ സമിതിപോലുള്ള ജനകീയ സമിതികളുമായി സഹകരിച്ചുകൊണ്ട് വനസംരക്ഷണത്തിനും വനവൽക്കരണത്തിനും വേണ്ടി 4.20 കോടി രൂപ ഞാൻ വകയിരുത്തിയിട്ടുണ്ട്. പദ്ധതിയിനത്തിൽ വിദേശ സഹായത്തോടെയുള്ള കേരള ഫോറസ്ട്രി പദ്ധതിക്കായി 40 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഇതുകൂടാതെ വനസമ്പത്ത് പരിരക്ഷിക്കുന്നതിനായുള്ള കേന്ദ്രപദ്ധതിയുടെ സംസ്ഥാനവിഹിതമായി 3.60 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്. 2003–04ൽ വനംവകുപ്പിന് പദ്ധതിയിനത്തിൽ ഒട്ടാകെ 57.90 കോടി രൂപ ലഭിക്കും.

## സഹകരണം

112. വ്യാപകവും സുസംഘടിതവുമായ സഹകരണ പ്രസ്ഥാനത്തിന് പേരുകേട്ട സംസ്ഥാനമാണ് കേരളം. ഈ പ്രസ്ഥാനത്തെ നവീകരിക്കുന്നതിനും കൂടുതൽ ജനാധിപത്യവൽക്കരണത്തിനും സർക്കാർ പ്രതിജ്ഞാബദ്ധമാണ്. സഹകരണ മേഖലയ്ക്കു ഞാൻ 15 കോടിരൂപ വകയിരുത്തുന്നു. ഇതിൽ 5 കോടി രൂപ കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമവികസന ബാങ്കിനുവേണ്ടിയും, 3.25 കോടി രൂപ ക്ഷയോന്മുഖവും എന്നാൽ വികസനസാദ്ധ്യതയുള്ളതുമായ സഹകരണ സംഘങ്ങളുടെ പുനരധിവാസത്തിനും. 3.25 കോടി രൂപ സഹകരണ സ്ഥാപനങ്ങളുടെ വികസനത്തിനും വൈവിദ്ധ്യവൽക്കരണത്തിനുമാണ്. സഹകരണവകുപ്പിലെ ഭരണപരിഷ്ക്കാരങ്ങൾക്കായി 2.16 കോടി രൂപയും ഉൾപ്പെടുത്തിയിരിക്കുന്നു.

113. ആത്മാർത്ഥമായ പരിശ്രമങ്ങളിലൂടെ പരിയാരം മെഡിക്കൽ കോളേജിന് പൂർണ്ണമായ അംഗീകാരം നേടിയെടുക്കുവാൻ ഗവൺമെന്റിന് സാധിച്ചു. പരിയാരം മെഡിക്കൽ കോളേജിനോടനുബന്ധിച്ച് ഒരു ഡെന്റൽ കോളേജും ഒരു നഴ്സിംഗ് കോളേജും ഒരു നെഴ്സിംഗ് സ്കൂളും തുടങ്ങുവാൻ ഉദ്ദേശിക്കുന്നു.

## ശാസ്ത്ര-സാങ്കേതികവിദ്യ

114. ശാസ്ത്ര സാങ്കേതിക മേഖലയിൽ വരുത്തിയ സമഗ്രമായ പുനസംഘടനയാണ് ഈ സർക്കാർ വിജയകരമായി നടപ്പാക്കിയ സുപ്രധാന പരിഷ്ക്കാരങ്ങളിൽ ഒന്ന്. സംസ്ഥാനത്തെ ശാസ്ത്രസാങ്കേതിക പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും, നേതൃത്വം നൽകുന്നതിനും അവയുടെ ആക്കം കൂട്ടുന്നതിനും ലക്ഷ്യമിട്ടുകൊണ്ട് സംസ്ഥാന ശാസ്ത്ര സാങ്കേതിക കൗൺസിൽ സ്ഥാപിച്ചു. നമ്മുടെ ഒട്ടുമിക്ക ശാസ്ത്ര സാങ്കേതിക സ്ഥാപനങ്ങളും രൂപീകൃതമായി കാൽശതാബ്ദത്തിനുശേഷമുള്ള ഈ പരിഷ്ക്കരണ നടപടി തീർച്ചയായും പ്രസ്തുത മേഖലയ്ക്ക് ഒരു ദിശാബോധം നൽകും. പരിഷ്ക്കരണ പ്രക്രിയ ശക്തമാക്കുന്ന സർക്കാരിന്റെ ലക്ഷ്യത്തിന് അനുസൃതമായി, ഈ മേഖലയുടെ വിഹിതം 50ശതമാനം വർദ്ധിപ്പിച്ച് 37.50 കോടി രൂപ വകയിരുത്തുകയും ചെയ്തിട്ടുണ്ട്.

# സാമൂഹ്യ ക്ഷേമം

115. സമൂഹത്തിലെ ദുർബല വിഭാഗങ്ങളുടെ സാമൂഹ്യ സുരക്ഷ ഉറപ്പുവരുത്തുന്ന കാര്യത്തിൽ കേരളം മറ്റു സംസ്ഥാനങ്ങൾക്ക് ഒരു മാതൃകയാണ്. സാമ്പത്തിക സമ്മർദ്ദങ്ങൾ എന്തു തന്നെയായാലും മാനുഷിക മൂല്യങ്ങൾക്ക് വില കൽപ്പിക്കുന്ന ഒരു സർക്കാരിന് സമൂഹത്തിലെ ഏറ്റവും അധഃസ്ഥിത വിഭാഗങ്ങൾക്ക് സാമൂഹ്യ സുരക്ഷ ഉറപ്പാക്കുന്ന ഉത്തരവാദിത്വം കുറച്ചു കാണാൻ സാധിക്കില്ല. നമ്മുടെ സാമൂഹ്യക്ഷേമസ്ഥാപനങ്ങളെ, അന്തേവാസികൾക്ക് താമസ സൗകര്യം ഒരുക്കുന്നതിനുപരി അവരുടെ ക്ഷേമവും പുനരധിവാസവും സമന്വയിപ്പിക്കുന്ന പരമപ്രധാനമായ പങ്കു വഹിക്കാനുതകുന്ന തരത്തിൽ ഈ വർഷം പുനസ്സംവിധാനം ചെയ്യുവാൻ സർക്കാർ ഉദ്ദേശിക്കുന്നു. അന്തേവാസികൾക്ക് വൈദ്യപരിശോധന ഏർപ്പെടുത്തുന്നതിനായി ജില്ലാതല ഉന്നതാധികാര സമിതികൾ രൂപീകരിക്കുവാനും ഈ സ്ഥാപനങ്ങളിലെ സേവന നിലവാരം വിലയിരുത്തുന്നതിനായി സന്നദ്ധസംഘടനകളും മറ്റു സാമൂഹ്യ സംഘടനകളുമായി ഒരു ധാരണ ഉണ്ടാക്കുവാനും ഉദ്ദേശിക്കുന്നു. ഈ സവിശേഷ പദ്ധതിക്കായി 1 കോടി രൂപ ഞാൻ വകയിരുത്തുന്നു.

116. നമ്മുടെ സാമൂഹ്യക്ഷേമ സ്ഥാപനങ്ങൾക്ക് ഗ്രാൻറ് ഇനത്തിൽ കൊടുത്തു തീർക്കാനുള്ള കുടിശ്ശിക നൽകുവാൻ 2 കോടി രൂപ അധികമായി വകയിരുത്തുന്നു. ഞാൻ നേരത്തെ പ്രസ്താവിച്ചതുപോലെ, കുട്ടികളുടെയും, വികലാംഗരുടെയും, വൃദ്ധരുടെയും ക്ഷേമത്തിനായി പ്രാദേശിക സർക്കാരുകളുടെ പദ്ധതി വിഹിതത്തിൻെറ 5 ശതമാനം നീക്കിവയ്ക്കണമെന്ന നയപരമായ തീരുമാനം നാം എടുത്തുകഴിഞ്ഞു. പ്രാദേശിക സർക്കാരുകൾ നടപ്പിലാക്കുന്ന ഈ വിഭാഗങ്ങൾക്കായുള്ള ഒട്ടേറെ പദ്ധതികൾ തയ്യാറാക്കിവരികയാണ്. ദാരിദ്ര്യ രേഖക്കു താഴെയുള്ള കുടുംബങ്ങളെ കണ്ടെത്തുന്നതിന് നടത്തുവാൻ പോകുന്ന സെൻസസ്സ്, വികലാംഗരെ സംബന്ധിച്ച് പൂർണ്ണ വിവരങ്ങൾ ശേഖരിക്കുന്നതിനുവേണ്ടി പ്രയോജനപ്പെടുത്തുന്നതാണ്. ഈ വിഭാഗങ്ങളുടെ ക്ഷേമത്തിനുള്ള പദ്ധതികൾ രൂപീകരിക്കുന്നതിനായി പിന്നീട് ഈ വിവരങ്ങൾ ഉപയോഗപ്പെടുത്തുന്നതാണ്. അഗതികളുടെ ക്ഷേമ പദ്ധതിക്കായി മാത്രം നീക്കിവച്ച 48 കോടി രൂപയ്ക്ക് പുറമേ സാമൂഹ്യ ക്ഷേമ മേഖലക്കായി 15.75 കോടി രൂപ ഞാൻ വകയിരുത്തിയിട്ടുണ്ട്.

117. കേരള സംസ്ഥാന വനിതാവികസന കോർപ്പറേഷന് വകയിരുത്തിയിട്ടുള്ള 2 കോടി രൂപ, കേരള സംസ്ഥാന വികലാംഗ ക്ഷേമകോർപ്പറേഷന് നൽകുന്ന 70 ലക്ഷം രൂപ, മന്ദബുദ്ധികളായ കുട്ടികൾക്ക് വേണ്ടിയുള്ള സി.എച്ച്. മുഹമ്മദ് കോയ സ്മാരക സംസ്ഥാന ഇൻസ്റ്റിറ്റ്യൂട്ടിനുള്ള 50 ലക്ഷം രൂപ, നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സ്പീച്ച് ആൻറ് ഹിയറിംഗിഞ്ഞിന് സഹായധനമായി ആയി വകയിരുത്തിയിട്ടുള്ള 75 ലക്ഷം രൂപ എന്നിവ ഈ മേഖലയിലെ പ്രധാനപ്പെട്ട പദ്ധതികളിൽ ഉൾപ്പെടും. ഇതിനുപുറമേ, വികലാംഗർക്കും, മാനസികാ രോഗത്തിൽ നിന്ന് മുക്തരായവർക്കുമുള്ള സാമൂഹ്യ സുരക്ഷിതത്വ സംരംഭങ്ങൾക്കായുള്ള പാക്കേജ് സ്കീം തുടരുന്നതാണ്. ഇതിന് 1.65 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. നിലവിലുള്ള സാമൂഹ്യ ക്ഷേമസ്ഥാപനങ്ങളുടെ നവീകരണത്തിനായി 1.50 കോടി രൂപയും ഞാൻ വകയിരുത്തിയിട്ടുണ്ട്. പോഷകാഹാരക്കുറവുള്ള കുട്ടികൾക്കും, ഗർഭിണികൾക്കും, മുലയൂട്ടുന്ന അമ്മമാർക്കും പാൽ നൽകുന്ന നവീന പദ്ധതി ഈ വർഷവും തുടരുന്നതിനായി 8 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. സർ, നമ്മുടേത് ശരിക്കും വിശാലമായ ഒരു സാമൂഹ്യ സുരക്ഷാ പരിപാടിയാണ്. ഇതിന് മതിയായ തുക നീക്കി വയ്ക്കാൻ സാധിച്ചതിൽ എനിക്കതിയായ സന്തോഷമുണ്ട്.

## തൊഴിലും തൊഴിൽ പരിശീലനവും

118. തൊഴിലാളികളുടെ അവകാശങ്ങൾ ഉറപ്പാക്കുന്നതിനൊപ്പം സംസ്ഥാനത്ത് വ്യാവസായിക വളർച്ചയ്ക്കുള്ള അന്തരീക്ഷം സൃഷ്ടിക്കുക എന്ന ലക്ഷ്യം കൈവരിക്കുന്നതിന് വേണ്ടി ശ്രദ്ധാപൂർവ്വം തയ്യാറാക്കിയ ദീർഘവീക്ഷണത്തോടുകൂടിയ തൊഴിൽ നയവുമായി മുന്നോട്ടു പോകാൻ തൊഴിൽ വകുപ്പ് ഉദ്ദേശിക്കുന്നു. സ്ഥാപനങ്ങൾക്ക് തൊഴിൽ നിയമങ്ങൾ അനുസരിക്കുമെന്ന് ഉറപ്പു നൽകുന്ന സ്വയം സാക്ഷ്യപ്പെടുത്തലിനുള്ള അവസരം നൽകുന്ന ഒരു 'പ്രിസംപ്റ്റീവ് കംപ്ളയൻസ് സ്കീം' നടപ്പിലാക്കാനുദ്ദേശിക്കുന്നു

119. ആവശ്യമായ ബജറ്റ് വിഹിതമില്ലാത്തതിനാൽ ഇ.എസ്.ഐ. പദ്ധതി പ്രകാരമുള്ള തൊഴിലാളികളുടെ വളരെയധികം ചികിൽസാ ക്ലെയിമുകൾ അനുവദിക്കാൻ കഴിയുന്നില്ല എന്ന വസ്തുത എന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സർ, പദ്ധതിയേതര ഇനത്തിൽ ബജറ്റിൽ വകയിരുത്തിയ 36.96 കോടി രൂപയ്ക്ക് പുറമേ തൊഴിലാളികളുടെ ക്ലെയിമുകൾ പൂർണ്ണമായി കൊടുത്തു തീർക്കുന്നതിന് വേണ്ടി 5 കോടി രൂപ കൂടി അധികമായി വകയിരുത്തുന്നതിൽ എനിക്ക് സന്തോഷമുണ്ട്.

120. ഐ.റ്റി.ഐകളുടെ ആധുനിക വൽക്കരണത്തിനുവേണ്ടി 4 കോടി രൂപ ബജറ്റിൽ ഞാൻ വകയിരുത്തിയിട്ടുണ്ട്.

121. എംപ്ളോയ്മെന്റ് എക്സ്ചേഞ്ചുകളിലെ സേവനത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിന് വേണ്ടി ഈ ഓഫീസുകൾ കമ്പ്യൂട്ടർവൽക്കരിക്കുന്നതിന് 50 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

## റവന്യൂ

122. റവന്യൂ രേഖകൾ ഈ വർഷം തന്നെ കമ്പ്യൂട്ടർവൽക്കരിക്കും. സർട്ടിഫിക്കറ്റുകൾ ഒരു മാസത്തിനുള്ളിൽ തന്നെ നൽകുന്നതിന് ഇതിലൂടെ സാദ്ധ്യമാകും. സംസ്ഥാനമൊട്ടാകെ ജീവനക്കാർക്ക് പരിശീലനം നൽകും. ആദിവാസികൾക്കും, മലയോര കർഷകർക്കും പട്ടയം നൽകുന്നതിനും ഭൂരഹിത ആദിവാസികൾക്ക് ഭൂമി നൽകും എന്ന സർക്കാരിന്റെ വാഗ്ദാനം നടപ്പിലാക്കുന്നതിനും റവന്യൂ വകുപ്പ് പ്രധാന പങ്ക് വഹിക്കും. റവന്യൂ സംവിധാനം ശക്തിപ്പെടുന്നതിനും ഭൂരേഖകൾ പുതുക്കുന്നതിനും വേണ്ടി 3.08 കോടി രൂപ പദ്ധതി ഇനത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

123. പാട്ടത്തിന് നൽകിയ പൊതുവസ്തുവകകളുടെ വാടക ഈ വർഷം പുതുക്കുവാൻസർക്കാർ ഉദ്ദേശിക്കുന്നു. റവന്യൂ വകുപ്പിന്റെ ആഭിമുഖ്യത്തിലുള്ള അദാലത്തുകൾ ഊർജ്ജിതപ്പെടുത്തും. അവശതയിലുള്ള വൃദ്ധ ജനങ്ങൾക്ക് ഗുരുതരമായ രോഗ ചികിൽസക്കും ഓപ്പറേഷനു വേണ്ടിയും ആവശ്യമായ ധനസഹായം നൽകുന്നതിന് വേണ്ടി പദ്ധതി തയ്യാറാക്കുന്നതാണ്. ഇതിനു വേണ്ടി 25 ലക്ഷം രൂപ വകയിരുത്തുന്നു.

## ഭവനനിർമ്മാണം

124. മുൻസർക്കാർ കൃത്യസമയത്ത് തിരിച്ചടവ് നടത്താതിരുന്നതിനെത്തുടർന്ന് ഹഡ്കോ ഹൗസിംഗ് ബോർഡിനുള്ള ധനസഹായം നിർത്തിവച്ചതിന്റെ ഫലമായി പാവപ്പെട്ട ആയിരക്കണക്കിന് ഗുണഭോക്താക്കളുടെ സ്വന്തമായി വീട് നിർമ്മിക്കുവാനുള്ള സ്വപ്നങ്ങൾ തകർന്നടിയുകയായിരുന്നു. ഹൗസിംഗ് ബോർഡിനുള്ള ധനസഹായം പുനഃസ്ഥാപിക്കുന്നതിലേക്കായി ഹഡ്കോയുമായി ഒരു ധാരണാപത്രം തയ്യാറാക്കാൻ കഴിഞ്ഞത് ഈ സർക്കാരിന്റെ ശ്രദ്ധേയമായ ഒരു നേട്ടമാണ്. വസ്തു പണയം വയ്ക്കാതെ തന്നെ "ഗഹാൻ" നിയമത്തിൻ കീഴിൽ ഹൗസിംഗ് ബോർഡിൽ നിന്നും വായ്പ അനുവദിക്കുന്നതിനാവശ്യമായ ഒരു നിയമം കൊണ്ടുവരാൻ സർക്കാർ ഉദ്ദേശിക്കുന്നു. ദുർബലവിഭാഗങ്ങൾക്ക് വേണ്ടി വീടുകൾ നിർമ്മിക്കുന്നതിലേക്കായി 'ഭൂമൈത്രി' പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു. മൈത്രി ഭവന പദ്ധതിക്കു വേണ്ടി 60 കോടി രൂപ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

## സർക്കാർ ഓഫീസുകളുടെ നവീകരണം

125. സെക്രട്ടേറിയറ്റ്, കളക്ടറേറ്റുകൾ, മേജർ വകുപ്പുകൾ എന്നിവ ഘട്ടംഘട്ടമായി നവീകരിക്കുക എന്നതാണ് എന്റെ ബജറ്റിലെ മറ്റൊരു പ്രധാന ചുവടുവയ്പ്. പൊതുവായ കാര്യങ്ങളിലും തൊഴിൽ പരമായ കാര്യങ്ങളിലും ജീവനക്കാർക്ക് ആവശ്യമായ പരിശീലനം നൽകുന്നതാണ്. ഈ സർക്കാരാഫീസുകൾ സന്ദർശിക്കുന്നവരോട് അർഹിക്കുന്ന ആദരവോടുകൂടി പെരുമാറുകയും ദീർഘനേരം കാത്തുനിൽക്കാൻ ഇടവരുത്താതെ അവർക്കാവശ്യമുള്ള വിവരങ്ങൾ ലഭ്യമാക്കുകയും ചെയ്യും. ഈ പദ്ധതിയുടെ ആദ്യ ഘട്ടം 2003 ജൂലായ് മാസത്തിൽ സെക്രട്ടേറിയറ്റിലും വാണിജ്യ നികുതി വകുപ്പിലും ആരംഭിക്കുന്നതാണ്. ഭരണ നവീകരണ പദ്ധതിയിൽ അടിസ്ഥാന സൗകര്യം ഉണ്ടാക്കുന്നതിനും കാര്യശേഷി വർദ്ധിപ്പിക്കുന്നതിനും വേണ്ടി 15 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

126. നമ്മുടെ ജീവനക്കാരെക്കുറിച്ചുള്ള ഒരു വ്യക്തിഗത ഡാറ്റാ ബേസിന്റെയും ജീവനക്കാരുടെ പേ റോളിന്റെയും അഭാവമാണ്, സർക്കാർ തലത്തിലെ മാനവശേഷി നിർവ്വഹണത്തിലും ആവശ്യമായ ചെലവിനെക്കുറിച്ച് കൃത്യമായി പ്രവചിക്കുന്നതിലും അനുഭവപ്പെടുന്ന ഒരു പ്രധാന ബുദ്ധിമുട്ട്. എല്ലാ ഓഫീസുകളുടേയും സമഗ്രമായ പേറോളും പേഴ്സണൽ മാനേജ്മെന്റ് സംവിധാനവും ആവശ്യമായ ഹാർഡ്‌വെയർ, സോഫ്റ്റ്‌വെയർ, സഹായത്തോടെ തയ്യാറാക്കുന്നതാണ്. എം.ജി.പി.യുടെ കീഴിലുള്ള അഭിമാനാർഹമായ ഈ പ്രോജക്റ്റിന് 18.20 കോടി രൂപ ഞാൻ വകയിരുത്തുന്നു.

127. സർക്കാർ തൊഴിൽ തേടുന്ന നമ്മുടെ യുവാക്കളിൽ നിന്ന് ലഭിക്കുന്ന അപേക്ഷകൾ വേഗത്തിൽ കൈകാര്യം ചെയ്യുന്നതിനായി കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഓഫീസുകൾ കമ്പ്യൂട്ടറൈസ് ചെയ്യാൻ 1 കോടി രൂപ ഞാൻ വകയിരുത്തുന്നു.

## നിയമം

128. നിലവിലുള്ള നിയമങ്ങളും, കാലാകാലങ്ങളിൽ പുതുതായി നിർമ്മിക്കപ്പെടുന്ന നിയമങ്ങളും ചട്ടങ്ങളും നിയമ വകുപ്പിന്റെ വെബ്സൈറ്റിലൂടെ പൊതുജനങ്ങൾക്ക് പ്രാപ്യമാക്കുന്നതിനുള്ള സുപ്രധാനമായ ഒരു സംരംഭം 2003-04ൽ നിർദ്ദേശിക്കപ്പെട്ടിട്ടുണ്ട്. സംസ്ഥാന നിയമവകുപ്പ്, അഡ്വക്കേറ്റ് ജനറൽ ഓഫീസ്, ന്യൂ ഡൽഹിയിലെ നിയമ ഓഫീസ് ജില്ലാപബ്ളിക് പ്രോസിക്യൂട്ടർമാരുടേയും ഗവൺമെന്റ് പ്ലീഡർമാരുടേയും ഓഫീസുകൾ എന്നിവ കമ്പ്യൂട്ടർവൽക്കരിക്കുകയും ഇവിടങ്ങളിൽ ഇന്റർനെറ്റ് സൗകര്യങ്ങൾ ഏർപ്പെടുത്തുകയും ചെയ്യുന്നതാണ്. ഇത് മൂലംസർക്കാർ കേസുകളുടെ നടത്തിപ്പും വിലയിരുത്തലും കൂടുതൽ കാര്യക്ഷമമാകും. ഈ ആവശ്യത്തിനായി 25 ലക്ഷം രൂപ വകയിരുത്തുവാൻ ഞാൻ ഉദ്ദേശിക്കുന്നു.

## സാംസ്ക്കാരികം

129. നമ്മുടെ ഭാഷ, സാഹിത്യം, ലളിതകലകൾ, നൃത്തം, നാടൻ കലകൾ, കരകൗശലം എന്നി മേഖലകളിലെല്ലാം നമ്മുടെ സംസ്ഥാനത്തിന്റെ സമ്പന്നമായ സാംസ്ക്കാരിക പൈതൃകം പരിപോഷിപ്പിക്കുന്നതിൽ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. ഈ സ്ഥാപനങ്ങൾക്കുള്ള വാർഷിക ഒറ്റത്തവണ ഗ്രാന്റ് 10 ലക്ഷം രൂപയിൽ നിന്ന് 15 ലക്ഷമായി വർദ്ധിപ്പിക്കുന്നു.

130. തൃശ്ശൂർ കേരള കലാമണ്ഡലത്തിന് വകയിരുത്തിയിട്ടുള്ള 90 ലക്ഷം രൂപയും, തിരുവനന്തപുരത്തെ വൈലോപ്പിള്ളി സാംസ്ക്കാരിക ഭവനത്തിന് വകയിരുത്തിയിട്ടുള്ള 70 ലക്ഷം രൂപയും, ആറൻമുള വാസ്തുവിദ്യാ ഗുരുകുലത്തിന് വകയിരുത്തിയിട്ടുള്ള 25 ലക്ഷം രൂപയുമാണ് ഈ മേഖലയിലെ പ്രധാന വിഹിതങ്ങൾ.

131. കേരളത്തിന്റെ തനത് വാദ്യകലാരംഗത്ത് ഒരു പുരസ്ക്കാരം ഏർപ്പെടുത്തുന്നതാണ്. ഈ പുരസ്ക്കാരം, സ്വാതി കഥകളി അവാർഡിന്റെ മാതൃകയിൽ ആവിഷ്ക്കരിക്കുന്നതാണ്. ഇതിനായി ഞാൻ 1 ലക്ഷം രൂപ വകയിരുത്തുന്നു. സ്വാതി കഥകളി അവാർഡിനും രാജാരവിവർമ്മ അവാർഡിനും ഒരു ലക്ഷം രൂപാ വീതം വകയിരുത്തുന്നു.

132. നമ്മുടെ യുവജനങ്ങളുടെ ഇടയിലും കേരളീയ ജീവിത ശൈലിയുമായി അടുത്തിടപഴകാൻ അവസരം ലഭിച്ചിട്ടില്ലാത്ത പ്രവാസി മലയാളികൾക്കും സമ്പന്നമായ നമ്മുടെ ഭാഷയെക്കുറിച്ചും സംസ്ക്കാരത്തെയും കുറിച്ചുള്ള അവബോധം വർദ്ധിപ്പിക്കുന്നതിന് ഉതകുന്ന ഒരു പദ്ധതി ആസൂത്രണം ചെയ്ത് നടപ്പിലാക്കാൻ വേണ്ടി ഞാൻ15 ലക്ഷം രൂപ വകയിരുത്തുന്നു.

133. മഹാകവി ഉള്ളൂർ എസ്. പരമേശ്വരയ്യരുടെ 125-ാം ജൻമവാർഷികത്തോടനുബന്ധിച്ച് 5 ലക്ഷം രൂപയുടെ പ്രത്യേക ഗ്രാന്റ് മഹാകവി ഉള്ളൂർ മെമ്മോറിയൽ ലൈബ്രറിയ്ക്കും റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിനും അനുവദിക്കുന്നു.

134. മഹാകവി മോയിൻകുട്ടി വൈദ്യർ സ്മാരക കമ്മറ്റിയുടെ പ്രവർത്തനങ്ങൾക്കായി ഒറ്റത്തവണ ഗ്രാൻറായി 5 ലക്ഷം രൂപ അനുവദിക്കുവാൻ ഞാൻ ഉദ്ദേശിക്കുന്നു.

135. പ്രശസ്ത ഭാഷാ പണ്ഡിതൻ ഡോ: കെ.എം. ജോർജ്ജിന്റെ സ്മാരകമായി ഭാഷയിലും സാഹിത്യത്തിലും പഠന ഗവേഷണങ്ങൾക്കായി ഒരു കേന്ദ്രം സ്ഥാപിക്കുന്നതിന് 5 ലക്ഷം രൂപ ഒറ്റത്തവണ ഗ്രാന്റായി നൽകാൻ ഞാനുദ്ദേശിക്കുന്നു.

## സ്പോർട്ട്സും യുവജനകാര്യങ്ങളും

136. സംസ്ഥാനത്തെ കായിക മേഖലയുടെ വികസനത്തിനായി സ്പോർട്ട്സ് കൗൺസിലിന് ഞാൻ 7.35 കോടി രൂപ നീക്കിവയ്ക്കുന്നു. ഇതിന് പുറമേ, 1.25 കോടി രൂപ സ്പോർട്ട്സ് ആന്റ് യൂത്ത് അഫയേഴ്സ് ഡയറക്ടറേറ്റിന് കീഴിലുള്ള പദ്ധതികൾ തുടരുന്നതിനായി ഞാൻ വകയിരുത്തിയിട്ടുണ്ട്. കണ്ണൂരിൽ ഒരു സംസ്ഥാനതല സ്പോർട്ട്സ് കോംപ്ലക്സിന്റെ നിർമ്മാണവും ഒരു നാഷണൽ സ്പോർട്ട്സ് അക്കാദമി സ്ഥാപിക്കലുമാണ് അടുത്ത വർഷത്തേക്ക് വിഭാവനം ചെയ്തിട്ടുള്ള പ്രധാന പദ്ധതികൾ.

137. യുവജനക്ഷേമ ബോർഡിന്റെ പ്രവർത്തനങ്ങൾക്കായി 2.39 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

138. സംസ്ഥാനത്തെ കായിക പ്രതിഭകളെ പ്രോൽസാഹിപ്പിക്കുന്നതിനായി പി.ടി. ഉഷ ഏറ്റെടുത്തിരിക്കുന്ന പ്രശംസനീയമായ പരിശ്രമങ്ങൾക്ക് സഹായമായി 10 ലക്ഷം രൂപ ഗ്രാന്റ് ആയി നീക്കി വയ്ക്കാൻ എനിക്ക് അതിയായ സന്തോഷമുണ്ട്.

139. തിരുവനന്തപുരത്ത് യൂണിവേഴ്സിറ്റി സ്റ്റേഡിയത്തിൽ ഒരു സിന്തറ്റിക് ട്രാക്ക് നിർമ്മിക്കുന്നതിനു സർക്കാർ സഹായമായി 1 കോടി രൂപയും കൊച്ചിയിൽ മറ്റൊരു സ്റ്റേഡിയത്തിൽ ഇതുപോലൊരു ട്രാക്കിന്റെ നിർമ്മാണത്തിനായി 2 കോടി രൂപയും അധികമായി വകയിരുത്തുന്നു.

140. ആലപ്പുഴയിൽ ഒരു സ്റ്റേഡിയം നിർമ്മിക്കുന്നതിനായി 25 ലക്ഷം രൂപ വകയിരുത്തുന്നതിൽ എനിക്ക് സന്തോഷമുണ്ട്.

141. കാസർകോഡ് മുൻസിപ്പൽ സ്റ്റേഡിയം കോംപ്ലക്സ് പണിയുവാൻ സഹായധനമായി 20 ലക്ഷം രൂപ വകയിരുത്തുന്നു.

## മലയോര തീരദേശ വികസന അതോറിറ്റികൾ

142. മലയോര .വികസന അതോറിറ്റിയും തീരദേശ വികസന അതോറിറ്റിയും സ്ഥാപിക്കുന്നതിനാവശ്യമായ ഭരണപരമായ നടപടികൾ പൂർത്തിയാക്കുവാൻ കഴിഞ്ഞ വർഷം സർക്കാരിനു കഴിഞ്ഞില്ല. ഇവ സ്ഥാപിക്കുന്നതിനായുള്ള നടപടികൾ പൂർത്തീകരിക്കുന്നതിനായി നാമമാത്രമായ തുകയായി 1 കോടി രൂപ ഞാൻ വകയിരുത്തുന്നു.

## ഇൻഫർമേഷനും പബ്ളിക് റിലേഷൻസും

143. നിർദ്ദിഷ്ട ജേർണ്ണലിസം ഇൻസ്റ്റിറ്റ്യൂട്ടിന് ഒരു പുതിയ കെട്ടിടം നിർമ്മിക്കുന്നതിനു വേണ്ടി തിരുവനന്തപുരം പ്രസ്സ് ക്ലബിന് 15 ലക്ഷം രൂപ ഗ്രാന്റായി പ്രഖ്യാപിക്കുവാൻ എനിക്ക് സന്തോഷമുണ്ട്.

## നോർക്ക

144. നോർക്ക വകുപ്പ് പ്രവാസി മലയാളികളുടെ ക്ഷേമത്തിനായുള്ള പദ്ധതികളുടെ പ്രവർത്തനം കൂടുതൽ ഊർജ്ജിതമാക്കുന്നതാണ്. റൂട്ട്സ് – എൻ.ആർ.കെ. ഡവലപ്പ്മെൻറ് ഇനിഷ്യേറ്റീവ് എന്ന പുതിയ കമ്പനി ഈ പരിശ്രമങ്ങളെ പരിപോഷിപ്പിക്കുന്നതാണ്. ഈ സംരംഭത്തിലെ സർക്കാർ പങ്കാളിത്തത്തിനായി 1 കോടി രൂപ ഞാൻ വകയിരുത്തുന്നു.

## ലോട്ടറി

145. സംസ്ഥാനത്തെ നികുതിയേതര വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടിയുടെ ഭാഗമായി ലോട്ടറി വകുപ്പിൽ 'ഓൺലൈൻ ലോട്ടറി' സമ്പ്രദായം നടപ്പാക്കുവാൻ ഞാൻ ഉദ്ദേശിക്കുന്നു. അതേസമയം രണ്ടര ലക്ഷം ആളുകളുടെ പ്രധാന ജീവനോപാധിയായ നിലവിലുള്ള ലോട്ടറി സമ്പ്രദായം നാം തുടർന്നും പ്രോൽസാഹിപ്പിക്കും.

## രജിസ്ട്രേഷൻ

146. കമ്പ്യൂട്ടറൈസേഷൻ നടപടികൾ പൂർത്തിയായ രജിസ്ട്രേഷൻ ഓഫീസുകളിലെ സേവന നിലവാരം ഗണ്യമായി മെച്ചപ്പെട്ടിട്ടുണ്ടെന്നുള്ള വിവരം ചൂണ്ടിക്കാണിക്കുന്നതിൽ എനിയ്ക്ക് സന്തോഷമുണ്ട്. ഈ വർഷം 60 സബ്‌രജിസ്ട്രാർ ഓഫീസുകളിലെ കമ്പ്യൂട്ടറൈസേഷൻ ജോലികൾ പൂർത്തീകരിക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നു. ഇതിനായി 4.46 കോടി രൂപ ഞാൻ വകയിരുത്തുന്നു. ഭൂമി ഇടപാടുകളിൽ വില കുറച്ചു കാണിക്കുന്ന പ്രവണത തടയുവാനായി സംസ്ഥാനത്തെ ഭൂമിയുടെ യഥാർത്ഥ വില നിശ്ചയിക്കുന്നതിനും അതു പരസ്യപ്പെടുത്തുന്നതിനും സർക്കാർ ഉദ്ദേശിക്കുന്നു.

## ട്രഷറികൾ

147. സംസ്ഥാനത്തിന്റെ ധനകാര്യ മാനേജ്മെൻറിൽ ട്രഷറികൾ ഒരു സുപ്രധാന പങ്ക് വഹിക്കുന്നു. ഒരു റഗുലേറ്ററി വകുപ്പ് എന്ന കാഴ്ചപ്പാടിൽ നിന്നും മാറി പൊതുജനങ്ങൾക്ക് മെച്ചപ്പെട്ട സേവനം നൽകുന്ന ഒരു പ്രസ്ഥാനമായി ട്രഷറി വകുപ്പിനെ മാറ്റിയെടുക്കുവാനാണ് ഉദ്ദേശിക്കുന്നത്. ട്രഷറികളിൽ ജോലി ചെയ്യാനുള്ള സൗകര്യം മെച്ചപ്പെടുത്തുന്നതിനും പഴയ കെട്ടിടങ്ങൾ പുതുക്കി പണിയുന്നതിനുമായി 1 കോടി രൂപ ഞാൻ വകയിരുത്തുന്നു.

148. ട്രഷറി വകുപ്പിന്റെ കമ്പ്യൂട്ടറൈസേഷൻ പരിപാടി തൃപ്തികരമായി പുരോഗമിക്കുകയാണ്. ഈ വർഷം തന്നെ അതു പൂർത്തിയാക്കാൻ കഴിയും. ഇതിനായി 1 കോടി രൂപ ഞാൻ അധികമായി വകയിരുത്തുന്നു. ഈ ആവശ്യത്തിലേക്കായി കേന്ദ്രസർക്കാരിൽ നിന്ന് അധിക കേന്ദ്ര സഹായമായി ലഭിച്ച നമ്മുടെ കൈവശമുള്ള 8 കോടി രൂപയ്ക്ക് പുറമെയാണിത്.

## വാണിജ്യ നികുതി

149. സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്താനുള്ള സർക്കാരിന്റെ ആത്മാർത്ഥമായ പരിശ്രമത്തിന്റെ ഭാഗമായി റവന്യൂ പിരിക്കുന്ന വകുപ്പുകളെ ഭാരിച്ച ഉത്തരവാദിത്വം ഏൽപ്പിച്ചിരുന്നു. പ്രത്യേകിച്ചും വാണിജ്യ നികുതി വകുപ്പിന് മുൻവർഷത്തെക്കാൾ 26 ശതമാനത്തിന്റെ വർദ്ധനയെന്ന വളരെ ഉയർന്ന ലക്ഷ്യമാണ് നിശ്ചയിച്ചിരുന്നത്. പ്രശംസനീയമായ പരിശ്രമത്തിലൂടെ ഈ നേട്ടം കൈവരിക്കുവാനുള്ള ലക്ഷ്യത്തിലേക്ക് ഈ വകുപ്പ് മുന്നേറുകയാണ് എന്ന് അറിയിക്കുവാൻ എനിക്ക് സന്തോഷമുണ്ട്. ഈ വർഷം അധിക ഡിമാൻറ് തയ്യാറാക്കി പുതുതായി നികുതിയുടെ പരിധിയിൽ കൊണ്ടുവരുന്ന കാര്യത്തിൽ 100ശതമാനം വർദ്ധന കൈവരിക്കുവാൻ ഈ വകുപ്പിന് കഴിഞ്ഞുവെന്നത് ഏറെ ചാരിതാർത്ഥ്യജനകമാണ്. ഈ വകുപ്പിലെ ഇൻറലിജൻസ് വിങ്ങിന്റെ ശ്രമഫലമായി നികുതിവെട്ടിപ്പ് കണ്ടുപിടിച്ച് പിഴയീടാക്കിയ ഇനത്തിൽ മുൻവർഷത്തെക്കാൾ 40 ശതമാനം വർദ്ധനയാണ് കൈവരിച്ചിരിക്കുന്നത്.

150. മൂല്യവർദ്ധിത നികുതി സമ്പ്രദായത്തിലേക്ക് മാറ്റം കുറിച്ചുകൊണ്ട് 2003 ഏപ്രിൽ മുതൽ നികുതി ചരിത്രത്തിലെ ഒരു പുതിയ അദ്ധ്യായം നാം തുറക്കുകയാണ്. സംസ്ഥാനത്തിന്റെ നികുതി വരുമാനത്തെ ഇത് എങ്ങനെ ബാധിക്കും എന്ന ആശങ്ക ഈ മഹനീയ സഭയിലെ അംഗങ്ങൾ സർക്കാരുമായി പങ്കിടുമെന്ന് എനിക്ക് വിശ്വാസമുണ്ട്. നമ്മുടെ നികുതി വരുമാനത്തിൽ ഉണ്ടാകാൻ സാദ്ധ്യതയുള്ള ചോർച്ച തടയുന്നതിനാവശ്യമായ നിയമവ്യവസ്ഥകൾ VAT ബില്ലിൽ സശ്രദ്ധം ഉൾപ്പെടുത്തിയിട്ടുണ്ട് എന്ന വസ്തുത ഈ പ്രസംഗത്തിന്റെ അവസാനം നിങ്ങൾക്ക് ബോദ്ധ്യമാകും. നികുതി വരുമാനത്തിൽ കുറവു വരാൻ സാദ്ധ്യതയുള്ള സംസ്ഥാനങ്ങൾക്ക് തങ്ങൾ സഹായിക്കുമെന്ന കേന്ദ്രസർക്കാരിന്റെ വാഗ്ദാനം, ദേശീയനയത്തിന് അനുസൃതമായി ഈ ധീരമായ നടപടി എടുക്കുന്നതിന് നമ്മെ പ്രേരിപ്പിക്കുന്നു. നമ്മുടെ നികുതിദായകരെ വിശ്വാസത്തിൽ എടുത്തുകൊണ്ട് സുതാര്യവും ലളിതവുമായ സ്വയം-പാലിക്കപ്പെടുന്ന നികുതി സംവിധാനത്തിനായിരിക്കും നാം ഊന്നൽ നൽകുക. പുതിയ സംവിധാനം പ്രാവർത്തികമാക്കുന്നതിനാവശ്യമായ വിധം ഈ വകുപ്പ് ആധുനികവൽക്കരിക്കുന്നതാണ്. ഇതിലേക്കായി രണ്ടു കോടി രൂപ ഞാൻ വകയിരുത്തുന്നു.

## എക്സൈസ്

151. കാര്യക്ഷമമായ എൻഫോഴ്സ്മെൻറിന് വിഘാതം സൃഷ്ടിക്കുന്നതും നിരന്തരമായി കോടതികളിൽ ചോദ്യം ചെയ്യപ്പെടുന്നതുമായ 1077ലെ എക്സൈസ് നിയമം കാലോചിതമായി പൊളിച്ചെഴുതുന്നതിനുവേണ്ടി ഒരു കമ്മറ്റിയെ നിയമിക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നു. ഘട്ടംഘട്ടമായി മദ്യനിരോധനം സംസ്ഥാനത്ത് നടപ്പിലാക്കണം എന്ന കാര്യത്തിൽ സർക്കാർ പ്രതിജ്ഞാ ബദ്ധമാണ്. ഇതോടൊപ്പം തന്നെ മദ്യപാനത്തിന്റെ ദുരന്ത ഫലങ്ങൾ സംബന്ധിച്ച് ബോധവൽക്കരണ പരിപാടികൾ ഊർജ്ജിതമായി നടത്തിവരികയുമാണ്. ജസ്റ്റിസ് മോഹൻ കുമാർ കമ്മീഷൻ റിപ്പോർട്ട് ഉൾപ്പെടെ വിവിധ റിപ്പോർട്ടുകളും ശുപാർശകളും സർക്കാർ പരിശോധിച്ചു കൊണ്ടിരിക്കുകയാണ്.

152. എക്സൈസ് സംവിധാനത്തിന്റെ ആധുനികവൽക്കരണം, എക്സൈസ് ഉദ്യോഗസ്ഥരുടെ കാര്യക്ഷമത വർദ്ധിപ്പിക്കുക എന്നിവ ഈ സർക്കാർ ശ്രദ്ധ കേന്ദ്രീകരിച്ചിരിക്കുന്ന രണ്ടു മേഖലകളാണ്. വ്യാജ മദ്യം തടയുന്നതിനും, എക്സൈസ് നിയമങ്ങൾ കർശനമായി നടപ്പിലാക്കുന്നതിനും വേണ്ടി ഈ വകുപ്പിനെ സുസജ്ജമാക്കിക്കൊണ്ടിരിക്കുകയാണ്. എക്സൈസ് വകുപ്പിന്റെ ആധുനിക വൽക്കരണം തുടരുന്നതിനായി 5 കോടി രൂപ ഞാൻ വകയിരുത്തുന്നു. തിരുവനന്തപുരത്ത് ഒരു എക്സൈസ് കോംപ്ലക്സ് നിർമ്മിക്കുന്നതിനായി 2.85 കോടി രൂപ ഞാൻ വകയിരുത്തുന്നു.

## പോലീസും വിജിലൻസും

153. നമ്മുടെ വീടുകളുടേയും തെരുവുകളുടേയും സുരക്ഷിതത്വത്തിലൂടെ മാത്രമേ കേരളത്തിനായുള്ള നമ്മുടെ ബൃഹത്ത് പദ്ധതിയിൽ നാം ദീർഘദർശനം ചെയ്യുന്ന സാമൂഹ്യ സാമ്പത്തിക പുരോഗതി സാദ്ധ്യമാക്കാൻ കഴിയൂ. അംഗീകൃത ജനാധിപത്യ ശൈലിയായ സമവായത്തിനും സംഭാഷണത്തിനും നേരിയ പരിഗണന പോലും നൽകാതെ, ചെറിയ പ്രകോപനങ്ങൾ പോലും ഊതി വീർപ്പിച്ച് കുഴപ്പങ്ങൾ സൃഷ്ടിക്കാനുള്ള ചില കേന്ദ്രങ്ങളുടെ ബോധപൂർവ്വമായ ശ്രമങ്ങൾക്കിടയിലും, സംസ്ഥാനത്തിന്റെ ക്രമസമാധാന നില എടുത്തു പറയാവുന്ന നിലയിൽ മെച്ചപ്പെട്ടിട്ടുണ്ടെന്ന് വിലയിരുത്തുവാൻ എനിക്ക് അതിയായ സന്തോഷമുണ്ട്. ക്രമസമാധാന രംഗത്തുള്ള സർക്കാരിന്റെ ഈ നേട്ടം, കാര്യക്ഷമതയും അച്ചടക്കവും അർപ്പണ ബോധമുള്ളതുമായ ഒരു പോലീസ് സേന കെട്ടിപ്പടുക്കുകയെന്ന നമ്മുടെ സമീപനത്തെ സാധൂകരിക്കുന്നതായി സർക്കാർ ദൃഢമായി വിശ്വസിക്കുന്നു. പോലീസ് സേനയെ നവീകരിക്കുവാനുള്ള വ്യക്തമായ നടപടികൾ ഈ സർക്കാർ കൈക്കൊണ്ടിട്ടുണ്ട്. അവ കൂടുതൽ ശക്തിയോടെ തുടരുന്നതാണ്. 2003 -04 അവസാനത്തോടെ പോലീസ് വകുപ്പിലെ കമ്പ്യൂട്ടറൈസേഷൻ നടപടികൾ പൂർത്തിയാക്കുന്നതാണ്. കുറ്റാന്വേഷണത്തിനും വാർത്താവിനിമയത്തിനും ആവശ്യമായ അത്യന്താധുനിക ഉപകരണങ്ങൾ പോലീസ് സേന സ്വായത്തമാക്കിക്കൊണ്ടിരിക്കുകയാണ്. പോലീസ് വകുപ്പിന്റെ നവീകരണ പദ്ധതിക്കുള്ള വിഹിതമായി 80 കോടി രൂപ ഞാൻ വകയിരുത്തുന്നു.

154. ഈ വർഷം നിർമ്മാണം തുടങ്ങിയ 17 പോലീസ് സ്റ്റേഷനുകളുടെ പണി പൂർത്തിയാക്കുന്നതും 2003-04ൽ 37 പോലീസ് സ്റ്റേഷനുകളുടെ പണിയാരംഭിക്കുന്നതുമാണ്. നാഷണൽ ഹൈവേയിൽ റോന്തുചുറ്റുന്നതിനായി നാഷണൽ ഹൈവേ പോലീസ് വിഭാഗവും വിവിധ ടൂറിസ്റ്റ് കേന്ദ്രങ്ങൾക്കായി ടൂറിസ്റ്റ് പോലീസ് വിഭാഗവും രൂപീകരിച്ചുകഴിഞ്ഞു. അടുത്ത വർഷം ഒരു മറൈൻ പോലീസ് വിഭാഗം രൂപീകരിക്കാൻ സർക്കാരുദ്ദേശിക്കുന്നു.

155. നമ്മുടെ പോലീസ് സേനയിലെ ഭൂരിഭാഗം പേരും മണിക്കൂറുകളോളം വിശ്രമമില്ലാതെ ജോലിചെയ്യേണ്ടിവരുന്നുണ്ട്. മിക്കപോലീസ് ക്യാമ്പുകളിലേയും പ്രാഥമിക സൗകര്യങ്ങൾ തികച്ചും അപര്യാപ്തമാണെന്നും അവ ഇനിയുമേറെ മെച്ചപ്പെടുത്തേണ്ടതുണ്ടെന്നും സർക്കാരിന് ബോദ്ധ്യമുണ്ട്. പോലീസ് കോൺസ്റ്റബിൾമാർക്കായി 1104ഉം ഓഫീസർമാർക്കായി 272ഉം ക്വാർട്ടേഴ്സുകളുടെ പണി നടന്നുകൊണ്ടിരിക്കുകയാണ്. അടുത്തവർഷം ഇവർക്കായി യഥാക്രമം 620 ഉം 160ഉം ക്വാർട്ടേഴ്സുകളുടെ പണി ഏറ്റെടുക്കുന്നതാണ്. അടുത്ത വർഷം 300 സ്ഥലങ്ങളിൽ വനിതാ പോലീസുകാർക്ക് മാത്രമായി വിശ്രമമുറികളും ടോയ്ലറ്റുകളും ഏർപ്പെടുത്തുന്നതാണ്.

156. പോലീസ് സേനയുടെ ക്ഷേമകാര്യങ്ങളിൽ ഈ സർക്കാർ എക്കാലത്തും അതീവ താൽപര്യം പ്രകടിപ്പിച്ചിട്ടുണ്ട്. ഈ സ്ഥായിയായ പ്രതിബദ്ധതയുടെ

തെളിവെന്നവണ്ണം, പോലീസ് ക്ഷേമനിധിയുടെ വാർഷിക വിഹിതം 50 ലക്ഷത്തിൽ നിന്നും ഒരു കോടി രൂപയായി ഉയർത്തുന്നതിൽ എനിക്കതിയായ സന്തോഷമുണ്ട്.

157. ക്രമസമാധാനപാലനത്തിന് വനിതാപോലീസടക്കമുള്ള നമ്മുടെ പോലീസ് സേനയുടെ അംഗസംഖ്യ തികച്ചും അപര്യാപ്തമാണ്. ഈയൊരു പശ്ചാത്തലത്തിലാണ് പോലീസ് സേനയുടെ അംഗസംഖ്യ വർദ്ധിപ്പിക്കാൻ സർക്കാർ ബോധപൂർവ്വം തീരുമാനിച്ചത്. ഡ്രൈവർമാരുടെ 600 തസ്തികകൾ സൃഷ്ടിച്ചുകഴിഞ്ഞിട്ടുണ്ട്. വനിതകളെ നിയമിക്കുന്നതിനായി 600 കോൺസ്റ്റബിൾ തസ്തികകൾ സൃഷ്ടിക്കുന്നതാണ്. 400 പുതിയ സബ് ഇൻസ്പെക്ടർമാരെ നിയമിക്കാൻ സർക്കാരുദ്ദേശിക്കുന്നു. ഇതു വഴി പുതുരക്തം കടത്തിവിട്ടുകൊണ്ട് പോലീസ് സേനയുടെ സേവനത്തിന്റെ നിലവാരം ഉയർത്താൻ സാധിക്കും.

158. അഴിമതിക്കെതിരെയുള്ള സർക്കാരിന്റെ പോരാട്ടം തുടർന്നുകൊണ്ട് സംശുദ്ധവും സത്യസന്ധവുമായ ഭരണസംവിധാനം പടുത്തുയർത്തേണ്ടതിന്റെ ആവശ്യകത ഈ സർക്കാരിന് ബോദ്ധ്യമുണ്ട്. ഈ സർക്കാരിനെ നയിക്കുന്ന അടിസ്ഥാന പ്രമാണങ്ങളിൽ നിന്നുരുത്തിരിയുന്നതാണ് സംശുദ്ധമായ ഒരു ഭരണകൂടത്തിന്റെ ആവശ്യകത. അർപ്പണബോധമുള്ള സത്യസന്ധരായ സർക്കാരുദ്യോഗസ്ഥൻമാർക്ക് കൃത്യനിർവ്വഹണത്തിനായി എല്ലാ സംരക്ഷണവും നൽകാൻ ഈ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. അതോടൊപ്പം തന്നെ അഴിമതിക്കാരായ ഉദ്യോഗസ്ഥരെ പിടികൂടി അഴിമതി പിഴുതെറിയാനുള്ള ശ്രമം ഊർജ്ജിതമായി തുടരുകയും ചെയ്യും. ഈ സുപ്രധാന കർത്തവ്യ നിർവ്വഹണത്തിനായി വിജിലൻസ് വകുപ്പിനെ സുസജ്ജമാക്കിക്കൊണ്ടിരിക്കുകയാണ്. വിജിലൻസ് വകുപ്പിന്റെ നവീകരണത്തിനായി മൂന്ന് കോടി രൂപ ഞാൻ മാറ്റിവയ്ക്കുന്നു.

# പൊതുവായ നടപടികൾ

## സർക്കാരുദ്യോഗസ്ഥർക്കായി പുതിയ ഭവന നിർമ്മാണ വായ്പാ പദ്ധതി

159. നേരത്തെ സർക്കാരിന് നൽകാൻ കഴിഞ്ഞതിലും വളരെ ഉദാരമായ നിബന്ധനകളോടെ സർക്കാർ ജീവനക്കാർക്ക് SBI, SBT, കാനറാബാങ്ക് മുതലായ ബാങ്കുകൾ വഴി ഭവന നിർമ്മാണ വായ്പ ലഭ്യമാക്കാനുള്ള ഒരു പദ്ധതിക്ക് ധനകാര്യവകുപ്പ് രൂപം നൽകിയിട്ടുണ്ടെന്ന് സഭയെ അറിയിക്കാൻ എനിക്കതിയായ സന്തോഷമുണ്ട്. 150 ഓളം കോടി രൂപ ഇതുവഴി ജീവനക്കാർക്ക് ലഭ്യമാക്കാൻ സാധിക്കുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു.

## ജീവനക്കാർക്കുള്ള മെച്ചപ്പെട്ട മെഡിക്കൽ റീ ഇംപേഴ്സ്മെന്റ് സ്കീം

160. പ്രമുഖ ഇൻഷുറൻസ് കമ്പനികൾ വഴി ആകർഷകമായ ഒരു മെച്ചപ്പെട്ട റീ ഇംപേഴ്സ്മെന്റ് സ്കീമിന് ധനകാര്യവകുപ്പ് രൂപം നൽകുകയാണെന്ന വിവരം ഈ സഭയെ അറിയിക്കുന്നതിൽ എനിക്ക് അതിയായ സന്തോഷമുണ്ട്. വൈദ്യപരിരക്ഷ ആവശ്യമായി വരുന്ന നമ്മുടെ ജീവനക്കാർക്കും അവരുടെ കുടുംബാംഗങ്ങൾക്കും ഈ പുതിയ പദ്ധതി ഒരു വലിയ സഹായമായിരിക്കും. നമ്മുടെ ജീവനക്കാർക്ക് ബജറ്റിൽ ഇപ്പോൾ ലഭ്യമായിട്ടുള്ള തുകയ്ക്ക്

ഉപരിയായി 50 കോടി രൂപയുടെ ആനുകൂല്യം കൂടി ഈ പദ്ധതിപ്രകാരം ലഭ്യമാക്കുന്നതാണ്.

## പെൻഷൻകാർക്കുള്ള പുതിയ മെഡിക്കൽ ഇൻഷ്വറൻസ് പദ്ധതി

161. പ്രമുഖ ഇൻഷ്വറൻസ് കമ്പനികളുമായി സഹകരിച്ച്, പെൻഷൻകാർക്ക് വേണ്ടി ഒരു പുതിയ മെഡിക്കൽ ഇൻഷ്വറൻസ് പദ്ധതി ആരംഭിക്കുന്ന വിവരം ഈ സഭയെ അറിയിക്കാൻ എനിക്ക് അതിയായ താൽപര്യമുണ്ട്. ഈ പദ്ധതി, 2003 ജൂലൈ 1-ാം തീയതി ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നത്.

## വികലാംഗർക്കായുള്ള പുതിയ ഇൻഷ്വറൻസ് പദ്ധതി

162. വികലാംഗർക്കുവേണ്ടി സംസ്ഥാന വികലാംഗ കമ്മീഷണറേറ്റുവഴി നടപ്പാക്കാനുദ്ദേശിക്കുന്ന ഒരു പുതിയ ഇൻഷ്വറൻസ് പദ്ധതി പ്രഖ്യാപിക്കുവാൻ എനിക്ക് അതിയായ സന്തോഷമുണ്ട്. ഇതിന് പ്രതിവർഷം പ്രീമിയം ഇനത്തിൽ 10 ലക്ഷം രൂപ ആവർത്തനച്ചെലവ് പ്രതീക്ഷിക്കുന്നു.

## അങ്കണവാടി വർക്കർമാർക്കും ഹെൽപ്പർമാർക്കും മെച്ചപ്പെട്ട പരിഗണന

163. അങ്കണവാടി വർക്കർമാരും ഹെൽപ്പർമാരും അനുഷ്ഠിക്കുന്ന അർപ്പണബോധത്തോടെയുള്ള സേവനം പരിഗണിച്ച് അവർക്കു നൽകി വരുന്ന ഓണറേറിയത്തിൽ കേന്ദ്രസർക്കാർ പ്രഖ്യാപിച്ച പ്രതിമാസം 300 രൂപയുടെ വർദ്ധനവ് നടപ്പിൽ വരുത്താൻ സർക്കാർ തീരുമാനിച്ചിരിക്കുന്നു. ഇപ്പോൾ അങ്കണവാടി വർക്കർമാരും ഹെൽപ്പർമാരും പ്രതിമാസം ഇരുപതും പത്തും രൂപ അവരുടെ ക്ഷേമനിധിയിലേക്കു സംസ്ഥാന സർക്കാരിന്റെ 10 ശതമാനം വിഹിതത്തോടൊപ്പം നൽകുന്നുണ്ട്. ഇവരുടെ ദീർഘകാലമായുള്ള അഭ്യർത്ഥന മാനിച്ച് വർക്കർമാരുടേയും ഹെൽപ്പർമാരുടേയും വിഹിതം യഥാക്രമം 30 രൂപയായും 15 രൂപയായും വർദ്ധിപ്പിക്കുന്നതിനും സംസ്ഥാന വിഹിതം നിലവിലുള്ള 10 ശതമാനത്തിനു പകരം ഓരോ മാസവും അവരുടെ വിഹിതത്തിനു തുല്യമായ 100ശതമാനം തുകയായി വർദ്ധിപ്പിക്കുവാൻ എനിക്ക് അതിയായ സന്തോഷമുണ്ട്. ഇതിന് 2 കോടി രൂപയുടെ അധിക ചെലവ് പ്രതീക്ഷിക്കുന്നു.

## നിയമസഭാ സാമാജികരുടെ പ്രാദേശിക വികസന ഫണ്ട്

164. മുൻവർഷത്തെ എന്റെ ബഡ്ജറ്റിൽ അനുവദിച്ച 25 ലക്ഷം രൂപ വിനിയോഗിച്ച് തങ്ങളുടെ പ്രദേശങ്ങളിലെ വികസന പോരായ്മകൾ നികത്തുന്നതിൽ വളരെ കാര്യക്ഷമമായി ഇടപെടുവാൻ നിയമസഭാസാമാജികർക്ക് സാധിച്ചു എന്നത് ഞാൻ മനസ്സിലാക്കുന്നു. ഈ സാഹചര്യത്തിൽ ഫണ്ട് 25 ലക്ഷം രൂപയിൽ നിന്ന് 50 ലക്ഷം രൂപയായി വർദ്ധിപ്പിക്കുമെന്ന് പ്രഖ്യാപിക്കുന്നതിൽ എനിക്ക് അതിയായ സന്തോഷമുണ്ട്.

165. നമ്മുടെ വികസന. അജണ്ട നടപ്പാക്കുന്നതിന് സർക്കാർ ജീവനക്കാരുടെ അകമഴിഞ്ഞ സഹകരണം അത്യന്താപേക്ഷിതമാണ് എന്ന് പറയേണ്ടതില്ലല്ലോ സാമ്പത്തിക പ്രതിസന്ധി നിലനിൽക്കെ തന്നെ ജീവനക്കാരുടെ ആവശ്യങ്ങളോട് അനുഭാവപൂർവ്വമായ .സമീപനം സ്വീകരിക്കുന്നതിന് ശ്രദ്ധ ചെലുത്തിയിട്ടുണ്ട്. വെല്ലുവിളികൾ ഉയർത്തുന്ന സാമ്പത്തിക പ്രതിസന്ധി നേരിടുമ്പോൾ തന്നെ

രണ്ടു ഗഡു ക്ഷാമബത്ത അനുവദിച്ചതിൽ നിന്ന് ഈ സമീപനം വ്യക്തമാണ്. 1-7-2000, 1-1-2001ൽ അർഹതപ്പെട്ട രണ്ടു ഗഡു ക്ഷാമബത്ത അനുവദിക്കണമെന്ന് പ്രഖ്യാപിക്കുന്നതിൽ എനിയ്ക്ക് അതിയായ സന്തോഷമുണ്ട്. 2003 ജൂൺ മാസത്തെ ശമ്പളത്തോടൊപ്പം ഈ വർദ്ധന ജീവനക്കാർക്ക് ലഭിക്കുന്നതാണ്. 2003 മെയ് വരെയുള്ള കുടിശ്ശിക പ്രോവിഡന്റ് ഫണ്ടിൽ ലയിപ്പിക്കുന്നതാണ്. സംസ്ഥാനത്തിന്റെ വികസനത്തിൽ നമ്മുടെ ജീവനക്കാർ തുടർന്നും ആത്മാർത്ഥതയോടും പ്രതിബദ്ധതയോടും കൂടി സഹകരിക്കുമെന്ന് ഈ സർക്കാർ ആഗ്രഹിക്കുന്നു.

# പാർട്ട് ബി

## നികുതി നിർദ്ദേശങ്ങൾ

ഇനി ഞാൻ നികുതി നിർദ്ദേശങ്ങളിലേയ്ക്ക് കടക്കാം.

166. കഴിഞ്ഞവർഷത്തെ ബജറ്റ് അവതരിപ്പിക്കുമ്പോൾ പുതിയ നികുതികളൊന്നും ഏർപ്പെടുത്താൻ സർക്കാർ ഉദ്ദേശിക്കുന്നില്ലെന്നും സത്യസന്ധമായി നികുതി അടയ്ക്കുന്നത് പ്രോൽസാഹിപ്പിക്കുമെന്നും നികുതി വെട്ടിപ്പ് കർശനമായി തടയുമെന്നും എടുത്തു പറഞ്ഞിരുന്നു. ഈ പ്രവർത്തന രീതി വളരെ ഫലപ്രദമായിരുന്നു എന്ന് ഈ സഭയെ ചാരിതാർത്ഥ്യത്തോടെ അറിയിച്ചു കൊള്ളട്ടെ. ഈ വർഷവും പുതിയ നികുതികളൊന്നും ഏർപ്പെടുത്തുന്നില്ലെന്നും നികുതി പിരിവ് ഊർജ്ജിതപ്പെടുത്തുന്ന തിലായിരിക്കും ശ്രദ്ധകേന്ദ്രീകരിക്കുക യെന്നും അറിയിക്കാൻ എനിക്ക് ഏറെ സന്തോഷമുണ്ട്.

167. ഞാൻ മുമ്പ് പരാമർശിച്ചതുപോലെ , മൂല്യവർദ്ധിത നികുതി നടപ്പാക്കുന്നതോടെ നാം നികുതി സമ്പ്രദായത്തിന്റെ ചരിത്രത്തിൽ ഒരു പുതിയ ഘട്ടത്തിലേക്ക് കടക്കുകയാണ്. ലളിതവും സുതാര്യവുമായ നികുതി ഘടനയും നടപടിക്രമങ്ങളും നികുതി ദായകരിൽ വിശ്വാസമർപ്പിച്ചുകൊണ്ട് നിർബന്ധമെന്യ സ്വമേധയാ കൃത്യമായും പൂർണ്ണമായും നികുതി അടയ്ക്കുന്നത് പ്രോൽസാഹിപ്പിക്കുകയും ആണ് പുതിയ സമ്പ്രദായത്തിന്റെ പ്രത്യേകതകൾ. ഈ ബഹുമാന്യ സഭയ്ക്ക് അറിയാവുന്നതുപോലെ മൂല്യവർദ്ധിത നികുതി ബില്ലിനെക്കുറിച്ച് സബ്ജക്റ്റ് കമ്മറ്റിയിൽ നടന്ന വിശദമായ ചർച്ചയ്ക്ക്ശേഷം, മേൽപ്പറഞ്ഞ ലക്ഷ്യങ്ങൾ കൈവരിക്കാനും നമ്മുടെ സംസ്ഥാനത്തിന്റെ ചില പ്രത്യേക സാഹചര്യങ്ങൾ കണക്കിലെടുത്തുകൊണ്ടും ബില്ലിലെ വ്യവസ്ഥകളിൽ പല മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്.

168. ചെറുകിട വ്യാപാരികൾക്ക് അവരുടെ വാർഷിക വിറ്റുവരവിന്റെ ഒരു നിശ്ചിത ശതമാനം മാത്രം നികുതി അടയ്ക്കാൻ ബില്ലിൽ വ്യവസ്ഥയുണ്ട്. ഒരു പക്ഷേ വ്യാപാരമായിരിക്കും നമ്മുടെ സംസ്ഥാനത്തെ ഏറ്റവും പ്രധാനപ്പെട്ട സാമ്പത്തിക പ്രവർത്തനം. അതിൽ തന്നെ ചില്ലറവ്യാപാരം, ആയത് പ്രദാനം ചെയ്യുന്ന തൊഴിലും വരുമാനവും നോക്കുമ്പോൾ വളരെ പ്രധാനപ്പെട്ട മേഖലയാണ്. ഈ മേഖലയ്ക്ക് നിരായാസമായ രജിസ്ട്രേഷൻ നടപടിക്രമവും നികുതി നിരക്കും ഏർപ്പെടുത്തി, ചെറുകിട വ്യാപാരികളെ സംസ്ഥാനത്തെ നികുതി ദായകരിൽ ഉൾപ്പെടുത്തണം എന്നതാണ് സർക്കാരിന്റെ ലക്ഷ്യം. ഇതു കൈവരിക്കുന്ന തിനായി ചെറുകിട വ്യാപാരികൾക്കുള്ള ക്ളിപ്ത നികുതി നിരക്ക് ഒരു ശതമാനമായി (1 %) കുറയ്ക്കാൻ ഞാനുദ്ദേശിക്കുന്നു.

169. വ്യവസായങ്ങൾ ഉപയോഗിക്കുന്ന അസംസ്കൃത പദാർത്ഥങ്ങൾക്കും പാക്കിംഗ് മെറ്റീരിയൽസിനും ഉള്ള നികുതി പുതിയ സമ്പ്രദായത്തിൽ നാലു ശതമാനമായി (4%) കുറച്ചിട്ടുള്ളത് വ്യവസായ വികസനത്തിനെ ത്വരിതപ്പെടുത്താൻ സഹായകമാകും. സംസ്ഥാനത്തിനകത്ത് നികുതി ബാധകമായ വസ്തുക്കൾ

ഉൽപാദിപ്പിക്കുമ്പോൾ മാത്രം ഈ ആനുകൂല്യം ലഭ്യമാക്കാൻ ഉള്ള വ്യവസ്ഥ മൂല്യവർദ്ധിത നികുതി നിയമത്തിൽ ഉൾപ്പെടുത്തുന്നതാണ്.

170. വൈദ്യുതി ഉൽപാദകർക്ക് അവർ ഇന്ധനമായി ഉപയോഗിക്കുന്ന പെട്രോളിയം ഉൽപന്നങ്ങൾക്ക് സൗജന്യ നിരക്കായ നാലു ശതമാനം (4%) നികുതിയേ ഇപ്പോഴുള്ളു. മൂല്യവർദ്ധിത നികുതി നിയമത്തിൽ ഈ ആനുകൂല്യം തുടരാനുള്ള വ്യവസ്ഥ ഉൾപ്പെടുത്താൻ ഞാൻ ഉദ്ദേശിക്കുന്നു.

171. മൂല്യവർദ്ധിത നികുതി നടപ്പാകുമ്പോൾ, സംസ്ഥാനങ്ങൾ തമ്മിൽ ഉണ്ടായിട്ടുള്ള ധാരണയനുസരിച്ച്, ദേശീയ തലത്തിൽ നിശ്ചയിച്ചിട്ടുള്ള തറ നിരക്കിൽ കുറയാത്ത രീതിയിൽ, ആവശ്യമെങ്കിൽ മറ്റൊരു അംഗീകൃത നിരക്ക് ബാധകമാക്കിക്കൊണ്ട് വിവിധ വസ്തുക്കൾക്ക് നികുതി നിരക്ക് നിശ്ചയിക്കാൻ സംസ്ഥാന സർക്കാരുകൾക്ക് സ്വാതന്ത്ര്യമുണ്ട്. പല വസ്തുക്കൾക്കും ഇപ്പോഴുള്ള നികുതി നിരക്ക് പുതിയ സമ്പ്രദായത്തിലുള്ള നിരക്കിനേക്കാൾ കൂടുതലാണ്. ഇവയ്ക്ക് ഇനി പറയുന്ന രീതിയിൽ ഉയർന്ന നിരക്കുകൾ നിശ്ചയിക്കാൻ ഞാൻ ഉദ്ദേശിക്കുന്നു.

| ക്രമനമ്പർ | വസ്തു | തറനിരക്ക് (%) | നിലവിലുള്ള നിരക്ക് (%) | നിർദ്ദിഷ്ട നിരക്ക് |
|---|---|---|---|---|
| 1. | മത്സ്യത്തീറ്റ | 0 | 4 | 4 |
| 2. | കോഴിത്തീറ്റ | 0 | 4 | 4 |
| 3. | കാലിത്തീറ്റ | 0 | 4 | 4 |
| 4. | വിറക് | 0 | 10 + 2.5 | 12.5 |
| 5. | വെളുത്തുള്ളി & ചുക്ക് | 0 | 4 | 4 |
| 6. | കോഴി | 0 | 8 | 12.5 |
| 7. | വിത്തുകൾ (ബ്രാൻറഡ്) | 0 | 4 | 4 |
| 8. | ടെലികമ്മ്യൂണിക്കേഷൻ ഉപകരണങ്ങൾ | 4 | 12 | 12.5 |
| 9. | പകർപ്പവകാശം, പേറ്റൻറ്, R.E.P. ലൈസൻസ് മുതലായവ | 4 | 8 | 12.5 |
| 10. | വെൽറ്റിംഗ്സ് & ഹോസ്പൈപ്പ് | 4 | 12 | 12.5 |
| 11. | വ്യാവസായിക കേബിളുകൾ | 4 | 12 | 12.5 |
| 12. | പ്ലാസ്റ്റിക് ചെരുപ്പുകൾ | 4 | 8 | 12.5 |
| 13. | സ്കിമ്മ്ഡ് പാൽപ്പൊടി | 4 | 12 | 12.5 |
| 14. | ഓർഗാനിക് ഓയിൽ ഒഴിച്ചുള്ള സോൾവൻറ് ഓയിൽ | 4 | 8 | 12.5 |

നികുതി വരുമാനം സംരക്ഷിക്കുന്നതിനായി ഇത്തരം മാർഗ്ഗങ്ങളിൽ വരുത്താനാവശ്യമായ ഭേദഗതികൾ മൂല്യവർദ്ധിത നികുതി നിയമത്തിലെ 93-ാം വകുപ്പിൽ വരുത്താൻ ഞാനുദ്ദേശിക്കുന്നു.

172. മൂല്യ വർദ്ധിത നികുതി നിയമത്തിലെ കോമ്പൗണ്ടിംഗ് വ്യവസ്ഥ സംസ്ഥാനത്തിന് പുറത്ത് നിന്ന് കൊണ്ടുവരുന്ന വസ്തുക്കൾ ഉൾപ്പെടുന്ന വർക്സ് കോൺട്രാക്റ്റുകൾക്ക് ബാധകമല്ല. പ്രസ്തുത കോൺട്രാക്റ്റുകൾക്ക് ആ വ്യവസ്ഥ ബാധകമാക്കാനും സിവിൽ വർക്സ് കോൺട്രാക്റ്റുകൾക്ക് ആറു ശതമാനം (6%) നിരക്കിലും മറ്റുള്ളവയ്ക്ക് പത്തുശതമാനം (10%) നിരക്കിലും

കോമ്പൗണ്ടിംഗ് വ്യവസ്ഥ നിയമത്തിലുൾപ്പെടുത്താൻ ഞാനുദ്ദേശിക്കുന്നു. ഭാഗ്യക്കുറികൾക്കുള്ള കോമ്പൗണ്ടിംഗ് വ്യവസ്ഥയിൽ " ലൈസൻസ് ഫീസ്" എന്ന പ്രയോഗം "കോമ്പൗണ്ടട് ടാക്സ്" എന്നാക്കിമാറ്റുവാനും ഉദ്ദേശിക്കുന്നു.

173. ദ്രവീകൃത പ്രകൃതി വാതകം (Liqufied Natural Gas) വാഹനങ്ങളിലുപയോഗിക്കുന്ന എൽ.പി.ജി (Automotive LPG) എന്നവയെ മൂല്യവർദ്ധിത നികുതി നിയമത്തിൻെറ നാലാം പട്ടികയിൽ ഉൾപ്പെടുത്താനും ഇവയുടെ നികുതി നിരക്കുകൾ യഥാക്രമം 28%വും 20%വും ആയി നിശ്ചയിക്കുവാനും ഉദ്ദേശിക്കുന്നു

174. മൂല്യവർദ്ധിത നികുതി നിയമത്തിലെ 1 മുതൽ 4 വരെ പട്ടികകളിൽ ഉൾപ്പെടാത്ത വസ്തുക്കൾക്ക് ബാധകമായ നികുതി 12.5 ശതമാനം ആണ് (12.5%). പൊതുവെ പറഞ്ഞാൽ ഈ വസ്തുക്കൾ ഒരു ഉൽപാദന പ്രക്രിയയ്ക്ക് വിധേയമായവയാണ്. ഇവ വാങ്ങുന്നവർക്ക് അതിനുള്ള ക്രയശേഷിയും എന്നാൽ ഇവയിൽ ചില വസ്തുക്കളെ, വിവിധ സാമൂഹ്യ പരിസ്ഥിതികൾ കണക്കിലെടുത്ത് വ്യത്യസ്തമായ രീതിയിൽ കൈകാര്യം ചെയ്യേണ്ടതുണ്ട്. ഇതിൻെറ അടിസ്ഥാനത്തിൽ ഇനി പറയുന്ന വസ്തുക്കൾ നികുതിയിൽ നിന്നും ഒഴിവാക്കുവാൻ ഞാനുദ്ദേശിക്കുന്നു.

I. ജീവൻ രക്ഷാ ഔഷധങ്ങൾ
II. പി.എസ്.സി. അപേക്ഷാ ഫോറം
III. മെഴുകു തിരി
IV. പുൽപായയും തഴപായയും
V. വിദ്യാർത്ഥികൾ പതിവായി ഉപയോഗിക്കുന്ന പെൻസിൽ, പേന, മഷി, ഷാർപ്പനർ, ഇൻസ്ട്രുമെൻറ് ബോക്സ്, ബ്ളാക് ബോർഡ്, ചോക്ക്, ഡസ്റ്റർ.

തേൻ കുമ്മായം, കക്ക എന്നിവയുടെ നികുതി 4% ആയി നിശ്ചയിക്കാനും ഉദ്ദേശിക്കുന്നു.

175. മൂല്യവർദ്ധിത നികുതി നിയമത്തിലെ പട്ടികകൾ തയ്യാറാക്കുമ്പോൾ അയൽ സംസ്ഥാനങ്ങളിലെ നികുതി നിരക്കുകളിൽ നിന്ന് ഗണ്യമായ വ്യത്യാസം വരാതിരിക്കാൻ പ്രത്യേകം ശ്രദ്ധിച്ചിട്ടുണ്ട്. ഇപ്പോഴത്തെ നികുതി സമ്പ്രദായത്തിലെ വൈകല്യങ്ങൾ ഒഴിവാക്കാനും കൂടുതൽ ലാളിത്യവും സുതാര്യതയും കൈവരാനും ഇതു സഹായകരമാകുമെന്ന് എനിക്കുറപ്പുണ്ട്. എന്നാൽ മൂല്യവർദ്ധിത നികുതി ബാധകമല്ലാത്ത വസ്തുക്കൾക്ക് ഈ രീതിയിൽ ഏകീകരണം എളുപ്പം സാദ്ധ്യമല്ല. എങ്കിലും ഇതിന് ഒരു തുടക്കമെന്ന നിലയിൽ, മറ്റു ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിൽ വരുത്തിയിട്ടുള്ള ചില മാറ്റങ്ങൾ കണക്കിലെടുത്തുകൊണ്ട് ഏവിയേഷൻ ടർബൈൻ ഫ്യൂവലിനുള്ള (Aviation Turbine Fuel) നികുതി നിരക്ക് 34 ശതമാനത്തിൽ നിന്ന് 25 ശതമാനമായി കുറയ്ക്കാൻ ഉദ്ദേശിക്കുന്നു.

176. ഈയിടെ ഉയർന്നു വന്നിട്ടുള്ള ചില നിയമപരവും ഭരണപരവുമായ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി, പൊതു താൽപര്യവും, നികുതി വരുമാനവും സംരക്ഷിക്കുന്നതിനുവേണ്ടി അബ്കാരി നിയമത്തിൽ മുൻകാല പ്രാബല്യത്തോടെ ഭേദഗതികൾ വരുത്താനുതകുന്ന വ്യവസ്ഥ ഉൾപ്പെടുത്താൻ ഞാനുദ്ദേശിക്കുന്നു. അതുപോലെ വിദേശമദ്യ ഉൽപാദകരുടെ വിറ്റുവരവു സംബന്ധിച്ചും ചില പദങ്ങളുടെ നിർവ്വചനം സംബന്ധിച്ചും നിയമത്തിൻെറ ഉദ്ദേശ്യലക്ഷ്യങ്ങൾ സുവ്യക്തമാക്കുന്നതിനുവേണ്ടി അബ്കാരി നിയമത്തിലെ 3, 14, 17, 18 എന്നീ വകുപ്പുകളിൽ ഭേദഗതികൾ വരുത്താനുദ്ദേശിക്കുന്നു. ഈ ഭേദഗതികൾക്ക് 1-4-1984 മുതൽ പ്രാബല്യമുണ്ടാകുന്നതാണ്.

177. നികുതി വരുമാനം സംരക്ഷിക്കുന്നതിനും സംസ്ഥാനത്തിനകത്ത് നികുതി വിധേയമായ വിൽപന പ്രോത്സാഹിപ്പിക്കുന്നതിനുമായി ഇനി പറയുന്ന ഇനങ്ങൾക്ക് പ്രവേശന നികുതി ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നു.

I. കമ്പ്യൂട്ടർ പേപ്പർ
II. കാസ്റ്റിക് സോഡ
III. ഡ്രൈസെല്ലും ബട്ടൺ സെല്ലും ഒഴികെയുള്ള ബാറ്ററി
IV. മെഡിക്കൽ ഉപകരണങ്ങൾ, ആശുപത്രി ഉപകരണങ്ങൾ, ഡെൻറൽ ചെയർ ഉൾപ്പെടെയുള്ള ശസ്ത്രക്രിയ ഉപകരണങ്ങൾ.
V. റെഡിമെയ്ഡ് വസ്ത്രങ്ങളും, ഹോസിയറി വസ്ത്രങ്ങളും
VI. വെയിങ് മെഷീൻ, വെയിങ് ബ്രിഡ്ജ് എന്നിവയും അവയുടെ അനുബന്ധ വസ്തുക്കളും.
VII. ഓട്ടോമാറ്റിക് ടെല്ലർ മെഷീൻ
VIII. വാഹനങ്ങളിൽ ഉപയോഗിക്കുന്ന എൽ.പി.ജി. (Automotive LPG)
IX. ദ്രവീകരിച്ച പ്രകൃതി വാതകം (Liqufied Natural Gas)

പ്രവേശന നികുതി നിയമത്തിലെ നിർവ്വചനങ്ങളിൽ ഉപഭോഗത്തിനും കൈമാറ്റത്തിനും വേണ്ടി കൊണ്ടുവരുന്ന വസ്തുക്കൾക്കു കൂടി പ്രവേശന നികുതി ബാധകമാക്കുന്ന രീതിയിൽ വേണ്ട മാറ്റങ്ങൾ വരുത്തും. സമാനമായ മാറ്റങ്ങൾ നിയമത്തിലെ മൂന്നാം വകുപ്പിലും വരുത്തുന്നതാണ്. പ്രവേശന നികുതി നിയമം അനുസരിച്ചുള്ള അപ്പീലുകൾ ഡെപ്യൂട്ടി കമ്മീഷണർ തലത്തിൽ മാത്രമായി ചുരുക്കുന്നതാണ്. നിയമത്തിലെ 9 എ വകുപ്പിൽ പ്രവേശന നികുതി അടയ്ക്കാൻ ഒരാളോട് ആവശ്യപ്പെടുന്നതിന് മുമ്പായി പ്രസ്തുത ആൾക്ക് അയാളുടെ ഭാഗം ബോധിപ്പിക്കുന്നതിന് അവസരം നൽകാനുള്ള വ്യവസ്ഥ ഉൾപ്പെടുത്തും. പ്രവേശന നികുതി നിയമത്തിൻെറ പട്ടിക മുൻകാല പ്രാബല്യത്തോടു കൂടിയോ അല്ലാതെയോ ഭേദഗതി ചെയ്യുന്നതിനുള്ള വ്യവസ്ഥയും ഉൾപ്പെടുത്തുന്നതാണ്. പ്രവേശന നികുതി നിയമം സംബന്ധിച്ച് ചില ഭരണപരമായ ചുമതലകൾ കൈകാര്യം ചെയ്യുന്നതിന് വാണിജ്യനികുതി കമ്മീഷണറെ അധികാരപ്പെടുത്തും. ഗവൺമെൻറ് ട്രഷറിയ്ക്ക് പുറമെ സർക്കാർ നിശ്ചയിക്കുന്ന ബാങ്കുകളിൽ കൂടി പ്രവേശന നികുതിയും പ്രവേശന നികുതി നിയമം അനുസരിച്ചുള്ള ഫീസും അടയ്ക്കുന്നതിനുള്ള വ്യവസ്ഥ ഏർപ്പെടുത്തും. മൂല്യവർദ്ധിത നികുതി നിയമം നടപ്പിലാക്കുന്ന തീയതി മുതൽ പ്രവേശന നികുതി നിയമത്തിൽ ഇപ്പോൾ കേരള പൊതു വിൽപന നികുതി നിയമത്തെക്കുറിച്ചുള്ള പരാമർശങ്ങൾക്ക് പകരം മൂല്യ വർദ്ധിത നികുതി നിയമത്തിലെ ബന്ധപ്പെട്ട വകുപ്പുകളെക്കുറിച്ചുള്ള പരാമർശങ്ങൾ ബാധകമാക്കും.

പ്രവേശന നികുതി നിരക്കുകൾ മൂല്യവർദ്ധിത നികുതി നിയമത്തിൽ ബാധകമായാൽ അതേ നിരക്കുകൾ ആയിരിക്കും. പ്രവേശന നികുതി, മൂല്യവർദ്ധിത നികുതിയിൽ നിന്നും തട്ടിക്കിഴിക്കാവുന്നതാണെന്നും, അധിക ബാദ്ധ്യത അല്ലെന്നും ഇവിടെ എടുത്തു പറയുവാൻ ഞാൻ ആഗ്രഹിക്കുന്നു.

178. ആഡംബര നികുതി നിയമത്തിലും പ്രവേശന നികുതി നിയമത്തിലും, കേസ്സുകൾ നടത്തുന്നതായി കോസ്റ്റ് അക്കൗണ്ടൻറുമാരെക്കൂടി അനുവദിക്കുന്നതിനുള്ള വ്യവസ്ഥ ഉൾപ്പെടുത്തും. സർച്ചാർജ്ജ് നിയമത്തിലെ കേരള പൊതു വിൽപന നികുതി നിയമത്തെക്കുറിച്ചുള്ള പരാമർശങ്ങൾക്കു പകരം മൂല്യ വർദ്ധിത നികുതി നിയമം നടപ്പാക്കുന്നതോടു കൂടി പ്രസ്തുത നിയമത്തിലെ ബന്ധപ്പെട്ട വകുപ്പുകളെക്കുറിച്ചുള്ള പരാമർശങ്ങൾ ബാധകമാക്കുന്നതാണ്. ആഡംബര നികുതിയും ഗവൺമെൻറ് ട്രഷറിയ്ക്കു പുറമേ സർക്കാർ നിശ്ചയിക്കുന്ന ബാങ്കുകളിൽക്കൂടി അടയ്ക്കുവാനുള്ള വ്യവസ്ഥ ഉൾപ്പെടുത്തും.

179. വിൽപന നികുതി നിയമത്തിലെ ഉൽപാദന പ്രക്രിയയുടെ നിർവ്വചനം സംബന്ധിച്ച ചില അവ്യക്തതകൾ കാരണം, സെൻട്രിഫ്യൂജ്ഡ് ലാറ്റക്സ് ക്രംബ്

റബ്ബർ എന്നിവ ഉൽപാദിപ്പിക്കുന്ന നിരവധി യൂണിറ്റുകൾക്ക് അവർ പിരിക്കാത്ത ഗണ്യമായ തുകകളുടെ നികുതി ബാദ്ധ്യത ഉണ്ടായതായി സർക്കാരിന് പല നിവേദനങ്ങളും ലഭിച്ചിട്ടുണ്ട്. ഈ പ്രശ്നം കാരണം നിരവധി യൂണിറ്റുകളുടെ നില നിൽപു തന്നെ അപകടത്തിലാവുകയും അവയിൽ നിന്ന് ലഭിക്കുന്ന തൊഴിലും വരുമാനവും ഇല്ലാതാവുകയും ചെയ്യാൻ സാദ്ധ്യതയുണ്ട്. ഈ പ്രശ്നം പരിഹരിക്കുന്നതിനായി പ്രസ്തുത ഉൽപന്നങ്ങൾ ഉണ്ടാക്കുന്ന യൂണിറ്റുകളെ, 9-10-2001വരെ അവർ ഉൽപാദനത്തിനായി ഉപയോഗിച്ച അസംസ്കൃത റബ്ബർ ലാറ്റക്സിന്റെ പർച്ചേസ് നികുതിയിൽ നിന്ന് ഒഴിവാക്കാൻ ഞാനുദ്ദേശിക്കുന്നു.

180. കഴിഞ്ഞ വർഷം ഉണ്ടായ കേന്ദ്ര വിൽപന നികുതി നിയമത്തിലെ ചില ഭേദഗതികളുടെ ഫലമായി അടയ്ക്ക, ഇഞ്ചി, കുരുമുളക്, റബ്ബർ, കാപ്പിപ്പാലക്ടം, വെളിച്ചെണ്ണ, തേങ്ങാപ്പിണ്ണാക്ക്, കൊപ്ര. എന്നിവയ്ക്ക് 1-6-2002 മുതൽ കേന്ദ്രവിൽപന നികുതി ചുമത്തേണ്ടി വന്നു. എന്നാൽ ഇതു സംബന്ധിച്ച് ഉത്തരവ് 21-11-2002-ാം തീയതി മാത്രമേ പുറപ്പെടുവിച്ചുള്ളൂ എന്നതിനാൽ ഇടയ്ക്കുള്ള സമയത്ത് നികുതി പിരിയ്ക്കാൻ സാധിച്ചില്ലെന്നും പ്രസ്തുത ബാദ്ധ്യതയിൽ നിന്ന് ഒഴിവാക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട് നിരവധി നിവേദനങ്ങൾ സർക്കാരിന് ലഭിച്ചിട്ടുണ്ട്. ഈ പ്രശ്നം കാർഷിക മേഖലയിൽ പ്രതികൂലമായി ബാധിക്കാൻ സാദ്ധ്യതയുണ്ട്. ആയതിനാൽ 1-6-2002 മുതൽ 20-11-2002വരെയുള്ള കാലയളവിൽ മേൽപ്പറഞ്ഞ വസ്തുക്കളിൻമേലുള്ള കേന്ദ്ര വിൽപന നികുതി, ആയത്, പിരിച്ചെടുത്തിട്ടില്ലെങ്കിൽ, രജിസ്റ്റർ ചെയ്ത വ്യാപാരികളെ ഈ ബാദ്ധ്യതയിൽ നിന്നും ഒഴിവാക്കുവാൻ ഞാനുദ്ദേശിക്കുന്നു.

181. സ്വർണ്ണം വെള്ളി പ്ലാറ്റിനം എന്നിവകൊണ്ടുണ്ടാക്കുന്ന ആഭരണങ്ങളുടെ നികുതി നിരക്ക് 1% ആക്കണമെന്നാണ് ദേശീയതലത്തിൽ ഉണ്ടായിട്ടുള്ള അഭിപ്രായ സമന്വയം. ഇതു കണക്കിലെടുത്തുകൊണ്ടും നികുതി വരുമാനത്തിൽ കാര്യമായ മെച്ചം ഉണ്ടാകുമെന്ന് പ്രതീക്ഷിച്ചുകൊണ്ട് ഈ ഇനങ്ങളുടെ നികുതി നിരക്ക് 1% ആയി കുറയ്ക്കാൻ ഞാൻ നിർദ്ദേശിക്കുന്നു.

182. പ്രൈമറി ക്രഷറുകൾക്ക് ഏർപ്പെടുത്തിയ നികുതിയെക്കുറിച്ച് നിരവധി നിവേദനങ്ങൾ സർക്കാരിന് ലഭിച്ചിട്ടുണ്ട്. പ്രൈമറി ക്രഷറുകളുടെ ഉൽപന്നം വിൽപനായോഗ്യമല്ലാത്തതിനാൽ ഇത് ഒരു അധിക ബാദ്ധ്യതയാകുമെന്നാണ് പ്രധാന പരാതി. ഇത് പരിഗണനാർഹമാണ് എന്ന് കാണുന്നതിനാൽ ഈ ഇനത്തിലുള്ള നികുതി ഇപ്പോഴത്തെ നിരക്കിന്റെ 50% ആയി കുറയ്ക്കാൻ ഞാൻ ഉദ്ദേശിക്കുന്നു.

183. മൂല്യവർദ്ധിത നികുതി നടപ്പാക്കുമ്പോൾ സാരമായ നികുതിനഷ്ടം ഉണ്ടാകും എന്നത് ഒരു അംഗീകരിക്കപ്പെട്ട വസ്തുതയാണ്. എന്നാൽ ചിലയിനങ്ങളിൽ വളരെ ഉയർന്ന നികുതി നഷ്ടം ഉണ്ടാകുമെന്നതിനാൽ അവ എടുത്തു പറയേണ്ടതുണ്ട്. നികുതി നഷ്ടം സംബന്ധിച്ചുള്ള കണക്കുകൾ തയ്യാറാക്കിയിട്ടുണ്ട്. കേന്ദ്ര വിൽപന നികുതി നിരക്ക് കുറയ്ക്കുന്നതു കൊണ്ട് 150 കോടി രൂപയും കയറ്റുമതിക്കാർക്ക് നികുതി റീഫണ്ട് ചെയ്യുന്നതിനാൽ 30 കോടി രൂപയും നികുതി തട്ടിക്കിഴിക്കുന്നതിനാൽ 100 കോടിരൂപയും വ്യവസായങ്ങൾക്ക് ഇന്ധനമായി ഉപയോഗിക്കുന്ന വസ്തുക്കൾക്കുള്ള നികുതി സൗജന്യത്തിനായി 100 കോടി രൂപയും നഷ്ടം പ്രതീക്ഷിക്കുന്നു. ഈ ഘട്ടത്തിൽ മേൽപ്പറഞ്ഞ കണക്കുകൾ വ്യക്തമായും ഏകദേശ കണക്കുകളാണ്. യഥാർത്ഥ നഷ്ടം 500 കോടി രൂപയിൽ കൂടുതൽ ആയിരിക്കാനാണ് സാദ്ധ്യത.

# പാർട്ട് സി

## ബജറ്റ് നിർദ്ദേശങ്ങളുടെ സംഗ്രഹം

### 2002– 03ലെ പുതുക്കിയ എസ്റ്റിമേറ്റ്

184. 2002–03 സാമ്പത്തിക വർഷാവസാനം 2953.08 കോടിയുടെ ധനകമ്മിയാണ് ഞാൻ പ്രതീക്ഷിച്ചിരുന്നത്. ചെലവുകൾ യുക്തിസഹമായി നിയന്ത്രിച്ചതോടെ ധനകമ്മി 2845.03 കോടി രൂപയിൽ പിടിച്ചു നിർത്താൻ സാധിച്ചുവെന്ന് ഞാനിസഭയെ അറിയിച്ചുകൊള്ളട്ടെ. മുൻ കൊല്ലങ്ങളിൽ പദ്ധതി–പദ്ധതിയേതര ചെലവുകളിലെ കെടുകാര്യസ്ഥതമൂലം പബ്ലിക് അക്കൗണ്ടിൽ കുമിഞ്ഞുകൂടിയ ഭീമമായ ബാദ്ധ്യതകൾ കൊടുത്തു തീർക്കുന്നതിന് ധനകാര്യ മന്ത്രി എന്ന നിലയിൽ ഞാൻ മുൻഗണന നൽകി. നമ്മുടെ അക്കൗണ്ടിലെ അസന്തുലിതാവസ്ഥ നേരെയാക്കുന്നതിനും വൻവില നൽകേണ്ടി വന്ന കഴിഞ്ഞ കാല തെറ്റുകൾ ആവർത്തിക്കാതിരിക്കുന്നതിനും വേണ്ടിയാണ് നിശ്ചയ ദാർഢ്യത്തോടെ ഞാനിത് തുടർന്നത്. സർ, ഈ വർഷത്തെ പദ്ധതി ചെലവിൽ 14 ശതമാനം (14%) കുറവു വരാൻ സാദ്ധ്യതയുണ്ടെന്ന് പ്രതീക്ഷിക്കുമ്പോൾ തന്നെ ഈ വർഷം മുൻവർഷത്തിന്റെ ഇരട്ടിയോളം തുക വികസന പ്രവർത്തനങ്ങൾക്കായി ചെലവഴിച്ചുകഴിഞ്ഞിട്ടുണ്ടെന്ന കാര്യം ഈ മഹനീയ സഭയെ സന്തുഷ്ടമാക്കുമെന്ന് എനിക്കുറപ്പുണ്ട്.

185. ഈ വർഷത്തെ സാമ്പത്തിക സ്ഥിതിയുടെ സംക്ഷിപ്ത രൂപം താഴെക്കൊടുക്കുന്നു.

രൂപ കോടിയിൽ

| | പുതുക്കിയ എസ്റ്റിമേറ്റ് 2002–03 |
|---|---|
| റവന്യൂ വരവ് | 11451.33 |
| റവന്യൂ ചെലവ് | 13350.00 |
| റവന്യൂ കമ്മി | (–) 1898.67 |
| മൂലധനചെലവ് | 802.33 |
| പൊതുകടം (തനി) | 3000.23 |
| വായ്പകളും മുൻകൂറുകളും (തനി) | (–) 144.03 |
| പൊതുക്കണക്ക് (തനി) | 3.66 |
| ആകെ മൊത്തം മിച്ചം | 158.86 |
| മുൻവർഷത്തെ കമ്മി | (–) 128.76 |
| മൊത്തം മിച്ചം | 30.10 |

186. 11451.33 കോടി രൂപ റവന്യൂ വരുമാനവും 13350 കോടി രൂപ റവന്യൂ ചെലവും , ബജറ്റിൽ പ്രതീക്ഷിച്ചതിനെക്കാൾ 14 ശതമാനം കുറവിൽ 1898.67 കോടിരൂപ റവന്യൂ കമ്മിയുമായി ഈ സാമ്പത്തിക വർഷം അവസാനിക്കുമെന്നാണ് ഞാൻ പ്രതീക്ഷിക്കുന്നത്.

## 2003-2004ലെ ബജറ്റ് എസ്റ്റിമേറ്റുകൾ

187 2003 -04 ലെ ബഡ്ജറ്റ് എസ്റ്റിമേറ്റിൽ 15364.64 കോടി രൂപയുടെ റവന്യൂ ചെലവും 12699.61 കോടി രൂപയുടെ റവന്യൂ വരവുമായി കണക്കാക്കിയിരിക്കുന്നു.

188. 2003-04 വർഷത്തേക്കുള്ള സാമ്പത്തിക സ്ഥിതിയുടെ സംക്ഷിപ്ത രൂപം ഇനി പറയുന്നു.

രൂപ കോടിയിൽ

| ഇനം | ബജറ്റ് എസ്റ്റിമേറ്റ് 2003-04 |
|---|---|
| റവന്യൂ വരവ് | 12699.61 |
| റവന്യൂ ചെലവ് | 15364.64 |
| റവന്യൂ കമ്മി | (-) 2665.03 |
| മൂലധനച്ചെലവ് | 592.64 |
| പൊതുക്കടം (തനി) | 2910.24 |
| വായ്പകളും മുൻകൂറുകളും (തനി) | (-) 49.26 |
| പൊതുക്കണക്ക് (തനി) | 799.92 |
| ആകെ മൊത്തം മിച്ചം | 403.23 |
| മുൻവർഷത്തെ മിച്ചം | 30.10 |
| ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ച പുതിയ ചെലവുകൾ | 453.21 |
| അധിക വിഭവ സമാഹരണം | - |
| മൂല്യവർദ്ധിത നികുതി നടപ്പാക്കുന്നതു മൂലമുള്ള റവന്യൂ നഷ്ടം | 500.00 |
| വർഷാന്ത്യ കമ്മി | 519.88 |

189. 2003-04ലെ റവന്യൂ കമ്മിയും ധനകമ്മിയും യഥാക്രമം 2665.03 കോടി രൂപയും 3306.94 കോടി രൂപയും വീതമായിരിക്കും. ഇത് സംസ്ഥാനത്തിന്റെ ആഭ്യന്തര ഉൽപാദനത്തിന്റെ യഥാക്രമം 2.92ശതമാനവും 3.62 ശതമാനവുമായിരിക്കും.

190. നടപ്പു വർഷത്തെ വർഷാന്ത്യ മിച്ചമായ 30.10 കോടി രൂപയും 2003-2004ൽ പ്രതീക്ഷിക്കുന്ന മിച്ചമായ 403.23 കോടി രൂപയും ചേർത്ത് മൊത്തം മിച്ചം 433.33 കോടി രൂപയായിരിക്കും. സർ, വിവിധ വികസന നടപടികൾക്കായി ഞാനിപ്പോൾ പ്രഖ്യാപിച്ച 453.21 കോടി രൂപയുടെ അധിക ചെലവും മൂല്യവർദ്ധിത നികുതി സമ്പ്രദായം നടപ്പിലാക്കുമ്പോൾ ഉണ്ടാകുന്ന 500 കോടി രൂപയുടെ റവന്യൂ നഷ്ടവും കൂടി ചേർത്ത് വർഷാന്ത്യകമ്മി 519.88 കോടി രൂപയായി കുത്തനെ വർദ്ധിക്കും. എന്നാൽ വരുമാനം വർദ്ധിപ്പിക്കുന്നതിലും ചെലവ് ഫലപ്രദമായി നിയന്ത്രിക്കുന്നതിലുമുള്ള എന്റെ ഊർജ്ജിത ശ്രമങ്ങൾ തുടരാൻ ഉദ്ദേശിക്കുന്നതിനാൽ ഈ വിടവ് നികത്താൻ സാധിക്കുമെന്ന് എനിക്കുത്തമ വിശ്വാസമുണ്ട്.

# ഉപസംഹാരം

## വികസന വർഷം 2003-2004

191. രാഷ്ട്രപിതാവ് ഗാന്ധിജി ഒരിക്കൽ ശക്തമായി ഇങ്ങനെ എഴുതി: "യഥാർത്ഥ സാമ്പത്തിക ശാസ്ത്രം സാമൂഹ്യ നീതിയ്ക്ക് വേണ്ടി നിലകൊള്ളുന്നു." സാമ്പത്തിക ശാസ്ത്രംപോലെ ബജറ്റും സാമൂഹ്യനീതിക്ക് വേണ്ടിയുള്ളതാണെന്ന എന്റെ വിശ്വാസപ്രമാണത്തിലൂടെയല്ലാതെ മഹാത്മജിയെ പിൻതുടരാൻ മെച്ചപ്പെട്ട മറ്റുവഴി ഏതുണ്ട്?

നമ്മുടെ ദൃഢമായ ശുഭപ്രതീക്ഷയുടെ പുനരാഖ്യാനമാണ് എന്റെയീ ബജറ്റ്. ജനങ്ങൾക്കായി മെച്ചപ്പെട്ട ജീവിത സാഹചര്യങ്ങളൊരുക്കുക എന്ന നമ്മുടെ ലക്ഷ്യം കൈവരിക്കുക തന്നെ ചെയ്യുമെന്ന് ഈ ബജറ്റ് അർത്ഥശങ്കയ്ക്കിടയില്ലാതെ പ്രഖ്യാപിക്കുന്നു. ലക്ഷ്യം കൈവരിക്കാനുള്ള നമ്മുടെ കൂട്ടായ പരിശ്രമങ്ങൾക്ക് ഈ ബജറ്റ് കരുത്തുറ്റ തുടക്കം കുറിക്കും. അടിസ്ഥാനശിലകൾ നാം പടുത്തു കഴിഞ്ഞു. അരങ്ങൊരുങ്ങി കഴിഞ്ഞിരിക്കുന്നു. ഈ സർക്കാരിന് ഇനി ശേഷിക്കുന്ന മൂന്ന് വർഷക്കാലംകൊണ്ട് കൃഷി, വ്യവസായം, വിവരസാങ്കേതിക വിദ്യ, ബയോടെക്നോളജി, ദാരിദ്ര്യ നിർമ്മാർജ്ജനം എന്നിങ്ങനെ വികസനത്തിന്റെ എല്ലാ തുറകളിലും കേരളത്തെ മുൻനിരയിൽ പ്രതിഷ്ഠിക്കാൻ നാം കൂട്ടായി പരിശ്രമിക്കും. നമ്മുടെ ജനതയുടെ സ്വപ്ന സാക്ഷാത്കാരത്തിന് അവരെ സഹായിക്കാൻ നാം അവസരങ്ങളുടെ പുത്തൻ പാതകൾ തുറന്ന് കൊടുക്കും. സംശയത്തിനിടയില്ലാത്ത വിധം എങ്ങും ശുഭാപ്തിവിശ്വാസത്തിന്റെയും ഉൽസാഹത്തിന്റെയും കുളിർകാറ്റ് വീശുന്നുണ്ടെന്നത് സുവ്യക്തമാണ്.

192. ഈ പശ്ചാത്തലത്തിൽ 2003-2004 വികസന വർഷമായി പ്രഖ്യാപിക്കാനുള്ള സർക്കാരിന്റെ തീരുമാനം അറിയിക്കാൻ എനിക്കതിയായ സന്തോഷമുണ്ട്. വികസന പ്രവർത്തനങ്ങൾ നടത്തുന്ന എല്ലാ വകുപ്പുകളും ഏജൻസികളും നിലവിലുള്ള പദ്ധതികൾ പൂർത്തിയാക്കുകയും ഈ ബജറ്റിൽ പ്രഖ്യാപിക്കുന്ന പുതിയ പദ്ധതികൾ ഏറ്റെടുത്ത് യുദ്ധകാലാടിസ്ഥാനത്തിൽ പൂർത്തിയാക്കുകയും ചെയ്യുക എന്നതാണ് ഇതിന്റെ അടിസ്ഥാന ആശയം. ഈ വികസന വർഷത്തിൽ മൂന്ന് നിർണ്ണായക രംഗങ്ങളിൽ നാം മുന്നേറ്റം നടത്തും.

ഒന്നാമതായി, ആരോഗ്യ-വിദ്യാഭ്യാസ മേഖലകളിലും പാവപ്പെട്ടവർക്കും ദുർബല വിഭാഗങ്ങൾക്കും വേണ്ടിയുള്ള പദ്ധതികളിലും മുതൽമുടക്കി സാമൂഹ്യ രംഗത്തെ നമ്മുടെ അഭിനന്ദനീയമായ മുൻകാല നേട്ടങ്ങൾ കാത്തു സൂക്ഷിക്കും.

രണ്ടാമതായി, അധികാര വികേന്ദ്രീകരണ പാതയിലൂടെയുള്ള പ്രയാണം തുടരുമെന്നും ഈ രംഗത്തെ നേട്ടങ്ങൾ നിലനിർത്തുമെന്നും ഉറപ്പ് വരുത്തും.

മൂന്നാമതായി, സുസ്ഥിര സാമ്പത്തിക വളർച്ചയ്ക്കനുയോജ്യമായ നിക്ഷേപ സൗഹൃദ കാലാവസ്ഥ സൃഷ്ടിക്കും.

193. പുതിയ നിക്ഷേപങ്ങളും പുതിയ അവസരങ്ങളും നമ്മുടെ തന്നെ സ്ഥാപനങ്ങളിലൂടെയുള്ള സേവന ലഭ്യത മെച്ചപ്പെടുത്തുന്നതിനുള്ള നൂതന മാർഗ്ഗങ്ങൾക്കുംവേണ്ടി കേരളത്തെ തുറന്നു കൊടുക്കുന്നതിനുള്ള നമ്മുടെ ബൃഹത്ത് പദ്ധതിയിൽ പടുത്തുയർത്തിയതാണീ ബജറ്റ്. സ്വന്തം വിഭവശേഷിയിലൊതുങ്ങി ജീവിക്കുന്നതോടൊപ്പംതന്നെ കൂടുതൽ ഐശ്വര്യപൂർണ്ണമായ ഒരു ഭാവിയിലേക്ക് മുന്നേറാനുള്ള രൂപരേഖയുമാണിത്. മുന്നേറാനുള്ള പാത ഒട്ടും എളുപ്പമല്ല. എന്നാൽ നമ്മുടെ ജനങ്ങൾ

കഠിനാദ്ധ്വാനം ചെയ്യാനുള്ള കഴിവിന്റെ പിൻബലത്തോടെ വികസനത്തിന് വേണ്ടി അപ്രതിഹതമായ ആഗ്രഹവും വിജയത്തിന് വേണ്ടി അദമ്യമായ ഇച്ഛാശക്തിയും വേണ്ടുവോളം പ്രദർശിപ്പിച്ചുപോന്നിട്ടുണ്ട്. ഈ വസ്തുത തന്നെയാണ് ഈ ഉദ്യമത്തിൽ നമ്മെ ഉത്സാഹഭരിതരാക്കുന്നതും മുന്നോട്ട് നയിക്കുന്നതും.

194. കേരള വികസനത്തിന്റെ വിജയഗാഥ രചിക്കേണ്ടത് നമ്മുടെ ജനങ്ങൾ തന്നെയാണ്. ഇതിന്റെ ആശയാവിഷ്ക്കരണം നടത്തി വികസിപ്പിച്ച് പ്രാവർത്തികമാക്കേണ്ടത് കേരളത്തിലെ പ്രയത്നശാലികളായ ജനങ്ങൾ തന്നെയാണ്. ഒരു കാലത്ത് നമ്മുടെ ഭാവനകൾക്കുപോലുമപ്പുറമെന്ന് തോന്നിയിരുന്നെങ്കിലും ഇപ്പോൾ തീർത്തും നമ്മുടെ കൈയെത്തും ദൂരത്തുള്ള നമ്മുടെ ഉജ്ജ്വലമായ ഭാവി സാക്ഷാൽക്കരിക്കാൻ നമ്മെ സഹായിക്കുന്നത് അവരുടെ സ്വപ്നങ്ങളും അവരുടെ പ്രയത്നങ്ങളും അവരുടെ പ്രതിബദ്ധതയും തന്നെയായിരിക്കും. 2003-04 വികസന വർഷത്തിലെ ബജറ്റ് കേരളത്തിലെ ആബാലവൃദ്ധം ജനങ്ങൾക്കായി ഞാൻ സമർപ്പിക്കുന്നു.

195. മിക്കപ്പോഴും ദുർഘടമായിരുന്ന ഈ യാത്രയിൽ എന്നോടൊപ്പം നിൽക്കുകയും വിലമതിക്കാനാവാത്ത മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുകയും എനിക്കാവേശം പകരുകയും ചെയ്ത ബഹുമാനപ്പെട്ട മുഖ്യമന്ത്രിയ്ക്കും കലവറയില്ലാതെ എന്നോട് സഹകരിച്ച മന്ത്രിസഭയിലെ എന്റെ സഹപ്രവർത്തകർക്കും നിരന്തരം എനിക്ക് പ്രോൽസാഹനമേകിയ ഈ മഹനീയ സഭയിലെ ഓരോ അംഗത്തിനും എന്റെ ആത്മാർത്ഥമായ നന്ദി ഞാൻ രേഖപ്പെടുത്തുന്നു.

196. ഞാനവസാനിപ്പിക്കട്ടെ – സമ്പദ് വ്യവസ്ഥ പുനരുത്ഥാനം ചെയ്തു കഴിഞ്ഞു. ധനസ്ഥിതിയാകട്ടെ ഈ ഗവൺമെന്റ് ഏറ്റെടുത്ത നിലയിൽ നിന്നും ഏറെ മെച്ചപ്പെട്ടിരിക്കുന്നു. ഐശ്വര്യപൂർണ്ണമായ കേരളം കെട്ടിപ്പടുക്കുന്നതിനായി പ്രതീക്ഷാപൂർവ്വം ഒരു മാർഗ്ഗ രേഖ നാം തെളിച്ചു കഴിഞ്ഞിരിക്കുന്നു. ഞാൻ ആത്മാർത്ഥമായി പറയട്ടെ എന്റെ ബജറ്റ് നമ്മെ അവിടേയ്ക്കു നയിക്കാനുള്ള സുധീരമായ ഒരു കാൽവയ്പാണ്.

197. 2003–04 വർഷത്തെ ബജറ്റ് ഞാനീസഭയുടെ സമക്ഷം സമർപ്പിക്കുന്നതോടൊപ്പം 2003 ഏപ്രിൽ മുതൽ 2003 ജൂലായ്‌വരെയുള്ള 2003-04 സാമ്പത്തിക വർഷത്തെ ആദ്യ നാല് മാസത്തേക്കുള്ള വോട്ട് ഓൺ അക്കൗണ്ട് സഭയുടെ അംഗീകാരത്തിനായി അവതരിപ്പിക്കുകയും ചെയ്യുന്നു.

ജയ് ഹിന്ദ്.